JEEVA MOZHIKAL RNI/KERBIL/-2003/21404
August 2011 www.jeevamozhikal.org

Regn No: KL/KTM/608/2009-11
WPP No: KL/CR/KTM/WPP-42/2009-11
Licensed to post without Prepayment

# ആത്മാവിന്റെ ഭക്ഷണം

ജോൺ വെസ്ലി ആദ്യകാലത്തു പള്ളിക്കു പുറത്തു പ്രസംഗിച്ച് ആളുകളെ കർത്താവിലേക്കു നടത്തുന്നതു ശരിയല്ലെന്നാണു വിശ്വസിച്ചിരുന്നത്. എന്നാൽ ബ്രിസ്റ്റളിൽ വച്ച് ജോർജ്ജ് വൈറ്റ് ഫീൽഡിന്റെ കവല പ്രസംഗം അദ്ദേഹം കാണുവാനിടയായി. ആ മാതൃക പിൻതുടരുവാൻ തീരുമാനിക്കുകയും ചെയ്തു.

തുടർന്ന് അനേക വർഷങ്ങൾ അദ്ദേഹം പരസ്യ പ്രസംഗങ്ങൾ നടത്തുകയും അനേകരെ ക്രിസ്തുവിങ്കലേക്ക് ആദായപ്പെടുത്തുകയും ചെയ്തു. 1743 ൽ അദ്ദേഹം പരസ്യ പ്രസംഗങ്ങളിലെ അനുഭവം തന്റെ പത്രികയിൽ ഇങ്ങനെ രേഖപ്പെടുത്തി. "കഴിഞ്ഞ വർഷം പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ എന്റെ കണ്ണുകളുടെ നടുവിൽ ഒരു കല്ലു വന്നു പതിച്ചു. കഴിഞ്ഞ മാസം ഒരാൾ എന്നെ ഇടിച്ചു. കഴിഞ്ഞ സന്ധ്യയ്ക്കു മർദ്ദനമേറ്റു. എന്നാൽ ഇതെല്ലാം തൂവൽകൊണ്ടു തലോടുന്ന പോലെ മാത്രമേ എനിക്കു തോന്നിയുള്ളു."

ഒരിക്കൽ വെസ്ലി പ്രസംഗിക്കുമ്പോൾ സ്വാധീനവും പണവുമുള്ള പലരും ശ്രോതാക്കളുടെ കൂട്ടത്തിലുണ്ടായിരുന്നു. എന്നാൽ വെസ്ലി മുഖം നോക്കാതെ എല്ലാവരും ദൈവദൃഷ്ടിയിൽ പാപികളാണെന്നും നരകശിക്ഷയ്ക്ക് അർഹരാണെന്നും പ്രസംഗിച്ചു.

ശ്രോതാക്കളുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന ഒരു സർക്കാർ ഉദ്യോഗസ്ഥൻ (അദ്ദേഹം ജനങ്ങളുടെ ഭക്ഷണ ആവശ്യങ്ങളുടെ ചുമതല വഹിക്കുന്ന ആളാണ്) പ്രസംഗം കേട്ടു ക്ഷുഭിതനായി.

"നീ എന്തധികാരത്തിലാണ് ഇവിടെ ഇരിക്കുന്ന എല്ലാവർക്കും എതിരേ ഇങ്ങനെ പ്രസംഗിക്കുന്നത്?"

വെസ്ലി ശാന്തമായി മറുപടി നൽകി."കർത്താവായ യേശുക്രിസ്തുവിന്റെ അധികാരം."

"ഓഹോ, നീ ആ അധികാരം ഞങ്ങൾക്കെല്ലാം എതിരേ പ്രയോഗിക്കുകയാണോ!" എന്നെല്ലാം ചോദിച്ച് അയാൾ ബഹളം വയ്ക്കുവാൻ തുടങ്ങി.

ആ സമയത്തു സദസ്സിലുണ്ടായിരുന്ന ഒരു വൃദ്ധ സധൈര്യം എഴുന്നേറ്റ് ഇങ്ങനെ പറഞ്ഞു:" സാർ, ആ മനുഷ്യന്റെ കാര്യം ദയവായി നിങ്ങൾ എനിക്കു വിട്ടു തരിക. ഞാൻ പറയട്ടെ. മിസ്റ്റർ നാഷ, നിങ്ങൾ ഞങ്ങളുടെ ശരീരത്തിന്റെ കാര്യം ശ്രദ്ധിക്കുന്നു. എന്നാൽ ഈ മനുഷ്യൻ ഞങ്ങളുടെ ആത്മാവിന്റെ കാര്യമാണ് ശ്രദ്ധിക്കുന്നത്. ഞങ്ങളെല്ലാം ഞങ്ങൾക്കുവേണ്ട ആത്മീയ ഭക്ഷണം ലഭിക്കാനാണ് ഇവിടെ വന്നിരിക്കുന്നത്. നിങ്ങൾക്ക് അതിൽ താത്പര്യം ഇല്ലെങ്കിൽ പോകാം."

ആ മനുഷ്യൻ പിന്നെ ഒരക്ഷരം പോലും മിണ്ടാതെ സ്ഥലം വിട്ടു. വെസ്ലി തന്റെ പ്രസംഗം തുടർന്നു.

"എങ്കിലും ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല. എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിനു സാക്ഷ്യം പറയേണ്ടതിനു കർത്താവായ യേശു തന്ന ശുശ്രൂഷയും തികയ്ക്കേണം എന്നേ എനിക്കുള്ളു." (പ്രവൃത്തി 20:24)

Printed , Published and owned by T. IPe Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam. Editor-Geoji. T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 9 - ലക്കം 8 ഓഗസ്റ്റ് 2011 Rs. 7.00



**എഡിറ്റോറിയൽ**

# ദൈവഭക്തി: നാം ഏതു പക്ഷത്ത്?



**പി**റ്റേന്ന് ഹൃദയം തുറന്നുള്ള ഒരു ശാസ്ത്രക്രിയയ്ക്കു വിധേയനാകാൻ പോകുന്ന പിഞ്ചുബാലനെ കാണാനും ധൈര്യപ്പെടുത്താനും തലേന്നു വൈകിട്ട്, ശാസ്ത്രക്രിയ നടത്തുന്ന ഡോക്ടർ ആശുപത്രിയിലെ അവന്റെ മുറിയിലെത്തി.

"മോനേ, നാളെ നിന്റെ ഹൃദയം ഞങ്ങൾ ഒന്നു തുറന്നു നോക്കുന്നുണ്ട്-" ഡോക്ടർ ചിരിച്ചുകൊണ്ടു പറഞ്ഞു.

"എങ്കിൽ ഡോക്ടറങ്കിൾ, നിങ്ങൾ അവിടെ ജീസസിന്റെ മുഖം കാണും." കുട്ടിയുടെ നിഷ്കളങ്കമായ മറുപടി. യേശുവിനെ ഹൃദയത്തിൽ സ്വീകരിച്ചിരുന്ന കുഞ്ഞ് ധരിച്ചത് യേശു അക്ഷരാർത്ഥത്തിൽ തന്നെ അവിടെ ഇരിപ്പുണ്ടെന്നാണ്.

ഹൃദയത്തോടു ചേർന്ന് ഒരിടം. വളരെ അടുത്ത ഒരു ബന്ധം- ദൈവം അതാണു നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത്. "നിന്നോട് വികാരാർദ്രവും ഉൽക്കടവുമായ ഒരു ബന്ധം ആഗ്രഹിക്കുന്ന ദൈവമാണ് അവിടുന്ന്" – (പുറപ്പാട് 34: 14 NLT )

നമ്മിൽ നിന്ന് തിരിച്ചും ഈ ഊഷ്മളമായ ബന്ധമാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. "യഹോവയിൽ തന്നേ രസിച്ചു കൊൾക" (സങ്കീ. 37:4)."ആരെങ്കിലും പ്രശംസിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അവൻ എന്നെ അറിയുന്നു, മനസ്സിലാക്കുന്നു എന്നതിൽ പ്രശംസിക്കട്ടെ........ ഇതാണ് എന്നെ പ്രസാദിപ്പിക്കുന്ന കാര്യം" (യിരെമ്യാവ് 9: 24)

അന്യോന്യമുള്ള ഈ ബന്ധത്തിൽ ഒരു ലാളിത്യമുണ്ട്, നൈർമല്യമുണ്ട്. ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്ന ഭക്തിയുടെ ലക്ഷണവും ഇതുതന്നെ. പൗലോസ് യഥാർത്ഥ ദൈവഭക്തിയെ ഇങ്ങനെ വിവരിക്കുന്നു. – Simple, pure devotion. ലളിതവും നിർമലവുമായ ഭക്തി. (2 കൊരിന്ത്യർ 11: 3 NASB)

മലയാളം ബൈബിളിൽ 'ദൈവഭക്തി' യെന്ന് ഉപയോഗിച്ചിരിക്കുന്ന പദത്തിന് ഇംഗ്ലീഷ് ബൈബിളിൽ രണ്ട് വ്യത്യസ്ത പ്രയോഗങ്ങൾ കാണാം- ദൈവഭയവും (fear of God) ഭക്തിയും (Devotion) ആണത്. പഴയ നിയമത്തിൽ പൊതുവേ ദൈവത്തോടുള്ള മനുഷ്യരുടെ ബന്ധം ഭയത്തിൽ അധിഷ്ഠിതമായിരുന്നു. 'നിന്റെ ദൈവമായ യഹോവയെ നീ പൂർണ ഹൃദയത്തോടും പൂർണ മനസ്സോടും പൂർണ ശക്തിയോടും കൂടെ സ്നേഹിക്കണം' എന്നു പഴയ നിയമത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും (ആവർത്തനം 6:5, 10:12, 30:6 ) ആ കാലഘട്ടത്തിൽ ദൈവത്തോട് അടുത്തുവന്ന ആരിലും മുന്നിട്ടു നിന്ന വികാരം ഭയമായിരുന്നു. എന്നാൽ പുതിയ നിയമത്തിലേക്കു വരുമ്പോൾ അവിടെ ദൈവഭയം ഉണ്ടെങ്കിൽ തന്നെ ദൈവത്തോടുള്ള സ്നേഹത്തിനാണു മുൻതൂക്കം. യഥാർത്ഥ ദൈവത്തോടുള്ള ആരോഗ്യകരമായ ഭയവും സ്നേഹവും രണ്ടും അന്തർലീനമായിട്ടുണ്ടെന്നു കാണാം.

ഇങ്ങനെ പറയുമ്പോൾ ഇവിടെ ന്യായമായും ഒരു സംശയം വരാം. ഭയവും സ്നേഹവും ഒന്നിച്ചു സ്ഥിതി ചെയ്യുന്നതെങ്ങനെ? ഭയമുള്ളിടത്തു സ്നേഹമില്ല. സ്നേഹമുള്ളിടത്തു ഭയത്തിനു സ്ഥാനവുമില്ല. 'തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുന്നു' (1 യോഗ. 4: 18) എന്നാണല്ലോ. അങ്ങനെയെങ്കിൽ ഭക്തിയിൽ, ഭയവും സ്നേഹവും സഹവസിക്കുന്നതെങ്ങനെ?

ഒരു ഉദാഹരണം ഇങ്ങനെ പറയാം. അഞ്ചു വയസ്സുള്ള മകൾ ഡാഡിയോടൊപ്പം ഓടിക്കളിക്കുകയാണ്. ഡാഡിയെ ഓടി വന്നു തൊട്ടിട്ട് 'എന്നെ പിടിക്കാമോ?' എന്നു ചോദിച്ച് കുഞ്ഞ് മുൻപിലോടുകയാണ്. ഡാഡി, 'ശരി, ഞാനിപ്പം പിടിക്കും' എന്നുപറഞ്ഞു കുഞ്ഞിന്റെ പിറകെ ഓടി വരുന്നു. കുഞ്ഞിപ്പോൾ, തിരിഞ്ഞു നോക്കുന്നില്ലെങ്കിലും, ഡാഡി തന്റെ തൊട്ടു പിന്നിൽ ഉണ്ടെന്ന് അവൾക്കറിയാം. താൻ എത്ര വേഗത്തിൽ ഓടിയാലും കരുത്തനായ ഡാഡി തന്നെ പിടികൂടും. ഡാഡിയുടെ കനത്ത കാലടി ശബ്ദം തൊട്ടു പുറകിൽ കേൾക്കുമ്പോൾ 'അയ്യോ, എന്നെ പിടിക്കുമോ?' എന്നുള്ള പേടി കുഞ്ഞിനുണ്ട്. എന്നാൽ അതേ സമയം ഇതു തന്റെ ഡാഡിയാണ്. തന്നെ പിടിച്ചാലെന്താണ്? പിടിച്ചാൽ തന്നെ വാരി മാറോടണയ്ക്കും എന്ന ഉറപ്പ് അവൾക്കുണ്ട്. അവൾ സ്നേഹിക്കുന്ന അവളുടെ ഡാഡിയാണത്. ഒരു നിമിഷം. ഡാഡി അവളെ പിടികൂടിക്കഴിഞ്ഞു. ഭയവും സ്നേഹവും ഒന്നിച്ച നിമിഷം.

ദൈവം സ്നേഹിക്കുന്ന അവിടുത്തെ മക്കളാണു നാം. ദൈവത്തിന്റെ വലിപ്പത്തിനും സർവ്വശക്തിക്കും സർവ്വജ്ഞതയ്ക്കും മുൻപിൽ നാം ഒന്നുമില്ല. നമ്മെക്കാൾ അനേകായിരും മടങ്ങ് വലിയ ആ വ്യക്തി സാന്നിധ്യം (Entity) നമ്മിൽ ഒരു ഭയം (reverential fear) നിറയ്ക്കുന്നുണ്ട്. ഓടിവരുന്ന പിതാവിന്റെ കാലടി ശബ്ദം തൊട്ടു പിന്നിൽ കേട്ട കുഞ്ഞിനെപ്പോലെ നാം നടുങ്ങുന്നു. ഒപ്പം അവിടുന്ന് നമ്മെ സ്നേഹിക്കുന്ന പിതാവാണെന്ന ഉറപ്പു നൽകുന്ന സുരക്ഷിതത്വബോധവും ലാഘവത്വവും നമുക്കുണ്ട്. അതാ, അവിടുന്ന് നമ്മെ പിടികൂടിക്കഴിഞ്ഞു. ആ ബലിഷ്ഠമായ കരങ്ങൾ നമ്മെ വാരിയെടുത്തു മാറോടണയ്ക്കുകയാണ്. ഭയവും സ്നേഹവും ഒന്നിച്ച നിമിഷം.

ഭയത്തിനും സ്നേഹത്തിനും ഒന്നിച്ച് ഒരേ സ്ഥലത്തു സഹവസിക്കാനാവില്ലെന്ന് ആരാ പറഞ്ഞത്?

ഉവ്വ്, ദൈവഭക്തിയിൽ ദൈവസാന്നിധ്യബോധത്തിന്റെ അത്ഭുതാദരങ്ങൾ നൽകുന്ന ഒരു ഭയം (awesome wonder) ഉണ്ട്. ഒപ്പം സ്നേഹത്തിന്റെ ഊഷ്മളതയും ലാളിത്യവും ഉണ്ട്. പുതിയ ഉടമ്പടിയിൽ യേശുവിലൂടെയാണു നമുക്കിതു ലഭ്യമായത്. "നമുക്കിപ്പോൾ ദൈവത്തോടുള്ള നമ്മുടെ അത്ഭുതകരമായ പുതിയ ബന്ധത്തിൽ ആഹ്ലാദിക്കാം- നമ്മെ ദൈവത്തിന്റെ സ്നേഹിതരാക്കിയതിലൂടെ നമ്മുടെ കർത്താവായ യേശു ക്രിസ്തുവാണു നമുക്കിതു സാധിച്ചു തന്നത്" (റോമർ 5:11 NLT). ദൈവഭക്തി ആസ്വാ

(ശേഷം പേജ് 34 ൽ)

# ഭക്തന്മാർ ഇല്ലാതെ പോകുന്നു

"**ക**ർത്താവേ രക്ഷിക്കേണമേ! ഭക്തന്മാർ ഇല്ലാതെ പോകുന്നു; വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരിൽ കുറഞ്ഞുപോയിരിക്കുന്നു. ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനോടു വ്യാജം സംസാരിക്കുന്നു (സങ്കീ 12:1)

മുകളിലത്തെ വാക്യത്തിൽ വിവരിച്ചിട്ടുള്ള സംഗതികൾ ഇന്നത്തെ ക്രിസ്ത്യാനിത്വത്തിന്റെ ഉചിതമായ വിവരണമാണ്. ഒരിക്കൽ ദൈവഭക്തിയെ പിന്തുടർന്ന വിശ്വാസികൾ പോലും വഞ്ചനയ്ക്കും മുഖസ്തുതിക്കും വ്യാജത്തിനും വഴങ്ങി തങ്ങളുടെ സ്വന്തലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുന്നതാണ് നാം ഈയിടെയായി കാണുന്നത്.

നമ്മിൽ ഓരോരുത്തനിൽ നിന്നും ദൈവം അന്വേഷിക്കുന്നത് ആത്മാർത്ഥതയാണ്. നമുക്ക് ആയിരത്തൊന്ന് അപൂർണ്ണതകൾ ഉണ്ടായിരിക്കും. അത്രയും തെറ്റുകളും ചെയ്തിരിക്കാം. എന്നാൽ നാം സത്യസന്ധതയുള്ളവരാണെങ്കിൽ ദൈവത്തിന് നമ്മുടെ ജീവിതത്തിൽ അത്ഭുതങ്ങൾ ചെയ്യുവാൻ കഴിയും.

യേശു പരീശന്മാരെ ഒരു ചോദ്യം ചോദിച്ച് ശാസിക്കുന്നത് ശ്രദ്ധിക്കുക.



നാം അവസാനനാളുകളുടെ അവസാന മണിക്കൂറിന്റെ അവസാനനിമിഷങ്ങളിലേക്ക് വന്നിരിക്കുകയാണ് പൗലോസ് പറഞ്ഞതുപോലെ ഒരു ക്രിസ്ത്യാനിയായി ജീവിക്കാൻ പ്രയാസമുള്ള സമയത്തേക്ക് നാം വന്നിരിക്കുന്നു.

> എല്ലാ അന്ധാരാധനക്കൂട്ടങ്ങൾക്കും ബൈബിൾ അവരുടെ മുഖ്യപുസ്തകമായിട്ടുള്ളപ്പോൾ തന്നെ അവരുടെ വിചിത്രമായ ഉപദേശങ്ങൾ പ്രോത്സാഹിപ്പിക്കന്നതിനായി അവരുടേതായ പ്രമാണപുസ്തകം ഉണ്ടായിരിക്കും. ഇതുകൊണ്ടാണ് ഇത്രയധികം അന്ധാരാധനക്കൂട്ടങ്ങൾ ഈ ശതാബ്ദത്തിൽ ലോകത്തിലെവിടെയും മുളച്ചു പൊങ്ങുകയും അവ ധാരാളം പേർക്ക് സ്വീകാര്യമാവുകയും ചെയ്തിരിക്കുന്നത്. വിശ്വാസികൾ പോലും അതിനാൽ വഴിതെറ്റി തങ്ങളുടെ രക്ഷ നഷ്ടപ്പെടുത്തുന്നു.

നിങ്ങൾക്ക് ആകാശത്തിലെ ലക്ഷണങ്ങളെ വ്യവഛേദിക്കാനറിയാം. എന്നാൽ കാലത്തിന്റെ അടയാളങ്ങളെ വിവേചിക്കാൻ കഴിയുകയില്ലേ? (മത്തായി 16:3)

നാം ജീവിക്കുന്ന കാലത്തിന്റെ അടയാളങ്ങൾ വായിക്കുവാൻ നമുക്കു കഴിയുന്നില്ലെങ്കിൽ യേശുവിന് പരീശന്മാരെ ശാസിച്ച അതേ രീതിയിൽകർത്താവ് നമ്മെയും ശാസിക്കേണ്ടതായി വരും.

ആളുകൾക്ക് വേദപുസ്തകം അറിയാം. എന്നാൽ അവർ ദൈവത്തെ അറിയാതിരിക്കുന്നു. അങ്ങനെ വരുമ്പോൾ അവർ അനായാസം വഞ്ചിക്കപ്പെടാം. എല്ലാ അന്ധാരാധനക്കൂട്ടങ്ങൾക്കും (Cult) ബൈബിൾ അവരുടെ മുഖ്യപുസ്തകമായിട്ടുള്ളപ്പോൾ തന്നെ അവരുടെ വിചിത്രമായ ഉപദേശങ്ങൾ പ്രോത്സാഹിപ്പിക്കന്നതിനായി അവരുടേതായ പ്രമാണപുസ്തകം ഉണ്ടായിരിക്കും. ഇതുകൊണ്ടാണ് ഇത്രയധികം അന്ധാരാധനക്കൂട്ടങ്ങൾ ഈ ശതാബ്ദത്തിൽ ലോകത്തിലെവിടെയും മുളച്ചു പൊങ്ങുകയും അവ ധാരാളം പേർക്ക് സ്വീകാര്യമാവുകയും ചെയ്തിരിക്കുന്നത്. വിശ്വാസികൾ പോലും അതിനാൽ വഴിതെറ്റി തങ്ങളുടെ രക്ഷനഷ്ടപ്പെടുത്തുന്നു.

ദൈവത്തിന്റെ മക്കളോരോരുത്തരും വ്യക്തിപരമായി തന്നെ അറിയണം എന്നാണ് (എബ്രā8:11) പുതിയ ഉടമ്പടിയുടെ കീഴിൽ ദൈവം ആഗ്രഹിക്കുന്നത്. പഴയനിയമത്തിൽ വിരളമായി പ്രത്യക്ഷപ്പെടുന്ന പ്രവാചകന്മാർ മാത്രമാണ് ദൈവത്തെ വ്യക്തിപരമായി അറിഞ്ഞിരുന്നത്. വാസ്തവത്തിൽ പുതിയനിയമദൈവമക്കൾക്ക് മെച്ചപ്പെട്ടനിലയിൽ വ്യക്തിപരമായി ദൈവത്തെ അറിയുവാൻ ഏറ്റവും മഹാനായ പഴയനിയമപ്രവാചകനെക്കാൾ സാധ്യതയുണ്ട്: യേശു ഇതു വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട് (മത്താ 11:11)

വളരെക്കുറച്ചു വിശ്വാസികൾക്കു മാത്രമേ ദൈവത്തെ അറിയുവാനുള്ള തീവ്രമായ ആഗ്രഹമുള്ളൂ. അധികപങ്കു വിശ്വാസികളും ബൈബിൾ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും വൈകാരിക അനുഭവങ്ങൾ ലഭിക്കുന്നതിനുമാണ് താത്പര്യപ്പെടുന്നത്.

നാം അവസാനനാളുകളുടെ അവസാന മണിക്കൂറിന്റെ അവസാനനിമിഷങ്ങളിലേക്ക് വന്നിരിക്കുകയാണ്. പൗലോസ് പറഞ്ഞതുപോലെ ഒരു ക്രിസ്ത്യാനിയായി ജീവിക്കാൻ പ്രയാസമുള്ള സമയത്തേക്ക് (1 തിമോ3:1) നാം വന്നിരിക്കുന്നു.

അവസാനനാളുകളിൽ ക്രിസ്ത്യാനി ആയിരിക്കുന്നത് പ്രയാസമുള്ള കാര്യമാകുന്നത് എന്തുകൊണ്ടാണ്? പീഡനങ്ങൾ കൊണ്ടോ പ്രതികൂലങ്ങൾ കൊണ്ടോ അല്ല, മറിച്ച് അനേകക്രിസ്ത്യാനികൾക്കും ദൈവഭക്തിയുടെ ആന്തരികശക്തിയില്ലാതെ ഒരു വേഷം മാത്രം (2തിമോ3:5) ഉള്ളതുകൊണ്ടാണ്. മറ്റുവാക്കുകളിൽ പറഞ്ഞാൽ അവർ പുതിയനിയമ മാതൃകപ്രകാരമുള്ള ഭക്തി, അല്ലെങ്കിൽ പ്രായോഗികമായ





ദൈവഭക്തിക്ക് താത്പര്യമില്ലാത്തവരായിത്തീർന്നിരിക്കുന്നു.

മുൻകാലങ്ങളിൽ ചത്ത സമുദായങ്ങൾ വിട്ടുവന്ന നമ്മിൽ അധികം പേരും അവ വിട്ടത് ആത്മീയയാഥാർത്ഥ്യത്തിന്റെ അന്വേഷണത്തിൽ ആയിരുന്നു. നമ്മുടെ അന്വേഷണം ആരംഭിച്ചത് ഗൗരവമായിട്ടായിരിക്കാം. എന്നാൽ സാത്താൻ സമർത്ഥമായി വിശ്വാസികളെ യേശുവിന്റെ കാലത്തെ പരീശന്മാരെയെന്നപോലെ അന്ധാരാധനക്കാരായി മാറ്റിയിരിക്കുന്നു

പഴയനിയമത്തിൽ യിസ്രായേലിന്റെ ചരിത്രം ഇത്രയധികം നീട്ടിപ്പറഞ്ഞിരിക്കുന്നത് നമ്മെ ചില പ്രധാനപ്പെട്ട പാഠങ്ങൾ പഠിപ്പിക്കുവാനാണ്. ആ ചരിത്രത്തിൽ നിന്നും ചിലർ ദൈവത്തെ പ്രസാദിപ്പിച്ച വഴിയും പലരും അവിടുത്തേക്ക് പ്രസാദമില്ലാത്തതു ചെയ്ത വഴിയും ജ്ഞാനിയായ ഒരു മനുഷ്യൻ പഠിക്കും.

യിരെമ്യാവ് 3 : 14,15 വാക്യങ്ങളിൽ യിഹോവ വാഗ്ദാനം ചെയ്തു പറയുന്നത്: ഞാൻ നിങ്ങളെ പട്ടണത്തിൽ ഒരുത്തനെയും വംശത്തിൽ രണ്ടുപേരെയും വീതം എടുത്തു സീയോനിലേക്കു കൊണ്ടുവരും. ഞാൻ നിങ്ങൾക്ക് എന്റെ മനസ്സിനൊത്ത ഇടയന്മാരെ നല്കും. അവർ നിങ്ങളെ ജ്ഞാനത്തോടും ബുദ്ധിയോടും കൂടെ മേയിക്കും.

സീയോൻ പ്രതിനിധീകരിക്കുന്നത് ജീവനുള്ള ദൈവത്തിന്റെ സത്യസഭയെയാണ്. ദൈവം പട്ടണത്തിൽ നിന്നും ഒരുത്തനെയും ഒരു കുടുംബത്തിൽ നിന്നും രണ്ടുപേരെയും അവിടുത്തെ സീയോനിലേക്കു കൊണ്ടുവരും. ഈ സീയോനിൽ കർത്താവു പണിയുന്ന സഭയിലേക്കു നാം വരുമ്പോൾ അവിടുന്നു നമുക്ക് കർത്താവിന്റെ ഹൃദയപ്രകാരമുള്ളവരും ദൈവത്തെപ്പറ്റിയുള്ള പരിജ്ഞാനത്താൽ

> മുൻകാലങ്ങളിൽ ചത്ത സമുദായങ്ങൾ വിട്ടുവന്ന നമ്മിൽ അധികം പേരും അവ വിട്ടത് ആത്മീയയാഥാർത്ഥ്യത്തിന്റെ അന്വേഷണത്തിൽ ആയിരുന്നു. നമ്മുടെ അന്വേഷണം ആരംഭിച്ചത് ഗൗരവമായിട്ടായിരിക്കാം. എന്നാൽ സാത്താൻ സമർത്ഥമായി വിശ്വാസികളെ യേശുവിന്റെ കാലത്തെ പരീശന്മാരെയെന്നപോലെ അന്ധാരാധനക്കാരായി മാറ്റിയിരിക്കുന്നു.

(ബൈബിൾജ്ഞാനം മാത്രമല്ല) മേയിക്കുന്നവരും അവിടുത്തെ വഴികളെ മനസ്സിലാക്കുന്നവരും (ഉപദേശങ്ങൾ മാത്രമല്ല) ആയ ഇടയന്മാരെ തരും.

ഒരു യഥാർത്ഥദൈവസഭയുടെ പ്രാഥമികയായ ലക്ഷണം ഇതാണ്. അവിടെ ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ഇടയന്മാർ ഉണ്ടായിരിക്കും.

ദൈവം സ്നേഹമാണ്. സ്നേഹത്തിന്റെ ഒന്നാമത്തെ സ്വഭാവം അത് സ്വാർത്ഥം അന്വേഷിക്കുന്നില്ല എന്നതാണ്. അതുകൊണ്ട് ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ഇടയന്മാരും സ്വന്തകാര്യം അന്വേഷിക്കാത്തവരാണ്. ഇത്തരം ഇടയന്മാർ ആരുടെയും പണമോ ബഹുമാനമോ അന്വേഷിക്കാറില്ല. അവർ മനുഷ്യരെ പ്രസാദിപ്പിക്കാനോ മതിപ്പുളവാക്കുവാനോ ശ്രമിക്കാറില്ല. പകരം അവർ വിശ്വാസികളെ വേണ്ടവണ്ണം പണിത് 'ക്രിസ്തുവിൽ പൂർണ്ണരാക്കി നിർത്തും' (കൊലോ 1:28). എവിടെ ദൈവത്തിന് ഈ ആഗ്രഹമുള്ള ഒരു മനുഷ്യനെ കാണാൻ കഴി

തങ്ങൾ ആയിരുന്ന സാമുദായികസഭകളെ വിട്ട് പുതിയനിയമമാതൃകയിലുള്ള സഭയിലേക്കുവന്നിട്ടുള്ള അനേകവിശ്വാസികളെ നാം കണ്ടുകഴിഞ്ഞു. അവരുടെ ഉപദേശങ്ങൾ എല്ലാം ശരിയായിരിക്കും. എന്നാൽ അവർ പണത്തെ സ്നേഹിക്കുന്നവരും സ്വാർത്ഥം അന്വേഷിക്കുന്നവരുമാണ് .എന്നിട്ടും തങ്ങൾ ക്രിസ്തുവിന്റെ ശരീരം പണിയുകയാണെന്ന് അവർ അഭിമാനിക്കുന്നു. എപ്പോഴും അവരുടെ വേലയുടെ ഫലം ആശയക്കുഴപ്പവും പ്രശ്നങ്ങളും ആയിരിക്കും. അവസാനമായി പറഞ്ഞാൽ അവരുടെ വേലയിൽ പണിയപ്പെടുന്നത് എപ്പോഴും 'ബാബിലോൺ' ആയിരിക്കും.

യുമോ (ലോകത്തിലെ ഏതെങ്കിലും പട്ടണത്തിലോ ഗ്രാമത്തിലോ) അവിടെയെല്ലാം അവിടുന്നു തന്റെ സഭ പണിയും.

മറുവശത്ത് തങ്ങൾ ആയിരുന്ന സാമുദായികസഭകളെ വിട്ട് പുതിയനിയമമാതൃകയിലുള്ള സഭയിലേക്കുവന്നിട്ടുള്ള അനേകവിശ്വാസികളെ നാം കണ്ടുകഴിഞ്ഞു. അവരുടെ ഉപദേശങ്ങൾ എല്ലാം ശരിയായിരിക്കും.എന്നാൽ അവർ പണത്തെ സ്നേഹിക്കുന്നവരും സ്വാർത്ഥം അന്വേഷിക്കുന്നവരുമാണ് എന്നിട്ടും തങ്ങൾ ക്രിസ്തുവിന്റെ ശരീരം പണിയുകയാണെന്ന് അവർ അഭിമാനിക്കുന്നു. എപ്പോഴും അവരുടെ വേലയുടെ ഫലം ആശയക്കുഴപ്പവും പ്രശ്നങ്ങളും ആയിരിക്കും. അവസാനമായി പറഞ്ഞാൽ അവരുടെ വേലയിൽ പണിയപ്പെടുന്നത് എപ്പോഴും 'ബാബിലോൺ' ആയിരിക്കും.

സ്വാർത്ഥം അന്വേഷിക്കാത്ത ഒരുവനെ ദൈവത്തിനു കാണുവാൻ കഴിയുമ്പോൾ മാത്രമേ കർത്താവിന് അവിടുത്തെ സത്യസഭ പണിയുവാൻ കഴിയുകയുള്ളൂ. അത്തരം ഒരു മനുഷ്യൻ (മനുഷ്യരെപ്പറ്റിയുള്ള ദൈവത്തിന്റെ താത്പര്യങ്ങൾ പങ്കുവെയ്ക്കുന്ന ഒരുവൻ) സ്വാർത്ഥം അന്വേഷിക്കുന്ന ആയിരം വിശ്വാസികളെക്കാൾ ദൈവത്തിനു കൂടുതൽ വിലപ്പെട്ടവനാണ്.

ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ഇടയൻ ആയിരിക്കുക എന്നത് ത്യാഗവും അസൗകര്യങ്ങളും കഷ്ടപ്പാടുകളും ഉൾപ്പെട്ടതാണ്. തെറ്റിദ്ധാരണകൾ, എതിർപ്പുകൾ, അവഹേളനങ്ങൾ, അപഖ്യാതി എന്നിവ സന്തോഷപൂർവ്വം സഹിക്കാൻ മനസ്സുള്ളവനായിരിക്കുമെന്നാണ് ഇത് അർത്ഥമാക്കുന്നത്. അത്തരം ഒരു ഇടയൻ സ്വാർത്ഥം അന്വേഷിക്കാത്ത ഒരു ഭാര്യയെ ലഭിക്കുവാൻ തക്കവണ്ണം അനുഗ്രഹിക്കപ്പെട്ടാൽ അവരുടെ ഭവനം കർത്താവിനിഷ്ടമായതൊക്കെ ചെയ്യാനായി തുറക്കപ്പെടും. അവരുടെ ജീവിതത്തിൽ കൂടി ദൈവത്തിനു ചെയ്യാവുന്നതിന് അതിരുകളുണ്ടാവില്ല.

ഞാനിപ്പോൾ സംസാരിക്കുന്നത് വളരെ ആളുകളെ കൂട്ടുന്നതിനെപ്പറ്റിയല്ല. എണ്ണം ദൈവത്തിന്റെ അനുഗ്രഹത്തിന്റെ അടയാളമല്ല. അറിയപ്പെടുന്ന അനേകം അന്ധാരാധനക്കൂട്ടങ്ങളും ഒട്ടേറെ ആളുകളെ കൂട്ടുന്നവരാണ്. ആളുകളുടെ എണ്ണംകൊണ്ടൊന്നും അർത്ഥമില്ല.

ഞാൻ പറയുന്നത് ഗുണനിലവാരത്തെപ്പറ്റിയാണ്. ക്രിസ്തുവിന്റെ ശരീരത്തിന്റെ പണിയിൽ ഓരോ അംഗങ്ങളും വ്യക്തിപരമായി ദൈവത്തെ അറിയുന്നതിനെപ്പറ്റിയാണ്.

അത്തരം പുരോഗതി ഇല്ലെങ്കിൽ ഏതുകൂട്ടവും ഒരു അന്ധൻ അനേക അന്ധന്മാരെ നയിക്കുന്നതുപോലെയായിരിക്കും.അവർ ചെന്നുവീഴുന്നത് ഒരു കുഴിയിലായിരിക്കും. അവരുടെ ബൈബിൾ പഠനം 'കുഴിയിലായിരിക്കും'. അവരുടെ കോൺഫറൻസു





കളും 'കുഴിയിലായിരിക്കും'.!!

യേശുവിന്റെ സമയത്ത് അവിടുന്ന് ചുറ്റും നോക്കിയപ്പോൾ കണ്ടത് ആളുകൾ ഇടയനില്ലാത്ത ആടുകളെപ്പോലെയാണെന്നാണ് ഇന്നും അതുപോലെ തന്നെയാണ്.

എല്ലായിടത്തെയും ഏറ്റവും വലിയ ആവശ്യം ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ഇടയന്മാരെയാണ്. ഇവിടെ ഞാൻ ഉദ്ദേശിക്കുന്നത് സഭയിൽ വെറും ഒരു മൂപ്പനായിരിക്കുന്ന കാര്യമല്ല. ഒരു വലിയ സഭയ്ക്ക് അനേക ഇടയന്മാരെ ആവശ്യമുണ്ട്. ദൈവജനങ്ങളെപ്പറ്റി കരുതലുള്ള, ഹൃദയമുള്ളവർ. അത്തരം ആളുകൾ, ഒരുപക്ഷേ മൂപ്പന്മാർ ആയിരിക്കുക പോലുമില്ല. എന്നാൽ അവർ ആടുകളെ മേയിക്കയും ഉത്സാഹിപ്പിക്കുകയും ചെയ്യും. സന്തോഷത്തോടെ അവരെ സേവിക്കും.

നേരത്തെ പറഞ്ഞതുപോലെ യിസ്രയേലിന്റെ ചരിത്രം ഇത്രയധികം വിസ്തരിച്ച് ബൈബിളിൽ പറഞ്ഞിരിക്കുന്നത് അവരുടെ ചരിത്രത്തിലെ നല്ല ഉദാഹരണങ്ങൾ നമ്മൾ പിന്തുടരുവാനും അവർക്കു സംഭവിച്ച തെറ്റുകൾ നാം ഒഴിവാക്കുവാനും വേണ്ടിയാണ്.

ഒരു രാജ്യമെന്ന നിലയിൽ യിസ്രയേലിന്റെ ചരിത്രത്തിൽ രണ്ടു അർത്ഥപൂർണ്ണമായ ആരംഭങ്ങൾ ഉണ്ട്.

ഒന്നാമത്തേത് യോശുവായുടെ നേതൃത്വത്തിൽ കനാനിൽ ഒരു രാജ്യമായി തുടങ്ങിയതാണ്.

രണ്ടാമത്തേത് ശതാബ്ദങ്ങളായുള്ള പിന്മാറ്റത്തിനു ശേഷം ദാവീദു രാജാവിന്റെ കീഴിൽ പുതുതായി ഒരു തുടക്കം കുറിച്ചതാണ്.

ഈ രണ്ടു കാര്യങ്ങളെപ്പറ്റിയും നമുക്ക് ചിന്തിക്കാം.

യിസ്രയേലിനു വിശിഷ്ടമായ നേതൃത്വം നൽകിയ ദൈവഭക്തനായ

ആളുകളുടെ എണ്ണംകൊണ്ടൊന്നും അർത്ഥമില്ല. ഞാൻ പറയുന്നത് ഗുണനിലവാരത്തെപ്പറ്റിയാണ്. ക്രിസ്തുവിന്റെ ശരീരത്തിന്റെ പണിയിൽ ഓരോ അംഗങ്ങളും വ്യക്തിപരമായി ദൈവത്തെ അറിയുന്നതിനെപ്പറ്റിയാണ്. അത്തരം പുരോഗതി ഇല്ലെങ്കിൽ ഏതുകൂട്ടവും ഒരു അന്ധൻ അനേക അന്ധന്മാരെ നയിക്കുന്നതുപോലെയായിരിക്കും.അവർ ചെന്നുവീഴുന്നത് ഒരു കുഴിയിലായിരിക്കും.

ഒരു മനുഷ്യനായിരുന്നു യോശുവ. യിസ്രയേൽ ദൈവത്തെ തള്ളിക്കളയാൻ തീരുമാനിച്ചപ്പോഴും യോശുവയും അവന്റെ കുടുംബവും യഹോവയെ സേവിക്കുവാൻ തീരുമാനം എടുത്തിരുന്നു (യേശു. 24:15).

അത്യാവശ്യം വന്നാൽ ദൈവത്തിനു വേണ്ടി തനിയേ നില്ക്കുവാൻ പോലും മനസ്സുള്ള ഒരു വ്യക്തിക്കു മാത്രമേ ദൈവഭക്തിയുള്ള ഒരു നേതൃത്വം ഏതു സഭയ്ക്കും കൊടുക്കുവാൻ കഴിയുകയുള്ളൂ. യോശുവയുടെ ജീവിതകാലത്ത് യിസ്രയേൽ ഒരു വിജയത്തിൽ നിന്നു മറ്റൊരു വിജയത്തിലേക്ക് മുന്നേറിക്കൊണ്ടിരുന്നു.

എന്നാൽ ഒടുവിൽ യോശുവ മരിച്ചു.

ദൈവം ഒരു പ്രത്യേകസമയത്ത് ,ഒരു പ്രത്യേക ഉദ്ദേശ്യത്തോടെ ,ഒരു പ്രത്യേകരാജ്യത്ത് ഉയർത്തിയ ഒരു മനുഷ്യൻ അവന്റെ ഭൂമിയിലെ വേല തികച്ച് പോയശേഷം എന്താണ് സംഭവിക്കുന്നതെന്ന് യോശുവയുടെ മരണശേഷം സംഭവിച്ചതിൽ നിന്നുമനസ്സിലാക്കുവാൻ കഴിയും.

ശൗലിന് എന്നിട്ടും തന്റെ മുമ്പിൽ വാലാട്ടുന്ന ഒരു അനുയായി വൃന്ദം ഉണ്ടായിരുന്നു-പല ക്രിസ്തീയ നേതാക്കൾക്കും അവരുടെ സ്വന്തം കൂട്ടത്തിൽ ഉള്ളതുപോലെ. അത്തരം അനുയായിവൃന്ദം ഒന്നിനും കൊള്ളാത്തവരാണ്. അനേകം ചത്ത സമുദായങ്ങൾക്കും ജാതീയ, മത,നേതാക്കൾക്കും വലിയ അനുയായി വൃന്ദം ഉണ്ട്. എന്നാൽ ദൈവം അവരുടെ ആരുടെയും കൂടെ ഉണ്ടായിരിക്കുകയില്ല.

യോശുവയുടെ കൂട്ടുമൂപ്പന്മാർ യിസ്രയേലിന്റെ നേതൃത്വം ഏറ്റെടുത്തു (യോശു 24:31). ഈ മൂപ്പന്മാർ യോശുവയ്ക്ക് ശേഷമുള്ള രണ്ടാം തലമുറയാണ്. പുതിയ നേതാക്കന്മാർ അറുപതുകളിലും എഴുപതുകളിലുമുള്ളവരായിരിക്കുന്നു. യോശുവയുടെ സ്വന്തം തലമുറ, കാലേബൊഴികെ, മരുഭൂമിയിൽ 40 വർഷത്തെ സഞ്ചാരത്തിനിടയിൽ മരിച്ചുപോയിരുന്നു.

രണ്ടാം തലമുറ നേതൃത്വത്തിലായിരുന്ന കാലത്ത് കാര്യങ്ങൾ യോശുവയുടെ കാലത്തെപ്പോലെ നന്നായിരുന്നില്ല. നാം ന്യായാധിപന്മാർ ഒന്നാം അദ്ധ്യായത്തിൽ വായിക്കുന്നത് ഈ കാലത്ത് വിജയങ്ങൾ വളരെക്കുറവും (വാക്യം 21) തോല്വികൾ വളരെ അധികവുമായിരുന്നു (വാക്യം 22-36)എന്നാണ്. താഴേക്കുള്ള ഒരു പതനം മെല്ലെ ആരംഭിച്ചുകഴിഞ്ഞിരുന്നു.

രണ്ടാമത്തെ തലമുറയ്ക്ക് മുമ്പോട്ടു പോകാനുള്ള ശക്തി അവരിൽത്തന്നെ ഇല്ലായിരുന്നു. പഴയ തലമുറയിലെ യോശുവ നല്കിയ ഊർജത്തിലാണ് മുമ്പോട്ടുപോയിരുന്നത്.

ഒരു എൻജിൻ തള്ളിക്കൊണ്ടുപോകുന്ന ട്രെയിൻ വാഗൺ പോലെ രണ്ടാമത്തെ തലമുറ ആദ്യം വളരെ വേഗത്തിൽ നീങ്ങിയെങ്കിലും കാലക്രമേണ വേഗം കുറയുകയും അവസാനം നിന്നുപോകുകയും ചെയ്തു.

ന്യായാധിപന്മാർ 2:11ലേക്കു നാം വരുമ്പോൾ കാര്യങ്ങൾ വളറെ മോശമായിരുന്നു. യിസ്രയേൽ ദൈവത്തിന്റെ ദൃഷ്ടിയിൽ ദുഷ്ടത പ്രവർത്തിക്കുന്നവരായിത്തീർന്നു.

അങ്ങനെ ഒരു തലമുറയിൽ വളരെ നന്നായി തുടങ്ങിയ കാര്യം ക്രമേണ മൂന്നാം തലമുറ ആയപ്പോഴേക്കും ദുഷ്ടത നിറഞ്ഞതായിത്തീരുന്നതായി നാം കാണുന്നു.

യിസ്രയേൽ ചരിത്രത്തിലെ രണ്ടാമത്തെ നിർണ്ണായകസമയം ദാവീദ് യിസ്രയേലിന്റെ രാജാവായപ്പോഴായിരുന്നു.

ശൗൽ ആയിരുന്നു യിസ്രയേലിന്റെ ഒന്നാമത്തെ രാജാവ്. വളരെ താഴ്മയിലായിരുന്നു അവന്റെ തുടക്കം. എന്നാൽ ഭയങ്കര പിന്മാറ്റം ഉണ്ടായതിനാൽ ദൈവം അവന്റെ അഭിഷേകം നീക്കിക്കളഞ്ഞു. ശൗലിന്റെ ജീവിതം ആദ്യതലമുറയിൽത്തന്നെ അധഃപതനം സംഭവിച്ച പ്രസ്ഥാനങ്ങളുടെ ഒരു ചിത്രമാണ്. ഇന്നു ക്രിസ്തീയ ലോകത്തും ഇത്തരം ധാരാളം പേർ ഉണ്ട്.

ദൈവം ശമുവേലിൽ കൂടി ശൗലിനോടു പറഞ്ഞു : “ഞാൻ രാജത്വം ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ഒരുവനു കൊടുക്കുവാൻ പോകുന്നു” (1 ശമു 13:14) അതു ദാവീദ് ആയിരുന്നു. ഫലം, ദാവീദിനെക്കുറിച്ച് ശൗൽ അങ്ങേയറ്റം അസൂയാലുവായി. ശൗൽ ദാവീദിനെ വളരെ വെറുത്ത് അവനെ കൊല്ലുവാൻ പോലും ആഗ്രഹിച്ചു.





യിസ്രയേലിലുള്ളവർ ദൈവത്തിന്റെ അഭിഷേകം ആരിലാണ് കിടക്കുന്നതെന്ന് തിരിച്ചറിഞ്ഞ് ദാവീദിനോട് ചേർന്നുനിന്നു. അങ്ങനെ ദാവീദിനു ചുറ്റും ഒരു ചെറിയ കൂട്ടം കൂടി വന്നു. എന്നാൽ ശൗൽ അവരെ ദേശത്തെല്ലാടവും ഓടിക്കുകയും, ഉപദ്രവിക്കുകയും വേട്ടയാടുകയും ചെയ്തതുകൊണ്ട് അവരുടെ ജീവനുവേണ്ടി അവർക്ക് പലായനം ചെയ്യേണ്ടി വന്നു. എന്നാൽ ദൈവം ആ ചെറിയകൂട്ടത്തോടു കൂടെ ആയിരുന്നു.

എന്നിരുന്നാലും ശൗൽ യിസ്രയേലിന്റെ സിംഹാസനത്തിൽ അനേകം വർഷങ്ങൾ തുടർന്ന് ഇരുന്നു- ദൈവത്തിൽ നിന്നുള്ള അവന്റെ അഭിഷേകം വളരെ വളരെ മുമ്പുതന്നെ നഷ്ടപ്പെട്ടെങ്കിലും-ഇന്ന് അനേകം ക്രിസ്തീയ നേതാക്കൾ, തങ്ങളുടെ കൂട്ടത്തെ തുടർന്നു ഭരിക്കുന്നതുപോലെ.

ശൗലിന് എന്നിട്ടും അവന്റെ മുമ്പിൽ വാലാട്ടുന്ന ഒരു അനുയായിവൃന്ദം ഉണ്ടായിരുന്നു-പല ക്രിസ്തീയ നേതാക്കൾക്കും അവരുടെ സ്വന്തം കൂട്ടത്തിൽ ഉള്ളതുപോലെ. അത്തരം അനുയായിവൃന്ദം ഒന്നിനും കൊള്ളാത്തവരാണ്. അനേകം ചത്ത സമുദായങ്ങൾക്കും ജാതീയ, മത,നേതാക്കൾക്കും വലിയ അനുയായിവൃന്ദം ഉണ്ട്. എന്നാൽ ദൈവം അവരുടെ ആരുടെയും കൂടെ ഉണ്ടായിരിക്കുകയില്ല.

നാം നമ്മോടുതന്നെ എപ്പോഴും ചോദിക്കേണ്ടചോദ്യം “ദൈവത്തിന്റെ കൃപയും അഭിഷേകവും എന്റെ മേൽ ഇപ്പോൾ ആവസിക്കുന്നുണ്ടോ?’എന്നാണ്.

സഭയുടെ ചരിത്രം വീണ്ടും വീണ്ടും തെളിയിക്കുന്നതിതാണ്. ദൈവം തന്റെ വലിയ പ്രവൃത്തി ഓരോതലമുറയിലും ചെയ്യുന്നത് തനിക്കു വേണ്ടി പൂർണ്ണ

സഭയുടെ ചരിത്രം വീണ്ടും വീണ്ടും തെളിയിക്കുന്നതിതാണ്. ദൈവം തന്റെ വലിയ പ്രവൃത്തി ഓരോതലമുറയിലും ചെയ്യുന്നത് തനിക്കു വേണ്ടി പൂർണ്ണ ഹൃദയത്തോടെ നിൽക്കുന്ന തന്റെ ജനങ്ങളിലെ ഒരു ചെറിയ ന്യൂ പക്ഷത്തിൽ കൂടിയാണ്. തങ്ങളുടെ കാലത്ത് ദൈവം എന്താണ് ചെയ്യുന്നതെന്ന് ധാരണയില്ലാത്ത ആളുകൾ അന്നു ദാവീദിന്റെ സംഘത്തെ ഉപദ്രവിച്ചതുപോലെ ഇന്നും ദൈവത്തിനുവേണ്ടി നിലകൊള്ളുന്ന ന്യൂനപക്ഷത്തെ ഉപദ്രവിക്കും.

ഹൃദയത്തോടെ നിൽക്കുന്ന തന്റെ ജനങ്ങളിലെ ഒരു ചെറിയ ന്യൂ പക്ഷത്തിൽ കൂടിയാണ്. ഗിദയോന്റെ കാലത്തെപ്പോലെ സാത്താനോടുള്ള യുദ്ധത്തിലെ ജയം എപ്പോഴും നേടുന്നത് പൂർണഹൃദയത്തോടെയുള്ള ശിഷ്യന്മാരുടെ ഒരുചെറിയ കൂട്ടത്തിൽ കൂടിയാണ്. (ന്യായാ. 7)

തങ്ങളുടെ കാലത്ത് ദൈവം എന്താണ് ചെയ്യുന്നതെന്ന് ധാരണയില്ലാത്ത ആളുകൾ അന്നു ദാവീദിന്റെ സംഘത്തെ ഉപദ്രവിച്ചതുപോലെ ഇന്നും ദൈവത്തിനുവേണ്ടി നിലകൊള്ളുന്ന ന്യൂനപക്ഷത്തെ ഉപദ്രവിക്കും.

എന്നാൽ ദൈവം ദാവീദിനെയും അവന്റെ സംഘത്തെയും കാത്തുസൂക്ഷിച്ചു. ബൈബിൾ രേഖപ്പെടുത്തിയിരിക്കുന്നത ഇങ്ങനെയാണ്- ദാവീദ് തന്റെ തലമുറയിൽ ദൈവത്തിന്റെ ആലോചനയ്ക്ക് ശുശ്രൂഷ ചെയ്ത ശേഷം നിദ്ര പ്രാപിച്ചു. (അപ്പോ.പ്ര. 13:36).വീഴ്ചകൾ ഉണ്ടെന്നു വരികിലും

> എന്നാൽ ദൈവത്തോടുള്ള ഭക്തിയും താഴ്മയും, ദൈവത്തിന്റെ അഭിഷേകവും എല്ലാം ദാവീദിന് ഉണ്ടായിരുന്നെങ്കിലും ദൈവത്തിന്റെ ഉദ്ദേശ്യം അവന്റെ സ്വന്തം തലമുറയിൽ മാത്രമേ ചെയ്യാൻ അവനു കഴിഞ്ഞുള്ളു. അവന്റെ മരണശേഷം കാര്യങ്ങൾ വളരെവേഗം അധോഗതിയിലായി. ഇതുപോലെ കഴിഞ്ഞ 20 നൂറ്റാണ്ടുകളിലായി ക്രിസ്തീയ ലോകത്ത് ദൈവഭക്തരായ ആളുകളാൽ ആരംഭിക്കപ്പെട്ട പല പ്രസ്ഥാനങ്ങളും ഈ അധഃപതനത്തിന്റെ വഴിയിലാണെന്നു നമുക്കു കാണുവാൻ കഴിയും.

ദാവീദ് ദൈവത്തിന്റെ ഹൃദയപ്രകാരമുള്ളവനും അവന്റെ ജീവിതകാലത്ത് യിസ്രയേലിന് ദൈവികനേതൃത്വം നല്കുന്നവനും ആയിരുന്നു. അവൻ പൂർണനല്ലായിരുന്നു. എന്നാൽ തന്നെത്താൻ താഴ്ത്തുന്നതിൽ വേഗതയുള്ളവനും ഒരു സാധാരണ പ്രവാചകൻ വന്ന് അവന്റെ പാപത്തെക്കുറിച്ച് ശാസിച്ചപ്പോൾ വേഗത്തിൽ അനുതപിക്കുന്നവനും ആയിരുന്നു (2 ശമു:12).

എന്നാൽ ദൈവത്തോടുള്ള ഭക്തിയും താഴ്മയും, ദൈവത്തിന്റെ അഭിഷേകവും എല്ലാം ദാവീദിന് ഉണ്ടായിരുന്നെങ്കിലും ദൈവത്തിന്റെ ഉദ്ദേശ്യം അവന്റെ സ്വന്തം തലമുറയിൽ മാത്രമേ ചെയ്യാൻ അവനു കഴിഞ്ഞുള്ളു.

അവന്റെ മരണശേഷം കാര്യങ്ങൾ വളരെവേഗം അധോഗതിയിലായി. അവന്റെ മകനായ ശലോമോന്റെ തുടക്കം വളരെ നല്ലതായിരുന്നു. (1രാജ 3.3-5, 10-14). 'സദൃശവാക്യങ്ങൾ' പുസ്തകം കാണിക്കുന്നത് ശലോമോൻ രാജകീയജീവിതത്തിന്റെ ആരംഭത്തിൽ എത്ര ജ്ഞാനി ആയിരുന്നു എന്നാണ്! സദൃശവാക്യങ്ങൾ ആണ് ഒരുപക്ഷേ പഴയനിയമത്തിലെ ഏറ്റവും മേന്മയേറിയ പുസ്തകം. അത് പഴയ നിയമത്തിന്റെ മദ്ധ്യത്തിലുള്ള പുതിയ ഉടമ്പടിയുടെ ഒരു പുസ്തകമാണ്. ശലോമോൻ ആണ് അത് എഴുതിയത്.

എന്നാൽ ശലോമോൻ വളരെ മോശമായ രീതിയിൽ വളരെ വേഗം പിന്മാറി ദാരുണമായി അവസാനിച്ചു. തുടക്കത്തിൽ തന്റെ ദൈവഭക്തനായ പിതാവിൽ നിന്നു ലഭിച്ച ചാലകശക്തിയിൽ അവൻ മുന്നോട്ടുനീങ്ങി. എന്നാൽ അവന് ദൈവത്തിനു വേണ്ടിയുള്ള തീവ്രമായ ആഗ്രഹം ഇല്ലായിരുന്നു. അവനെ വഴിതെറ്റിച്ചത് ധനവും സ്ത്രീകളും ആയിരുന്നു. (1 രാജ 10.23, 11:1 - 9) ഇതു തന്നെയാണ് നമ്മുടെ കാലത്തെ പല ക്രിസ്തീയ പ്രസംഗകർക്കും സംഭവിക്കുന്നത്. ശലോമോന്റെ മരണശേഷം അവന്റെ മകൻ രെഹബയാം യിസ്രായേലിലെ ജ്ഞാനികളുടെയും പ്രായമുള്ളവരുടെയും ഉപദേശത്തെ നിന്ദിച്ചു (1 രാജ 12 : 6-15) ഇത് യിസ്രലേലിൽ കലാപം ഉണ്ടാക്കി. യിസ്രയേൽ രാജ്യം രണ്ടായി വിഭജിക്കപ്പെട്ടു. രെഹബെയാമിന് ഇപ്പോൾ പ്രശംസിക്കുവാനുള്ളത് ദാവീദ് തന്റെ മുത്തശ്ശനായിരുന്നു എന്ന് മാത്രം. എന്നാൽ അവനിൽ ദാവീദിന്റെ യാതൊരു ആത്മാവും ഉണ്ടായിരുന്നില്ല.

ഇതുപോലെ കഴിഞ്ഞ 20 നൂറ്റാണ്ടുകളിലായി ക്രിസ്തീയ ലോകത്ത് ദൈവഭക്തരായ ആളുകളാൽ ആരംഭിക്കപ്പെട്ട പല പ്രസ്ഥാനങ്ങളും ഈ അധഃപതനത്തിന്റെ വഴിയിലാണെന്നു നമുക്കു കാണുവാൻ കഴിയും.

(തുടരും)

മൊഴിമാറ്റം: വിഎം. വർഗീസ്

❖





ഇത്തിരിവെട്ടം

# അതിശ്രേഷ്ഠമായ ഒരു മാർഗ്ഗം

ജെ.ഡി.എം. ഗയോൺ

**വി**ശുദ്ധിയുടെ മാർഗ്ഗം പിൻതുടരുന്നതിനു ദൈവത്തിൽനിന്നു നമുക്ക് വെളിച്ചവും കൃപയും ലഭിക്കുന്നതിന്റെ ഫലമായി ഒരു വിശുദ്ധജീവിതം നയിക്കുവാൻ നാം പ്രാപ്തരായിത്തീരുമ്പോൾ നമ്മുടെ വിശുദ്ധികൊണ്ട് ആളുകൾ നമ്മെ അഭിനന്ദിച്ചെന്നു വരാം. അത്തരത്തിലുള്ള ഒരു ജീവിതംകൊണ്ട് ഭൂരിപക്ഷം ആളുകളും സംതൃപ്തരായിത്തീരുന്നു. ഏറ്റുവും നിർമ്മലമായ വെളിച്ചം അവർക്കു ലഭിക്കാത്തതുമൂലമാണ് ഇപ്രകാരം സംഭവിക്കുന്നത്. എന്നാൽ കൂടുതൽ ഉന്നതമായ ഒരു തലത്തിലേയ്ക്കുയരുവാനാഗ്രഹിക്കുന്നവർ വിശ്വാസത്തിന്റേതായ ഒരു മാർഗ്ഗത്തിലേയ്ക്കു പ്രവേശിക്കുന്നു. തൽഫലമായി ഒരിക്കൽ അവർക്കുണ്ടായിരുന്ന ബഹുമതിയും ജനപ്രീതിയും നഷ്ടപ്പെട്ട് അവർ മറ്റു ക്രിസ്ത്യാനികൾക്കു നിന്ദാപാത്രമായി പരിണമിക്കുന്നു. ഈ അതിശ്രേഷ്ഠമായ മാർഗ്ഗത്തിലൂടെ മാത്രമേ നമുക്ക് യേശുവുമായി ഏറ്റവും നിർമ്മലമായ കൂട്ടായ്മയിലേയ്ക്കു പ്രവേശിക്കുവാൻ സാധിക്കുകയുള്ളൂ. കാരണം, കർത്താവായ യേശുക്രിസ്തുതന്നെയും ഈ പാതയിലൂടെയാണ് സഞ്ചരിച്ചിട്ടുള്ളത്.

കഷ്ടതയുടെ മാർഗ്ഗം മനുഷ്യദൃഷ്ടിക്ക് അഗോചരമാണ്. എന്നാൽ ജഡത്തെ ക്രൂശിക്കുവാൻ ഏറ്റവും ഫലപ്രദമായിത്തെളിഞ്ഞിട്ടുള്ളത് ഈ മാർഗ്ഗം തന്നെ. കാരണം, ജഡത്തെ താങ്ങിനിറുത്തുവാൻ മറ്റുള്ളവരുടെ സഹതാപമോ അഭിനന്ദനമോ അവിടെ നമുക്കു ലഭിക്കുന്നില്ല. തൽഫലമായി അശുദ്ധിയും സ്വാർത്ഥതയുമുള്ള മനുഷ്യദേഹി അഗ്നിയിൽ സ്വർണ്ണംപോലെ ശുദ്ധീകരിക്കപ്പെടുന്നു. ഈ വിധത്തിലുള്ള ഒരു വ്യക്തി മുമ്പ് സ്വന്തമായ ഒരഭിപ്രായവും സ്വേച്ഛാപ്രതിപത്തിയും നിറഞ്ഞവനായിരുന്നിരിക്കാം. എന്നാലിപ്പോൾ അയാൾ നിസ്സഹായനായ ഒരു ശിശുവിനെപ്പോലെ ദൈവത്തെ അനുസരിക്കുവാൻ തക്കവിധം താഴ്മ ധരിച്ചിരിക്കുന്നു. മുമ്പ് അതിനിസ്സാരമായ കാര്യത്തിൽപോലും അയാൾ തർക്കിക്കുകയും പോരാടുയും ചെയ്യുമായിരുന്നു. ഇപ്പോഴോ അയാൾ പെട്ടെന്നു തന്നെ കീഴ്പ്പെടുവാൻ സന്നദ്ധനായിത്തീരുന്നു. താൻ ഒരു സൽപ്രവൃത്തി ചെയ്യുന്നുവെന്ന ഭാവത്തോടെയോ ചട്ടപ്രകാരമുള്ള ഒരു മാർഗ്ഗത്തിലൂടെയോ അല്ല, പിന്നെയോ സന്തോഷത്തോടും സ്വാഭാവികരീതിയിലുമാണ് അയാളതു ചെയ്യുന്നത്. മുമ്പ് മനുഷ്യരുടെ ശ്രദ്ധാകേന്ദ്രമായിത്തീരുവാനും അഭിനന്ദനം നേടുവാനും അയാൾ മോഹിച്ചിരുന്നു. ഇപ്പോഴോ മറ്റുള്ളവരിൽനിന്ന് അദൃശ്യനായി താഴ്മയിൽ വസിപ്പാനും അവരുടെ ദൃഷ്ടിയിൽ ചെറിയവനാകുവാനും അയാൾ ആഗ്രഹിക്കുന്നു. നേരത്തേ അയാൾ ആദ്യം സ്വന്തം കാര്യമന്വേഷിക്കുകയും പിന്നീട് മറ്റുള്ളവരെ ശുശ്രൂഷിക്കുകയും ചെയ്തിരുന്നു. എന്നാലിപ്പോൾ മറ്റുള്ളവർക്കാണ് അയാളുടെ ചിന്തയിൽ പ്രഥമസ്ഥാനം.

**കഷ്ടതയുടെ മാർഗ്ഗം മനുഷ്യദൃഷ്ടിക്ക് അഗോചരമാണ്. എന്നാൽ ജഡത്തെ ക്രൂശിക്കുവാൻ ഏറ്റവും ഫലപ്രദമായിത്തെളിഞ്ഞിട്ടുള്ളത് ഈ മാർഗ്ഗം തന്നെ. കാരണം, ജഡത്തെ താങ്ങിനിറുത്തുവാൻ മറ്റുള്ളവരുടെ സഹതാപമോ അഭിനന്ദനമോ അവിടെ നമുക്കു ലഭിക്കുന്നില്ല. തൽഫലമായി അശുദ്ധിയും സ്വാർത്ഥതയുമുള്ള മനുഷ്യദേഹി അഗ്നിയിൽ സ്വർണ്ണം പോലെ ശുദ്ധീകരിക്കപ്പെടുന്നു.**

മുമ്പ് തന്റെ സഹോദരന്മാരോട് വളരെ പ്രയാസപ്പെട്ടുമാത്രം പൊരുത്തപ്പെടുവാൻ കഴിഞ്ഞിരുന്ന അയാൾക്ക് ഇപ്പോൾ അവരുടെ തെറ്റുകളോടും ബലഹീനതകളോടും പൊരുത്തപ്പെട്ടു പോകുവാൻ കഴിയുന്നുവെന്നു മാത്രമല്ല, അവരെ സ്നേഹത്തിന്റെ ആത്മാവിൽ നേടുവാൻ അയാൾ ആഗ്രഹിക്കുകയും കൂടി ചെയ്യുന്നു. ചെന്നായയുടെ ക്രോധം ഇപ്പോൾ കുഞ്ഞാടിന്റെ സൗമ്യതയായി മാറിയിരിക്കുന്നു. രഹസ്യത്തിൽ കഷ്ടത സഹിക്കുന്നതിന്റെ ഫലം ഇതത്രേ.

എങ്കിലും നമ്മുടെ സ്വയസ്നേഹത്തിന്റെ സാമ്രാജ്യം അത്രവേഗം തകർക്കപ്പെടുന്നില്ല. പലപ്പോഴും തന്റെ തന്നെ ആത്മീയപുരോഗതിയെക്കുറിച്ചുള്ള ഒരു കപടധാരണയിലൂടെ മറ്റുള്ളവർ തന്റെ ആത്മീയ സമ്പൂർണ്ണത കണ്ടറിയണമെന്നു മാത്രമല്ല അവർ തന്നോട് ഉത്തമരീതിയിൽ പെരുമാറണമെന്നും കൂടി ഒരുവൻ ആഗ്രഹിച്ചേക്കാം. ക്രമേണ അയാൾക്ക് മറ്റുള്ളവരെപ്പറ്റി താണ അഭിപ്രായവും തന്നെപ്പറ്റിത്തന്നെ ഉയർന്ന ചിന്തയും ഉണ്ടായെന്നും വരാം. അപ്രകാരമുള്ള ഒരു വ്യക്തി തനിക്ക് പരിപക്വമതികളായ വിശ്വാസികളോടല്ലാതെ സാധാരണ വിശ്വാസികളോടു കൂട്ടായ്മയാചരിക്കുവാൻ സാദ്ധ്യമല്ലെന്നു ചിന്തിച്ചെന്നു വരാം. ഇത്തരത്തിലുള്ള ഒരാൾ സ്വന്തം തിരഞ്ഞെടുപ്പുകൾക്ക് മരിച്ചവനായിത്തീർന്നിട്ടില്ല എന്നതു സ്പഷ്ടമത്രേ. എന്നാൽ ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെട്ടിട്ടുള്ള ഒരുവൻ താൻ തിരഞ്ഞെടുക്കുന്ന തികഞ്ഞ ആത്മീയരുമായിട്ടല്ല, മറിച്ച് ദൈവഹിതപ്രകാരം ഏറ്റവും താണ വ്യക്തികളുടെ അടുക്കലേയ്ക്കു ദൈവം തന്നെ നയിക്കുന്ന പക്ഷം, അവരുമായിത്തന്നെ സമ്പർക്കം പുലർത്തുന്നു. തന്നെ ദൈവം ആരുടെ അടുക്കലേയ്ക്ക് അയയ്ക്കുന്നുവോ അവരെ കണ്ടുമുട്ടുവാനും അവരുമായി സംസാരിക്കുവാനും അയാൾ ആഗ്രഹിക്കുന്നു. തന്നെ സംബന്ധിച്ചിടത്തോളം അതാണ് സർവോൽകൃഷ്ടമെന്നും മറ്റുള്ളതെല്ലാം പ്രയോജനരഹിതമാണെന്നും അയാൾ നല്ലവണ്ണം മനസ്സിലാക്കുന്നു. ഇങ്ങനെയുള്ള ഒരു വ്യക്തി എല്ലായ്പോഴും പൂർണ്ണ സംതൃപ്തനായിരിക്കും. എന്തെന്നാൽ താൻ അറിയണമെന്ന് ദൈവം ആഗ്രഹിക്കാത്ത ഒരു കാര്യവും അറിയുവാൻ അയാൾക്കു താത്പര്യമില്ല. സ്വന്തം തിരഞ്ഞെടുപ്പിനനുസരിച്ച് ഒരു സിംഹാസനത്തിൽ ഇരിക്കുന്നതിനേക്കാൾ ദൈവം ആഗ്രഹിക്കുന്നപക്ഷം അപമാനവും എതിർപ്പും സഹിക്കുന്നതിലാണ് അയാൾക്ക് അധികം സംതൃപ്തി.

പരിപക്വമതികളായ വിശുദ്ധന്മാരുമായി കൂടെക്കൂടെ സുദീർഘ ചർച്ചയിലേർപ്പെടുന്നത് വളരെ വിലപ്പെട്ടതാകയാൽ അത് അഭികാമ്യമായിക്കരുതുന്ന ആളുകൾ ഉണ്ട്. ചിലരെ സംബ





**നമ്മുടെ സ്വയസ്നേഹത്തിന്റെ സാമ്രാജ്യം അത്രവേഗം തകർക്കപ്പെടുന്നില്ല. പലപ്പോഴും തന്റെതന്നെ ആത്മീയപുരോഗതിയെക്കുറിച്ചുള്ള ഒരു കപടധാരണയിലൂടെ മറ്റുള്ളവർ തന്റെ ആത്മീയ സമ്പൂർണ്ണത കണ്ടറിയണമെന്നു മാത്രമല്ല അവർ തന്നോട് ഉത്തമരീതിയിൽ പെരുമാറണമെന്നും കൂടി ഒരുവൻ ആഗ്രഹിച്ചേക്കാം. ക്രമേണ അയാൾക്ക് മറ്റുള്ളവരെപ്പറ്റി താണ അഭിപ്രായവും തന്നെപ്പറ്റിത്തന്നെ ഉയർന്ന ചിന്തയും ഉണ്ടായെന്നും വരാം. അപ്രകാരമുള്ള ഒരു വ്യക്തി തനിക്ക് പരിപക്വമതികളായ വിശ്വാസികളോടല്ലാതെ സാധാരണ വിശ്വാസികളോടു കൂട്ടായ്മയാചരിക്കുവാൻ സാദ്ധ്യമല്ലെന്നു ചിന്തിച്ചെന്നു വരാം.**

ന്ധിച്ച് ഇതു ശരിയായിരിക്കാം. എന്നാൽ എല്ലാവരുടെ കാര്യത്തിലും ഇതു സത്യമല്ല. വാസ്തവത്തിൽ നാം സ്വയം തിരഞ്ഞെടുക്കുന്ന പക്ഷം കുറെക്കഴിയുമ്പോൾ അതു നമുക്കു ദോഷകരമായിത്തീർന്നെന്നുതന്നെ വരാം. മാനുഷികമായ തിരഞ്ഞെടുപ്പ് ഒരു നല്ല കാര്യത്തെത്തന്നെ ദുഷിപ്പിക്കുവാൻ പര്യാപ്തമാണ്. ദൈവം തന്റെ ആത്മാവിനാൽ നമ്മെ ആകർഷിച്ചടുപ്പിക്കുമ്പോൾ പ്രയോജനകരമായിത്തീരാവുന്ന കാര്യംതന്നെ നാം സ്വയം തിരഞ്ഞെടുക്കുമ്പോൾ തീരെ നിഷ്പ്രയോജനമായി ഭവിക്കാം. നമ്മുടെ സ്വന്ത തിരഞ്ഞെടുപ്പിലൂടെ ഏറ്റവും ശ്രേഷ്ഠരായ ആളുകളുമൊത്ത് ഒരു മണിക്കൂർ ചെലവിടുന്നതിനേക്കാൾ ദൈവത്തെ അനുസരിച്ചുകൊണ്ട് ദിവസം മുഴുവൻ തീരെ കൊള്ളരുതാത്തവരോടൊപ്പം ചെലവഴിക്കുന്നത് എത്രയോ ഉത്തമമാണ്.

സ്വാഭാവികമായി ചില ആളുകളോടു നമുക്കുണ്ടാകുന്ന ഇഷ്ടവും, മറ്റു ചിലരോടുണ്ടാകുന്ന അനിഷ്ടവും നമ്മുടെ ആത്മീയ വിവേചനശക്തിയെ പാടേ ഇരുളടഞ്ഞതാക്കിത്തീർക്കുന്ന ദേഹീപരമായ ഒരു മനോഭാവമാണ് (Soulish attitude). ദൈവത്തിൽനിന്നു വരുന്നതേതെന്നും അല്ലാത്തത് ഏതെന്നും വിവേചിക്കുവാൻ നമുക്കു ദൈവികമായ കഴിവു ലഭിക്കണമെങ്കിൽ നമ്മുടെ മനസ്സിന്റെ ഇത്തരം ദേഹീപരമായ ഇഷ്ടാനിഷ്ടങ്ങളെ ദൈവം നശിപ്പിച്ചുകളയുവാൻ നാം അനുവദിക്കേണ്ടതാണ്. വിശുദ്ധനായ ഒരു വ്യക്തി ദൈവത്തിൽ മാത്രം ആശ്രയിക്കുകയും തന്റെ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളെ ക്രൂശിൽത്തറയ്ക്കുകയും ചെയ്യുന്നു.

നമ്മുടെ ഹൃദയം വിശുദ്ധവും പൂർണ്ണവും ദൈവത്തിനു സമർപ്പിതവുമായിത്തീരുമ്പോൾ ദൈവം തന്റെ സർവ്വാധിപത്യത്തിൻ കീഴിൽ നമുക്കായി നിശ്ചയിക്കുന്നതെന്തായാലും അതു സന്തോഷപൂർവ്വം കൈക്കൊള്ളുക എന്ന പ്രമാണം നമ്മുടെ മുഴുവൻ ജീവിതത്തെയും ഭരിക്കുവാൻ ഇടയാകുന്നു. എല്ലായ്പോഴും ഈ പ്രമാണമനുസരിച്ച് ജീവിക്കുന്നതിൽ നാം വിശ്വസ്തരെങ്കിൽ അപ്പോൾ സകലവും ശരിയായും നന്നായും ചെയ്യുവാൻ നമുക്ക് കഴിയും. അപ്പോൾ നാം അന്വേഷിക്കാതെതന്നെ നമ്മുടെ ആവശ്യങ്ങളെല്ലാം ദൈവം നിറവേറ്റും. എന്തെന്നാൽ നാം ആശ്രയിക്കയും വിശ്വസിക്കയും ചെയ്യുന്ന ദൈവം തനിക്കു പ്രസാദകരമായ കാര്യങ്ങൾ ഇച്ഛിക്കുവാനും പ്രവർത്തിക്കുവാനും വേണ്ടി നമ്മിൽ വ്യാപരിക്കും. അപ്രകാരം പ്രവർത്തിക്കുവാനുള്ള അവസരങ്ങൾ അവിടുന്നു നമുക്കു നൽകുകയും ചെയ്യും.

സ്വന്ത യുക്തിയനുസരിച്ച് ശരിയെന്നു തോന്നുന്ന കാര്യം ചെയ്യുന്നവരിലല്ല ദൈവം പ്രസാദിക്കുന്നത്. നേരേ മറിച്ച് തങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവഹിതമെന്തെന്ന് അന്വേ

തന്നെ ദൈവം ആരുടെ അടുക്കലേയ്ക്ക് അയയ്ക്കുന്നുവോ അവരെ കണ്ടുമുട്ടുവാനും അവരുമായി സംസാരിക്കുവാനും അയാൾ ആഗ്രഹിക്കുന്നു. തന്നെ സംബന്ധിച്ചിടത്തോളം അതാണ് സർവോൽകൃഷ്ടമെന്നും മറ്റുള്ളതെല്ലാം പ്രയോജനരഹിതമാണെന്നും അയാൾ നല്ലവണ്ണം മനസ്സിലാക്കുന്നു. ഇങ്ങനെയുള്ള ഒരു വ്യക്തി എല്ലായ്പോഴും പൂർണ്ണ സംതൃപ്തനായിരിക്കും.

ഷിക്കുകയും അതു മനസ്സിലാക്കി അനുഷ്ഠിക്കുകയും ചെയ്യുന്നവരാണ് അവിടുത്തേ പ്രസാദപാത്രങ്ങൾ. അത്തരം വ്യക്തികളുടെ ദൈവത്തോടുള്ള അനുസരണം സാധാരണയായി മനുഷ്യദൃഷ്ടിയിൽനിന്നു മറഞ്ഞിരിക്കും. മറഞ്ഞിരിക്കുന്ന ഒരു വിശുദ്ധിയിൽ തനിക്കായിത്തന്നെ അവരെ സൂക്ഷിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

അങ്ങനെയെങ്കിൽ ഈവിധത്തിലുള്ള ആളുകൾ പോലും തെറ്റുചെയ്യുവാനിടയാകുന്നതെന്തുകൊണ്ട്? ഓരോ വർത്തമാനനിമിഷത്തിലും തങ്ങളെത്തന്നെ കർത്താവിനു കീഴ്പ്പെടുത്തിക്കൊടുക്കുവാൻ അവർ ജാഗ്രത കാണിക്കാത്തതാണ് അതിന്റെ കാരണം.പലപ്പോഴും ചില കാര്യങ്ങൾ ചെയ്യുവാനുള്ള അത്യുത്സാഹം നിമിത്തം, അഥവാ വേണ്ടതിലധികം വിശ്വസ്തരാകുവാനാഗ്രഹിക്കുക നിമിത്തം, തങ്ങൾക്കു കാലേകൂട്ടിക്കാണുവാനോ ഒഴിവാക്കുവാനോ സാധിക്കാത്ത പല തെറ്റുകളും അവർ വരുത്തിക്കൂട്ടുന്നു. ഇത്തരക്കാർ ദൈവത്തിനു കീഴടങ്ങിയവരായിത്തുടരുന്നപക്ഷം, വീഴാതെ അവരെ സൂക്ഷിക്കുവാൻ വേണ്ടി അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ ദൈവം സന്നദ്ധനാണ്. അവർ ദൈവത്തിന്റെ സാമാന്യഹിതത്തിനു കീഴടങ്ങി ജീവിക്കുന്നുണ്ടായിരിക്കാം; എങ്കിലും ഓരോ നിമിഷത്തിലുമുള്ള പ്രത്യേക ദൈവഹിതത്തിന് അവർ കീഴടങ്ങുന്നില്ല. അങ്ങനെ ദൈവത്തിന്റെ സമ്പൂർണ്ണഹിതത്തിൽനിന്നു വിട്ടുമാറിയവരായി അവർ വീണുപോകുന്നു. ഇക്കൂട്ടർ ഓരോ നിമിഷത്തിലും ദൈവത്തിന്റെ സർവ്വാധിപത്യത്തിനു കീഴടങ്ങുമാറ് വിശ്വസ്തരായിരുന്നെങ്കിൽ അവർ തീർച്ചയായും വീഴുകയില്ലായിരുന്നു.

സ്ഥാനം തെറ്റിയ ഒരസ്ഥി (ദൈവികജ്ഞാനം അതിനെ ആക്കിയിരുന്ന ക്രമീകരണത്തിൽനിന്നു മാറിപ്പോകുക മൂലം) അതിന്റെ ശരിയായ സ്ഥാനത്ത് അതിനെ പുനഃപ്രതിഷ്ഠിക്കുന്നതുവരെ നിരന്തരമായ വേദന ഉളവാക്കുന്നു. അതുപോലെ തങ്ങൾ എവിടെയായിരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നുവോ അവിടെ ആയിരിക്കാത്തവർക്കും അഥവാ ദൈവത്തിന്റെ സർവ്വാധീശത്വം ഓരോ നിമിഷവും തങ്ങളുടെ ജീവിതത്തിനായി നിശ്ചയിച്ചിട്ടുള്ള കാര്യങ്ങളിൽ സംതൃപ്തരല്ലാത്തവർക്കും അനാവശ്യമായ പല ദുഃഖങ്ങളും സഹിക്കേണ്ടിവരുന്നു. ഈ രഹസ്യം ആളുകൾ ശരിയായി ധരിച്ചിരുന്നുവെങ്കിൽ അവരുടെ ജീവിതങ്ങൾ സംതൃപ്തിയും ചാരിതാർത്ഥ്യവും നിറഞ്ഞതായിത്തീരുമായിരുന്നു. എന്നാൽ ഹാ! കഷ്ടം! ദൈവം തങ്ങൾക്കുവേണ്ടി നിശ്ചയിച്ചിട്ടുള്ളതിൽ സംതൃപ്തരായിത്തീരുന്നതിനുപകരം, തങ്ങൾക്കു ലഭിക്കാത്തതിൽ ആശവച്ചുകൊണ്ട് അവർ എന്നും ജീവിക്കുന്നു. എങ്കിലും ദൈവത്തിന്റെ പദ്ധതിയും ക്രമീകരണവും മനസ്സിലാക്കി അവയെ കൈക്കൊള്ളുന്ന വ്യക്തികൾ വെളിച്ചത്തിൽ നടക്കുകയും ഭൂമിയിൽ സ്വർഗ്ഗീയ സന്തോഷം അനുഭവിക്കുകയും ചെയ്യുന്നു. എന്താണ് അവരുടെ സ്വർഗ്ഗീയാനന്ദത്തിന്റെ രഹസ്യം? തങ്ങളുടെ ജീവിതത്തിനു വേണ്ടി ദൈവത്തിന്റെ സർവ്വാധിപത്യം എന്തെല്ലാം കാര്യങ്ങളാണോ നിശ്ചയിച്ചിട്ടുള്ളത് അവയെ സമ്പൂർണ്ണമായി സ്വീകരിക്കുന്ന മനോഭാവമാണ് ആ രഹസ്യം. മറ്റുള്ളവർക്ക് ലഭിച്ചിട്ടുള്ള കാര്യങ്ങൾ തങ്ങൾക്ക് ഇല്ലെന്നുള്ളതിൽ അവർ വ്യാകുലചിത്തരായിത്തീരുകയും ചെയ്യുന്നില്ല.

തങ്ങൾ എവിടെയായിരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നുവോ അവിടെ ആയിരിക്കാത്തവർക്കും അഥവാ ദൈവത്തിന്റെ സർവ്വാധീശത്വം ഓരോ നിമിഷവും തങ്ങളുടെ ജീവിതത്തിനായി നിശ്ചയിച്ചിട്ടുള്ള കാര്യങ്ങളിൽ സംതൃപ്തരല്ലാത്തവർക്കും അനാവശ്യമായ പല ദുഃഖങ്ങളും സഹിക്കേണ്ടിവരുന്നു. ഈ രഹസ്യം ആളുകൾ ശരിയായി ധരിച്ചിരുന്നുവെങ്കിൽ അവരുടെ ജീവിതങ്ങൾ സംതൃപ്തിയും ചാരിതാർത്ഥ്യവും നിറഞ്ഞതായിത്തീരുമായിരുന്നു.

അസംതൃപ്തമായ ഒരാഗ്രഹത്തിന്റെ പിടിയലമർന്നുപോയ ആർക്കും തന്നെ സംതൃപ്തി അനുഭവിക്കുവാൻ സാദ്ധ്യമല്ല. എല്ലാ മനുഷ്യർക്കും ശക്തവും തീക്ഷ്ണവുമായ ആഗ്രഹങ്ങൾ ഉണ്ട്. ചിലരിൽ അതു കൂടുതലും മറ്റു ചിലരിൽ കുറവും ആകാം. എന്നാൽ ഏതൊരുവന്റെ ഇച്ഛ ദൈവത്തിന്റെ ഇച്ഛയിൽ മറഞ്ഞ് ഇല്ലാതെയാകുന്നുവോ, അയാൾ ഈ നിയമത്തിനൊരപവാദമാണ്. ചിലർക്കു കർത്താവിനുവേണ്ടി രക്തസാക്ഷിത്വം വരിക്കുവാനുള്ള ആഗ്രഹം പോലുള്ള നല്ല ആഗ്രഹങ്ങളുണ്ട്. ചിലർ തങ്ങളുടെ അയൽക്കാരുടെ രക്ഷയ്ക്കായി വാഞ്ഛിക്കുന്നു. മറ്റു ചിലർ ദൈവത്തെ അവിടുത്തെ മഹത്വത്തിൽ ദർശിക്കുവാൻ അഭിലഷിക്കുന്നു. ഇവയെല്ലാം എത്ര നല്ല ആഗ്രഹങ്ങൾ! എന്നാൽ ഈ ആഗ്രഹങ്ങൾ കൂടാതെ ദൈവഹിതത്തിൽ വിശ്രാന്തിപ്രാപിച്ചിട്ടുള്ള ഒരുവൻ അപ്രമേയമായ വിധം കൂടുതൽ സംതൃപ്തനായിത്തീരുകയും ദൈവത്തെ അധികമധികം മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

ദേവാലയം അശുദ്ധമാക്കിയ ആളുകളെ യേശു ആട്ടിപ്പായിച്ച സന്ദർഭത്തെപ്പറ്റി ഒരു പ്രവചനത്തിൽ ഇപ്രകാരം എഴുതിയിട്ടുണ്ട്: "നിന്റെ ആലയത്തെക്കുറിച്ചുള്ള എരിവ് എന്നെ തിന്നുകളയുന്നു" (യോഹ. 2:17). ഈ വചനം യേശുവിന്റെ ജീവിതത്തിൽ നിറവേറുവാനിടയായത് ഒരു പ്രത്യേക സന്ദർഭത്തിലും സംഭവങ്ങളുടെ മേലുള്ള ദൈവത്തിന്റെ പൂർണ്ണ നിയന്ത്രണത്തിലുമായിരുന്നു. ഇതേ മനുഷ്യർ ഇതേ കാര്യങ്ങൾ തന്നെ ചെയ്യുന്നതായി എത്രയെത്ര സന്ദർഭങ്ങളിൽ അതിനു മുമ്പും യേശു കാണുവാനിടയായിട്ടുണ്ട്! എന്നിട്ടും യേശു അപ്പോഴെങ്ങും യാതൊന്നും ചെയ്തില്ല. തന്റെ പിതാവു നിർണ്ണയിച്ചിട്ടുള്ള ആ പ്രത്യേക സന്ദർഭത്തിൽ മാത്രമാണ് കാര്യങ്ങൾ പ്രവർത്തിക്കുവാൻ യേശു പ്രേരിപ്പിക്കപ്പെട്ടത്. തനിക്കു പ്രവർത്തിക്കുവാനുള്ള നാഴിക അപ്പോൾ മാത്രമാണെന്ന് യേശുവിന് അറിയാമായിരുന്നു. അവിടുത്തേ ദൃഷ്ടാന്തം നമുക്കും പിന്തുടരാം.

❖

# സി.എസ്.ലൂയിസ്:ക്രിസ്തീയ സത്യങ്ങളുടെ കാവല്ക്കാരൻ

വർഷങ്ങൾക്കു മുൻപ് ആത്മീയ യാത്രയിൽ ഒരു പ്രതിയോഗിയെ നേരിടേണ്ടതുണ്ടെന്ന് ക്രിസ്ത്യാനികൾ ശരിക്കും വിശ്വസിച്ചിരുന്നു.ഈജിപ്തിലെ മണലാരണ്യത്തിൽ പാർത്ത ക്രിസ്തീയ സന്ന്യാസിമാർ അതു വിശ്വസിച്ചിരുന്നു.വാർട്ട് ബർഗ്ഗിലെ തന്റെ മുറിയിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന മാർട്ടിൻ ലൂഥറിന് അതു സത്യമാണെന്ന് അറിയാമായിരുന്നു.പരദേശിമോക്ഷയാത്രയുടെ രചയിതാവായ ജോൺബനിയൻ ക്രിസ്ത്യാനികൾ ജീവിതത്തിൽ നേരിടേണ്ട പ്രാതികൂല്യങ്ങളെപ്പറ്റി പറയുമ്പോഴും പിശാച് ഒരു സത്യമാണെന്ന വിശ്വാസം പ്രകടമാക്കുന്നു.എന്നാൽ ഇന്നു പലരും 'ശാസ്ത്രീയയുഗത്തിനു മുൻപുള്ള ഒരു മിഥ്യയല്ലേ പിശാച്?' എന്നുചോദിക്കാറുണ്ട്.നമ്മുടെ ആന്തരികസംഘർഷങ്ങൾക്ക് മനശ്ശാസ്ത്രപരമായും സാമൂഹികമായും ഉള്ള വിശദീകരണങ്ങൾ ലഭ്യമാണ്.എന്നാൽ കഴിഞ്ഞ നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സി.എസ്.ലൂയിസ് എന്ന പ്രതിഭാധനനായ എഴുത്തുകാരൻ മേൽപ്പറഞ്ഞ ചിന്താഗതികളെ വെല്ലുവിളിക്കാൻ ധൈര്യപ്പെട്ടു.പിശാച് ഒരു മിഥ്യയല്ലെന്ന് അദ്ദേഹത്തിന്റെ 'അധോലോകത്തിൽ നിന്നുള്ള കത്തുകൾ'(Screw tape letters)വായിക്കുന്ന ആരും തലകുലുക്കി സമ്മതിച്ചുപോകും.



'സത്യത്തെപ്പറ്റിയുള്ള എഴുത്ത് ആസ്വാദ്യമാക്കാനുള്ള അപൂർവ സിദ്ധി കൈവശമുള്ള വ്യക്തിയാണ് സി.എസ്.ലൂയിസ്' എന്നു സി.എം.ജോസ് എന്ന നാസ്തികനായ തത്വജ്ഞാനി പോലും സമ്മതിച്ചു.രണ്ടാം ലോകമഹായുദ്ധ കാലത്ത് ലൂയിസിന്റെ 29 പ്രഭാഷണങ്ങളുടെ ഒരു പരമ്പര റേഡിയോയിലൂടെ കേട്ട ബ്രിട്ടീഷ് ജനതയ്ക്ക് മേൽപറഞ്ഞ പ്രസ്താവന സത്യമാണെന്നു ബോധ്യപ്പെടുകയുണ്ടായി.അടിസ്ഥാനപരമായ ക്രിസ്തീയ വിശ്വാസ പ്രമാണങ്ങളെ ആസ്പദമാക്കിയുള്ള പ്രസ്തുത റേഡിയോ പ്രഭാഷണങ്ങൾ പിന്നീട് 'കേവല ക്രിസ്തീയത'(Mere Christianity) എന്നപേരിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.ഇന്ന് ലോകത്തിലെ എല്ലാ വേദശാസ്ത്ര അധ്യാപകരെക്കാളും അധികം, സി.എസ്.ലൂയിസ് തന്റെ ഗ്രന്ഥങ്ങളിലൂടെ അടിസ്ഥാന ക്രിസ്തീയ പ്രമാണങ്ങൾ പുറം ലോകത്തിനു പറഞ്ഞുകൊടുത്തുകൊണ്ടിരിക്കുന്നു.

ഒരു ആംഗ്ളിക്കൻ കുടുംബത്തിൽ ജനിച്ചു വളർന്ന ലൂയിസ് കൗമാരപ്രായത്തിൽ ഒരു അധ്യാപകന്റെ സ്വാധീനത്തിൽ നിരീശ്വരവാദിയായിത്തീർന്നു.ഒന്നാം ലോകമഹായുദ്ധകാലത്ത് പട്ടാളസേവനത്തിനു നിയോഗിക്കപ്പെട്ടതിനാൽ ഓക്സ്ഫാഡിലെ വിദ്യാഭ്യാസം തടയപ്പെട്ടു.യുദ്ധത്തിനിടെ ഷെൽ ആക്രമണത്തിൽ പരുക്കേറ്റ ലൂയിസ് പരുക്കുഭേദമായതിനുശേഷമാണ് സർവകലാശാലയിലേക്കു മടങ്ങിയത്.1920കളിൽ ലൂയിസ് സാവധാനത്തിൽ നിരീശ്വര വാദത്തിൽനിന്നും ക്രിസ്തീയ വിശ്വാസത്തിലേക്കു മടങ്ങി വരികയും ചർച്ച് ഓഫ് ഇംഗ്ളണ്ടിന്റെ സഭാരാധനയിൽ ക്രമമായി പങ്കെടുക്കാൻ തുടങ്ങുകയും ചെയ്തു.'ചരിത്രത്തിലെ ഏറ്റവും വിഷണ്ണനും വൈമനസ്യമുള്ളവനുമായ ഒരുവൻ മാനസാന്തരപ്പെട്ടു' എന്നാണ് തന്റെ മടങ്ങിവരവിനെപ്പറ്റി പറയാറുള്ളത്.

ഓക്സ്ഫാഡിലെ മഗ്ദലൻ കോളജിലെ 30 വർഷത്തെ അധ്യാപകവൃത്തിക്കുശേഷം 1954ൽ അദ്ദേഹം കേംബ്രിഡ്ജിലേക്കു മാറി.ഇതിനിടയിൽ ലൂയിസ് പല ഗ്രന്ഥങ്ങൾ രചിച്ചു-നോവലുകൾ,ബാലസാഹിത്യം,വേദശാസ്ത്രം,കവിത,നിരൂപണം. അദ്ദേഹം കൈവയ്ക്കാത്ത മേഖലകൾ ചുരുക്കമാണെന്നു പറയാം. ലൂയിസിന്റെ പ്രസിദ്ധമായ കൃതികളിലൊന്ന് 'അധോലോകത്തിൽ നിന്നുള്ള കത്തുകൾ' എന്ന ആക്ഷേപഹാസ്യഗ്രന്ഥമാണ്.അമ്മാവൻ പിശാച് തന്റെ മേൽ നോട്ടത്തിലുള്ള ഒരു കുട്ടിപ്പിശാചിന് അയയ്ക്കുന്ന കുറെ കത്തുകളാണ് ഗ്രന്ഥത്തിന്റെ ഉള്ളടക്കം.കാഞ്ഞിരം എന്നു പേരുള്ള കുട്ടിപ്പിശാചിന്, സ്ക്രൂടേപ്പ് എന്നുപേരുള്ള അമ്മാവൻ പിശാച് ഒരു പുതിയ ക്രിസ്ത്യാനിയെ സ്വർഗത്തിന്റെ 'കെണി'യിൽ നിന്നു രക്ഷിക്കാനുള്ള തന്ത്രങ്ങൾ പറഞ്ഞുകൊടുക്കുകയാണ്. അത്തരം ഒരു കത്തു താഴെ ചേർക്കുന്നു.

## അധോലോകത്തിൽനിന്നുള്ള കത്ത്

പ്രിയപ്പെട്ട കുട്ടിപ്പിശാചേ,

നിന്റെ കക്ഷിയുടെ ഭക്തി പതുക്കെപ്പതുക്കെ ഇല്ലാതാകുന്നതായിക്കാണുന്നത് നിനക്ക് വലിയ പ്രതീക്ഷ നൽകുന്നു എന്നാണല്ലോ എഴുതിയിരിക്കുന്നത്. കഷ്ടം തന്നെ. നിന്നെപ്പോലുള്ളവർക്കു പരിശീലനം നൽകിയ നമ്മുടെ പരിശീലന കേന്ദ്രത്തിന്റെ ഇപ്പോഴത്തെ തലവനെ കുറിച്ച് എനിക്ക് നല്ല അഭിപ്രായമില്ല. ഈ മനുഷ്യരുടെ സ്വഭാവത്തിൽ എപ്പോഴുമുള്ള 'ഉയർച്ച-താഴ്ച'കൾ എന്ന പ്രതിഭാസത്തെകുറിച്ച് ആരും അവിടെവച്ച് നിന്നോട് പറഞ്ഞില്ല അല്ലേ? ഏതായാലും ഞാൻ ചില കാര്യങ്ങൾ പറഞ്ഞു തരാം.

ഈ മനുഷ്യനെന്നത് പകുതി ആത്മാവും പകുതി മൃഗവുമായിട്ടുള്ള ഒരു വിചിത്രജീവിയാണ് [1](ഇങ്ങനെയൊരു സങ്കരജീവിയെ സൃഷ്ടിക്കുവാനുള്ള ശത്രുവിന്റെ തീരുമാനമാണ് നമ്മുടെ പിതാവിനെ അവനിൽ നിന്നും അകറ്റിയ ഒരു കാരണം). മനുഷ്യൻ' ആത്മാവ് എന്ന നിലയിൽ വിളിക്കപ്പെട്ടവനാണെങ്കിലും അതേ സമയം തന്നെ അവൻ ഒരു മൃഗമായതിനാൽ ഒരു പ്രത്യേക സമയ പരിധിക്കുള്ളിൽ ജീവിക്കേണ്ടവനുമാണ്. അവന്റെ ആത്മാവ് നിത്യമായ ഒന്നിലേക്ക് കേന്ദ്രീകരിച്ചിരിക്കുവാൻ ആഗ്രഹിക്കുമ്പോൾ തന്നെ അവന്റെ ശരീരം, വികാരങ്ങൾ, താത്പര്യങ്ങൾ എന്നിവ കാലഘട്ടത്തിനനുസരിച്ച് മാറുന്നു. ഈ വൈരുദ്ധ്യം അവനെ സ്ഥിരതയില്ലാത്ത എപ്പോഴും ഉയർന്നും താഴ്ന്നുമുള്ള ഒരു ജീവിതരീതിയിൽ തളച്ചിടുന്നു. നീ വേണ്ടവണ്ണം ശ്രദ്ധിച്ചാൽ ഈ പ്രതിഭാസം നിന്റെ കക്ഷിയുടെ ജീവിതത്തിന്റെ എല്ലാം മേഖലയിലുമുള്ളത് നിനക്കു കാണാം. അവന്റെ ജോലിയിൽ, അവന്റെ സ്നേഹിതരോടുള്ള ബന്ധത്തിൽ, ഭക്ഷണത്തോടുള്ള താത്പര്യത്തിൽ എല്ലാം "ഉയർച്ച-താഴ്ച'കൾ കാണാം. അവൻ ഈ ഭൂമിയിൽ ജീവിക്കുന്നിടത്തോളം കാലം അവന്റെ ജീവിതത്തിൽ ഒരു സമയം

വലിയ ഉത്സാഹവും, സന്തോഷവും, സമ്പന്നതയും പിന്നെ ഒരു സമയം മരവിപ്പും നിരാശതയും ദാരിദ്ര്യവും ഇങ്ങനെ പരസ്പര വിരുദ്ധങ്ങളായ അനുഭവങ്ങൾ മാറിമാറി വരുന്നു. [2]ഇപ്പോൾ നിന്റെ കക്ഷി അനുഭവിച്ചുകൊണ്ടിരിക്കുന്ന വിരസത നിന്റെ പ്രവർത്തനത്തിന്റെ മിടുക്കാണെന്ന് നീ തെറ്റിദ്ധരിക്കരുത്. അത് ഈ മനുഷ്യരിലുള്ള ഒരു സ്വാഭാവിക പ്രതിഭാസം മാത്രമാണ്. നാം ഈ അവസരം വേണ്ടതുപോലെ ഉപയോഗിച്ചാൽ മാത്രമേ നമുക്ക് പ്രയോജനം ലഭിക്കൂ.

ഈ സാഹചര്യത്തെ എങ്ങനെ പ്രയോജനപ്പെടുത്താം എന്നറിയണമെങ്കിൽ ആദ്യം നമ്മുടെ ശത്രു ഇതിനെ എങ്ങനെ പ്രയോജനപ്പെടുത്തുന്നു എന്നു ശ്രദ്ധിക്കുക. അതിനുശേഷം അതിനുനേരെ എതിരായ പ്രവർത്തനം നടത്തുക-ഇതാണു വേണ്ടത്. ഒരു ആത്മാവിനെ തനിക്ക് സ്വന്തമാക്കുവാൻ നമ്മുടെ ശത്രു കൂടുതൽ സാദ്ധ്യത കാണുന്നത് മനുഷ്യൻ "തൃപ്തിയുടെ" ഉന്നതഗോപുരത്തിൽ നിൽക്കുന്ന സമയത്തേക്കാൾ നിരാശതയുടെ പടുകുഴിയിൽ കഴിയുമ്പോഴാണ് (നിനക്ക് അത്ഭുതം തോന്നുന്നുണ്ടാകാം). അവനു പ്രിയപ്പെട്ട പലരും ദീർഘകാലം നിരാശതയുടെ പടുകുഴിയിൽ കഴിഞ്ഞവരാണ്. നമ്മെ സംബന്ധിച്ചിടത്തോളം മനുഷ്യൻ നമ്മുടെ ഇര മാത്രമാണ്. അവരുടെ ഇച്ഛയെ നമ്മുടെ ഇച്ഛയാക്കിത്തീർക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. അതുവഴി "തന്നിഷ്ടവും സ്വാർത്ഥതയും" എന്ന നമ്മുടെ പ്രവർത്തനമേഖല ഒന്നുകൂടി വിപുലപ്പെടുത്തുകയാണ് നാം ചെയ്യുന്നത്. അതേസമയം നമ്മുടെ ശത്രു ഈ മനുഷ്യരിൽനിന്നും ആഗ്രഹിക്കുന്ന അനുസരണം തികച്ചും വ്യത്യസ്തമായ ഒന്നാണ്. മനുഷ്യരോടുള്ള നമ്മുടെ ശത്രുവിന്റെ സ്നേഹത്തെ കുറിച്ചും അവൻ അവർക്കു നൽകിയിരിക്കുന്ന സ്വാതന്ത്ര്യത്തെക്കുറിച്ചും ഒക്കെ നീ കേൾക്കുന്നത് അവന്റെ ഒരു പ്രചാരണം മാത്രമാണെന്ന് നീ കരുതരുത്. [3]അത് ഭയാനകമായ ഒരു സത്യമാണെന്ന് നീ അറിയണം. ഈ ലോകം മുഴുവൻ തന്റെ സ്വഭാവം (നാം വളരെ വെറുക്കുന്നത്) വെളിപ്പെടുത്തുന്ന തന്റെതന്നെ ചെറിയ പതിപ്പുകൾകൊണ്ട് നിറയ്ക്കണം എന്നതാണ് നമ്മുടെ ശത്രുവിന്റെ പ്രധാന ലക്ഷ്യം. അവന്റെ ശക്തിയാൽ മനുഷ്യരെ കീഴ്പ്പെടുത്തുകയല്ല, പകരം മനുഷ്യൻ സ്വന്ത ഇഷ്ടപ്രകാരം അവന്റെ സ്വഭാവത്തോട് ചേരുകയാണ് ചെയ്യുന്നത്. ആഹാരമായിത്തീരേണ്ട മൃഗങ്ങളായി മാത്രം നാം കരുതുന്ന ഈ മനുഷ്യരെ നമുക്ക് ആവശ്യമുള്ളപ്പോൾ നമ്മുടെ ശത്രു അവന്റെ മക്കളായിത്തീരുവാൻ തക്കവണ്ണം തങ്ങളെത്തന്നെ സമർപ്പിച്ചവരെ അന്വേഷിക്കുന്നു. നാം മനുഷ്യരിൽ നിന്നു ഞെക്കിപ്പിഴിഞ്ഞെടുക്കുവാൻ ആഗ്രഹിക്കുമ്പോൾ അവനോ തനിക്കുള്ളതിൽ നിന്നു മനുഷ്യർക്ക് നൽകുവാൻ ആഗ്രഹിക്കുന്നു. നാം ശൂന്യരാകയാൽ സ്വയം നിറയ്ക്കുവാൻ ശ്രമിക്കുന്നു. അവനോ നിറഞ്ഞവനും നിറഞ്ഞു കവിയുന്നവനുമാകുന്നു. നമ്മുടെ ലക്ഷ്യം ഈ ഭൂതലത്തിലുള്ള സകലത്തേയും അധോലോകത്തിലെ നമ്മുടെ പിതാവിന് അടിമയാക്കിത്തീർക്കുക എന്നതാണ്. സ്വന്തം വ്യക്തിത്വം നിലനിർത്തിക്കൊണ്ടുതന്നെ തന്നോട് ഐക്യത്തിൽ കഴിയുന്ന മനുഷ്യരെക്കൊണ്ട് ഈ ഭൂമി നിറയ്ക്കണമെന്നാണ് നമ്മുടെ ശത്രു ആഗ്രഹിക്കുന്നത്.

താൻ ആഗ്രഹിക്കുന്ന ഏതു സമയത്തും ഏതു രീതിയിലും മനുഷ്യർക്കു തിരിച്ചറിയുവാൻ കഴിയുന്നവണ്ണം തന്നെ വെളിപ്പെടുത്തിക്കൊടുക്കുവാനുള്ള ശക്തി നമ്മുടെ ശത്രുവിനുണ്ടെങ്കിലും അവൻ അത് ചെയ്യുന്നില്ല. ഇത് നിന്നെ അത്ഭുതപ്പെടുത്തുന്നുണ്ടാകാം. അതാണവന്റെ വിചിത്രസ്വഭാവം.





വെറുതെ ഒരു മനുഷ്യന്റെ ഇച്ഛയെ കീഴടക്കിയതുകൊണ്ട് വലിയ പ്രയോജനമില്ലെന്ന് നമ്മുടെ ശത്രുവിനറിയാം. (വളരെ ചെറിയ അളവിൽ അവ്യക്തമായിട്ടാണെങ്കിലും തന്റെ സാന്നിദ്ധ്യം ഒന്നറിയിച്ചാൽ മതി അവന് ഈ മനുഷ്യരെ കീഴ്പ്പെടുത്തുവാൻ കഴിയും).പക്ഷേ അവൻ ബലം പ്രയോഗിച്ച് ആരേയും കീഴ്പ്പെടുത്തുവാൻ ശ്രമിക്കുകയില്ല; അനുനയിപ്പിക്കുവാനാണ് അവൻ ശ്രമിക്കുന്നത്. ഈ മനുഷ്യരെല്ലാം വ്യത്യസ്തരായി നിൽക്കെത്തന്നെ തന്നോട് ഒരുമനപ്പെട്ട് ഒന്നാകണം എന്നതാണ് നമ്മുടെ ശത്രുവിന്റെ ഹീനമായ താത്പര്യം. അവരെ പൂർണ്ണമായി ഇല്ലാതാക്കുംവണ്ണം തന്നിലേക്ക് ഉൾക്കൊള്ളുന്നതുകൊണ്ട് വലിയ പ്രയോജനമില്ല എന്നാണ് അവൻ കരുതുന്നത്. എന്നാൽ ഒരുവന്റെ ക്രിസ്തീയ ജീവിതത്തിന്റെ തുടക്കത്തിൽ അവൻ അല്പം സ്വാധീനം ചെലുത്താറുണ്ട്. അത്ര വ്യക്തമായിട്ടല്ലെങ്കിലും തന്റെ സാന്നിദ്ധ്യത്തെകുറിച്ച് ഒരു ബോധം മനുഷ്യരിൽ ഉണ്ടാക്കും (തങ്ങളിൽ ഒരു മധുര വികാരം ഉണർത്തുന്നതും പരീക്ഷകളെ ജയിക്കാൻ ശക്തി നൽകുന്നതുമായ 'നമ്മുടെ' ശത്രുവിന്റെ ഈ സാന്നിദ്ധ്യബോധം തന്നെ മനുഷ്യർക്ക് വലിയ കാര്യമാണ്). എന്നാൽ ഈ അവസ്ഥ അധികം നാൾ തുടരാൻ അനുവദിക്കാതെ അവൻ പിൻവാങ്ങും. പൂർണ്ണമായി അവരെ കൈവിട്ടു എന്നല്ല പെട്ടെന്ന് അനുഭവിക്കാൻ കഴിയുന്ന തരത്തിലുള്ള പിന്തുണ ഉണ്ടാകയില്ല എന്നു മാത്രം. അവൻ മനുഷ്യരെ സ്വന്തം കാലിൽ നിൽക്കുവാൻ പ്രേരിപ്പിക്കുന്നു.

(സ്വാഭാവികമായി താത്പര്യമില്ലാത്ത കാര്യങ്ങൾ പോലും സ്വന്ത ഇച്ഛയിൽ ചെയ്യുവാൻ അവൻ മനുഷ്യരെ പ്രേരിപ്പിക്കുന്നു.) അവൻ ആഗ്രഹിക്കുന്ന തരത്തിലുള്ള ഒരു വളർച്ച ഈ മനുഷ്യരിൽ ഉണ്ടാകുന്നത് ഇങ്ങനെയുള്ള അവസരത്തിലാണ്. അതുകൊണ്ടുതന്നെ നാം തുടക്കത്തിൽ പറഞ്ഞതുപോലെ മനുഷ്യരുടെ ആത്മീയ ജീവിതം ഉണങ്ങി വരണ്ടിരിക്കുന്ന അവസരത്തിലുള്ള പ്രാർത്ഥനയാണ് നമ്മുടെ ശത്രുവിനെ വളരെ സന്തോഷിപ്പിക്കുന്നത്. ഈ സമയത്ത് നമ്മൾ മനുഷ്യരുടെ "സ്വന്തം ഇച്ഛ" എന്നതിനെ സ്വാധീനിക്കുവാൻ വേണ്ടതു ചെയ്യണം. [4]മനുഷ്യരെ തിന്മ ചെയ്യുവാൻ നാം പ്രലോഭിപ്പിക്കുന്നതുപോലെ നന്മ ചെയ്യുവാൻ ശത്രു ഒരിക്കലും ആരേയും പ്രലോഭിപ്പിക്കാറില്ല. നേരിട്ടുള്ള തന്റെ സഹായം കൂടാതെ തന്നെ മനുഷ്യർ തങ്ങളുടെ ക്രിസ്തീയ ജീവിതത്തിൽ മുന്നോട്ട് നടക്കുവാൻ പഠിക്കണം എന്നാണ് അവൻ ആഗ്രഹിക്കുന്നത്. ഉള്ളിന്റെ ഉള്ളിൽ തന്നോടുകൂടി നടക്കണമെന്ന് ആഗ്രഹിക്കുന്നവർ ഇടയ്ക്കൊന്നു വീണാലും അവനു പ്രയാസമില്ല. അതുകൊണ്ട് എന്റെ പ്രിയപ്പെട്ട പിശാചുകുഞ്ഞേ, മനുഷ്യരുടെ ചില അവസ്ഥകൾ കണ്ട് നീ ചതിക്കപ്പെടരുത്. സാഹചര്യങ്ങൾ അനുകൂലമല്ലാത്തപ്പോൾ പോലും ശത്രുവിന്റെ താത്പര്യങ്ങൾ അനുസരിക്കുവാൻ മനുഷ്യർ തുടങ്ങിയാൽ പിന്നെ അതിനേക്കാൾ അപകടകരമായ ഒരു സാഹചര്യം നമ്മെ സംബന്ധിച്ചില്ല.

ഇങ്ങനെയൊക്കെയാണെങ്കിലും മനുഷ്യർ നിരാശക്കുഴിയിൽ വീണുകിടക്കുന്ന അവസരത്തിൽ നമുക്ക് ചില സാദ്ധ്യതകൾ ഉണ്ട്. അതു സംബന്ധിച്ച് ചില വിവരങ്ങൾ അടുത്ത കത്തിൽ എഴുതാം.

*സ്നേഹപൂർവ്വം*
*അമ്മാവൻ പിശാച്*

## അടിക്കുറിപ്പുകൾ

***1. ഇങ്ങനെയൊരു സങ്കരജീവിയെ സൃഷ്ടിക്കാനുള്ള ശത്രുവിന്റെ തീരുമാനമാണ് നമ്മുടെ പിതാവിനെ......***

*ശേഷം പേജ് 33 ൽ*



# ബൈബിളിലൂടെ...

## ലൂക്കോസിന്റെ സുവിശേഷം
*(തുടർച്ച)*

**സാക്‌പുന്നൻ**

**ലൂ**ക്കോസ് 16 ൽ യേശു ധനികനായ മനുഷ്യന്റെയും ലാസർ എന്നു പേരുള്ള ദരിദ്രന്റെയും യഥാർത്ഥകഥ പറഞ്ഞു.(16:19) ഇതൊരു ഉപമയല്ല. കാരണം യേശു ഉപമകളിലെങ്ങും തന്നെ വ്യക്തികളുടെ പേരുകൾ (ലാസർ, അബ്രഹാം) ഉപയോഗിച്ചിട്ടില്ല. ദൈവം വളരെ ധനം ഭരമേല്പിച്ച ഒരു യഥാർത്ഥ മനുഷ്യന്റെ കഥയാണിത്. അയാൾ അതുമുഴുവൻ സ്വന്തം സുഖഭോഗങ്ങൾക്കായി ചെലവഴിച്ചു. ആവശ്യത്തിലിരുന്ന സഹോദരങ്ങളെ സഹായിക്കുവാനായി ഒന്നും ചെയ്തില്ല. തന്റെ പടിവാതില്ക്കൽ കിടന്നിരുന്ന ലാസർ എന്ന ദരിദ്രനെ ശ്രദ്ധിച്ചതേയില്ല. ലാസറും അബ്രഹാമിന്റെയും യിസഹാക്കിന്റെയും യാക്കോബിന്റെയും മകനാകയാൽ അവനു സ്വന്ത സഹോദരനായിരുന്നു. അതിനർത്ഥം അവനു ദൈവത്തിലുള്ള വിശ്വാസം നിർജ്ജീവമായിരുന്നു.

യാക്കോബ് ഇങ്ങനെ പറയുന്നു. “ഒരു സഹോദരനോ സഹോദരിയോ നഗ്നരും അഹോവൃത്തിക്കു വകയില്ലാത്തവരുമായിരിക്കെ നിങ്ങളിൽ ഒരുത്തൻ അവനോട് സമാധാനത്തോടെ പോയി തീ കായുകയും വിശപ്പടക്കുകയും ചെയ്യുക എന്നു പറയുന്നതല്ലാതെ ദേഹരക്ഷയ്ക്ക് ആവശ്യമുള്ളത് അവർക്കു കൊടുക്കാതിരുന്നാൽ ഉപകാരം എന്ത്? അങ്ങനെ വിശ്വാസവും പ്രവൃത്തികളില്ലാത്തതായാൽ സ്വതവേ നിർജ്ജീവമാകുന്നു. (യാക്കോ.2:14-17)രക്ഷ എന്നതു വിശ്വാസത്താലാണ്. ആ ധനവാന്റെ വിശ്വാസം നിർജ്ജീവമായതു കാരണം അവൻ നരകത്തിലവസാനിച്ചു.

ലാസർ മരിച്ചപ്പോൾ അവനുശവസംസ്കാരം ലഭിച്ചോ എന്നൊന്നും ബൈബിൾ പറയുന്നില്ല (16:22) ഒരു പക്ഷേ ആ മൃതദേഹം ചവറ്റുകൂനയിലേക്ക് എറിഞ്ഞു കളഞ്ഞിരിക്കാം. എന്നാൽ പറുദീസയിലെത്തിയ ലാസറിനു അക്കാര്യത്തിൽ എന്തു ഖേദം? ധനവാന് വലിയ ഒരു ശവസംസ്കാരം തന്നെ ലഭിച്ചിരിക്കാം. മഹാപുരോഹിതൻ തന്നെ അതിനു മുഖ്യ കാർമ്മികത്വം വഹിച്ചിരിക്കാം. (മതനേതാക്കന്മാർ ധനവാന്മാരുടെ ശവസംസ്കാരത്തിനാണല്ലോ പോകാറു പതിവ്) അങ്ങനെയെങ്കിൽ വളരെ പ്രശംസകൾ ധനവാനെക്കുറിച്ച് അദ്ദേഹം പറയുകയും ചെയ്തിരിക്കാം. പക്ഷേ ഇത്തരം ശവസംസ്കാരം നടക്കുമ്പോൾ അയാൾ നരകത്തിലെത്തിക്കഴിഞ്ഞു! അവിടെ കിടന്നുകൊണ്ട് ഇതിനൊക്കെ സാക്ഷ്യം വഹിച്ചു. ചില ആളുകൾ വലിയ ഒരു ശവസംസ്കാരവും വിവാഹവും ലഭിക്കാൻ വേണ്ടി മാത്രമാണ് നിർജ്ജീവമായ തങ്ങളുടെ സമുദായങ്ങളെയും കത്തീഡ്രലുകളെയും വിടാതെ ഗാഢമായി







ധനവാന് വലിയ ഒരു ശവസംസ്കാരം തന്നെ ലഭിച്ചിരിക്കാം. മഹാപുരോഹിതൻ തന്നെ അതിനു മുഖ്യ കാർമ്മികത്വം വഹിച്ചിരിക്കാം.

പുണർന്നു കഴിയുന്നത്. നരകത്തിൽ കിടന്നുകൊണ്ട് ധനവാൻ താൻ നിന്ദിച്ച ലാസർ സ്വർഗ്ഗത്തിലിരിക്കുന്നതു കണ്ടു. ഭീമമായ തന്റെ ധനശക്തിക്കോ വലിയ മതത്തിന്റെ സ്വാധീനങ്ങൾക്കോ തന്നെ സ്വർഗ്ഗത്തിൽ എത്തിക്കാൻ കഴിഞ്ഞില്ല. “ദൈവം ലോകത്തിലെ ദരിദ്രരായവരെ വിശ്വാസത്തിൽ സമ്പന്നരാകുവാൻ തെരഞ്ഞെടുത്തു.” (യാക്കോ2:5). ദൈവം നിങ്ങൾക്കു ധനം തന്നിരിക്കുന്നു എങ്കിൽ അതുമറ്റുള്ളവരെ അനുഗ്രഹിക്കുവാനാണ്. ആ ധനവാൻ നരകത്തിലെത്തിയപ്പോഴാണ് മനസ്സിലാക്കിയത്. “താൻ മാനസാന്തരപ്പെട്ടിരുന്നില്ല” എന്നത് (16:30). ലാസർ സ്വർഗ്ഗത്തിലിരിക്കുന്നതിന്റെ കാരണം അവൻ മാനസാന്തരപ്പെടുകയും വിശ്വസിക്കയും ചെയ്തതിനാലാണ്.

**അധ്യായം 17**

ലൂക്കോസിന്റെ സുവിശേഷം 17:3,4ൽ മറ്റുള്ളവരോടു ക്ഷമിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് യേശു പഠിപ്പിക്കുന്നു. ഒരുദിവസംതന്നെ നാം നമ്മോട് ഏഴു പ്രാവശ്യം തെറ്റിപ്പോയവനോടും ക്ഷമിക്കണമെന്നു യേശു പഠിപ്പിച്ചു.

17:10ൽ കർത്താവിന്റെ ഓരോ കല്പനയും ശ്രദ്ധയോടെ അനുസരിച്ച ശേഷവും ഞാൻ കൊള്ളരുതാത്ത ദാസൻ, എന്ന മനോഭാവം നമുക്കുണ്ടായിരിക്കണം. കാരണം നാം ചെയ്യേണ്ടതു മാത്രമേ ചെയ്തിട്ടുള്ളു. കൊള്ളരുതാത്ത എന്ന പദം achreios എന്ന ഗ്രീക്ക് പദത്തിന്റെ തർജ്ജമയാണ്. അതിനർത്ഥം പ്രയോജനമില്ലാത്തത്, പാഴ്” എന്നൊക്കെയാണ്. ക്രിസ്ത്യാനികൾ പോലും വലിയ വേദശാസ്ത്ര ബിരുദങ്ങൾ തങ്ങളുടെ പേരിനൊപ്പം ചേർക്കുവാൻ യത്നിക്കുന്ന ഇന്നത്തെ ലോകത്തിൽ ഇതു വളരെ നല്ല ഒരു ബിരുദമായിരിക്കും. U.S. useless servant (നിഷ്പ്രയോജന ദാസൻ) ഇതു പേരിനൊപ്പം ചേർക്കുവാൻ എത്ര പേർക്കു താത്പര്യമുണ്ടായിരിക്കും? പക്ഷേ ഈ ബിരുദമെങ്കിലും ലഭിപ്പാൻ

**കർത്താവിന്റെ കല്പനകളെ അത്ര ഗൗരവമായി എടുക്കാത്തതുകൊണ്ട്,കർത്താവ് നമുക്കു ചെറിയ ചില അനുഗ്രഹങ്ങൾ അവിടെയും ഇവിടെയും നൽകിയപ്പോൾ നാം ചിന്തിച്ചു പോയി ഞാൻ കർത്താവിനു വളരെ പ്രയോജനമുള്ള ഒരുവനാണെന്ന്. എത്ര വലിയ വഞ്ചനയിലാണു നാം!**

നാം എപ്പോഴാണ് യോഗ്യരായിത്തീരുക? കർത്താവിന്റെ ഓരോ കല്പനയും അനുസരിച്ച ശേഷം മാത്രം. നമ്മിൽ ചിലരെങ്കിലും ചിന്തിക്കുന്നുണ്ടാവും ഞാൻ കർത്താവിനു വളരെ പ്രയോജമുള്ള ദാസനാണെന്ന്. നാം നമ്മുടെ കർത്താവിന്റെ കല്പനകളെ അത്ര ഗൗരവമായി എടുക്കാത്തതുകൊണ്ടാണത്. കർത്താവ് നമുക്കു ചെറിയ ചില അനുഗ്രഹങ്ങൾ അവിടെയും ഇവിടെയും നൽകിയപ്പോൾ നാം ചിന്തിച്ചു പോയി. ഞാൻ കർത്താവിനു വളരെ പ്രയോജനമുള്ള ഒരുവനാണെന്ന്. എത്ര വലിയ വഞ്ചനയിലാണു നാം! നമ്മുടെ ഏറ്റവും മെച്ചപ്പെട്ട അവസ്ഥയിൽ പോലും നാം പ്രയോജനമില്ലാത്തവർതന്നെ. നാം ആകുന്നതു കൃപയാൽ ആകുന്നു. ( 1 കൊരി 15:10) എല്ലായ്പ്പോഴും സുബോധത്തോടെ സ്വയം വിലയിരുത്തുക ജീവിതത്തിലെന്നും വലിയ കാര്യങ്ങൾക്കായി ദൈവത്തിൽ നിന്നും കൃപ ലഭിച്ചുകൊണ്ടിരിക്കും.

17:12-19ൽ തങ്ങളെ സൗഖ്യമാക്കാൻ ഉച്ചത്തിൽ വിളിച്ചപേക്ഷിച്ച പത്തു കുഷ്ഠരോഗികളെക്കുറിച്ച് നാം വായിക്കുന്നു. അവരെല്ലാവരും സൗഖ്യമായി. പക്ഷേ അതിലൊരുവൻ മാത്രം കർത്താവിനു നന്ദി കരേറ്റാൻ കടന്നുവന്നു. അവൻ നന്ദി പറഞ്ഞതു കൊണ്ട് അവന് കൂടുതൽ ലഭിച്ചു. "നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു." (വാ.19) മറ്റുള്ളവർക്കു ശാരീരിക സൗഖ്യം മാത്രം ലഭിച്ചു. നന്ദി പറയാൻ മടങ്ങി വന്നവൻ നിന്ദിക്കപ്പെട്ട ഒരു ശമര്യൻ ആയിരുന്നു. അവനു മാന്യരായ ഒൻപത് യഹൂദരെക്കാൾ ഒന്ന് അധികം ലഭിച്ചു. രക്ഷ. നിങ്ങളും നിങ്ങൾക്കു ലഭിച്ചതിനു നന്ദി കരേറുമ്പോൾ അധികം ലഭിച്ചവരാകും.

തുടർന്ന് യേശു തന്റെ രണ്ടാം വരവിനെ കുറിച്ചു സംസാരിക്കുന്നു. മത്തായി 24ൽ വായിക്കുന്ന കാര്യങ്ങൾ നാം വഞ്ചിക്കപ്പെട്ടു പോകാതിരിപ്പാൻ പരിശുദ്ധാത്മാവ് ഇവിടെ ആവർത്തിക്കുന്നു. ഇതാ ക്രിസ്തു ഇവിടെ എന്നോ അതാ അവിടെ എന്നോ ആരെങ്കിലും പറഞ്ഞാൽ വിശ്വസിക്കരുത്. മിന്നൽ ആകാശത്തിൽ ദിക്കോടു ദിക്ക് പ്രകാശിക്കുമ്പോലെ ഏവർക്കും കാണത്തക്കവണ്ണമായിരിക്കും തന്റെ വരവും. തന്റെ വരവ് രഹസ്യത്തിലായിരിക്കില്ല എന്ന് യേശു ആവർത്തിച്ചു വ്യക്തമാക്കിയിട്ടുണ്ട്. രണ്ടാം വരവ് ഒരേ ഒരു പ്രാവശ്യം മാത്രമായിരിക്കും. തന്റെ വരവിനു മുമ്പുള്ള മഹാപീഡനകാലത്ത് എല്ലാ വിശ്വാസികളും ഭൂമിയിലുണ്ടാവും. കാരണം തങ്ങളുടെ സാക്ഷ്യം ഏറ്റവുമധികം ആവശ്യമുള്ള ഒരു സമയത്ത് കർത്താവു തന്റെ ഏറ്റവും നല്ല ഭടന്മാരെ ഭൂമിയിൽ നിന്നും എടുത്തു മാറ്റുകയില്ല. പ്രത്യേകിച്ചും അധർമ്മമൂർത്തിയുടെ വാഴ്ചയുടെ കാലത്ത്. നമുക്ക് കഷ്ടം സഹിക്കേണ്ടി വരുമെന്നതു നിസ്തർക്കമായ വസ്തുതയാണ്. പലരും വിശ്വാസം ത്യജിച്ചുകളയും.





സംശയമില്ല. ചിലർ വിശ്വസ്തരായി നിലകൊണ്ട് കർത്താവിനെ മഹത്വപ്പെടുത്തും. "കർത്താവു രഹസ്യമായി ഇവിടെ വന്നു അവിടെ വന്നു." എന്ന് ആളുകൾ പ്രസംഗിക്കുമ്പോൾ നാം അതു വിശ്വസിക്കേണ്ടതില്ല. (വാ. 23) ഞാനും അതു വിശ്വസിക്കുന്നില്ല. അപ്പൊസ്തലന്മാരിൽ ആരും തന്നെ ഈ ഉപദേശം പഠിപ്പിക്കയോ വിശ്വസിക്കയോ ചെയ്തിട്ടില്ല. പെന്തക്കോസ്തു നാൾ മുതൽ കഴിഞ്ഞ 18 നൂറ്റാണ്ടുകളിലും ഈ ഉപദേശം ആരും പഠിപ്പിച്ചിട്ടില്ല 1800-കളുടെ മദ്ധ്യത്തിൽ ഇംഗ്ലണ്ടിൽ നിന്നുയർന്ന ഒരു ഉപദേശമാണ്. രഹസ്യത്തിലുള്ള ഉൽപ്രാപണം. അതിന്റെ അലകൾ ഇന്നും ലോകമെങ്ങും പ്രതിധ്വനിച്ചു കൊണ്ടിരിക്കുന്നു. നൂറ്റാണ്ടുകളായി യാതൊരുവിധ പീഡനങ്ങളുമനുഭവിക്കാതെ സുഖലോലുപതയിൽ കഴിഞ്ഞ ഒരു രാജ്യത്തു നിന്നു അത്തരമൊരുപദേശം ഉടലെടുത്തതിൽ എനിക്കു തെല്ലും അത്ഭുതമില്ല.

അവസാനമായി കർത്താവു വരുമ്പോൾ വളരെചെറിയ ഒരു കൂട്ടം മാത്രം തന്നെ എതിരേൽക്കാൻ എടുക്കപ്പെടുകയും തന്നെ ഭൂമിയിലേക്കു സ്വാഗതം ചെയ്കയും ചെയ്യും. ധാരാളംപേർ ഉപേക്ഷിക്കപ്പെടും. രണ്ടുപേർ ഒരു കിടക്കയിലായിരിക്കും (ഭാര്യയും ഭർത്താവും ആകാം) ഒരാൾ എടുക്കപ്പെടും (അപര(ൻ) ഉപേക്ഷിക്കപ്പെടും. (17:34) രണ്ടുപേർ ഒന്നിച്ചു ജോലി ചെയ്തുകൊണ്ടിരിക്കും. ഒരാൾ എടുക്കപ്പെടും അപരൻ ഉപേക്ഷിക്കപ്പെടും (വാ.35) അതുകൊണ്ടു നിതാന്ത ജാഗ്രത പുലർത്താൻ കർത്താവു പറയുന്നു. ഉദാഹരണമായി നിങ്ങൾ വീടിന്മേലാണിരിക്കുന്നതെങ്കിൽ വീട്ടിനുള്ളിലേക്ക് ഇറങ്ങിപ്പോകരുത്. വയലിലാണു നിങ്ങളെങ്കിൽ വീട്ടിലേക്കു പോകരുത്. അക്കാലത്ത് ആളുകൾ വയലിൽ ജോലി ചെയ്തിരുന്നു. ഇക്കാലത്തു നാം ഓഫീസുകളിലും ജോലി ചെയ്യുന്നു. കർത്താവു തന്റെ വാക്കുകളിലൂടെ ഉദ്ദേശിച്ച കാര്യമെന്തെന്നു ഞാൻ വിശദീകരിക്കട്ടെ. കർത്താവു വരുമ്പോൾ നിങ്ങൾ ഓഫീസിലാണെങ്കിൽ "കർത്താവേ, ഒരു നിമിഷം കാക്കണമെ. ഞാൻ കാലത്തെ എന്റെ ഭാര്യയോടു വഴക്കിട്ടാണ് പോന്നത്. ഞാൻ പോയി അവളോടു ക്ഷമയാചനം ചെയ്തുകൊള്ളട്ടെ" എന്നുപറയാൻ സമയം കിട്ടില്ല. നിതാന്ത ജാഗ്രത എന്നാൽ ഏതു സമയത്തും കണക്കു തീർത്ത് ക്രമപ്പെട്ടിരിക്കുക എന്നാണ്. നിങ്ങൾ മേൽക്കൂരയിലാണെങ്കിൽ അവിടെ നിന്നു തന്നെ എടുക്കപ്പെടാൻ ഒരുക്കമുള്ളവരായിരിക്കുക. വീട്ടിനുള്ളിലുള്ള ഒരു വസ്തു വകയോടും ബന്ധനമരുത്. ഏതുസമയത്തും നിർമ്മലമായ ഒരു മനസ്സാക്ഷി സൂക്ഷിച്ചും ഭൗമിക വസ്തുക്കളോടുള്ള എല്ലാ മമതയും അവസാനിപ്പിച്ചും വേണം നാം കർത്താവിന്റെ വരവിനായി ഒരുങ്ങുവാൻ.

**നിതാന്ത ജാഗ്രത എന്നാൽ ഏതു സമയത്തും കണക്കു തീർത്ത് ക്രമപ്പെട്ടിരിക്കുക എന്നാണ്. നിങ്ങൾ മേൽക്കൂരയിലാണെങ്കിൽ അവിടെ നിന്നു തന്നെ എടുക്കപ്പെടാൻ ഒരുക്കമുള്ളവരായിരിക്കുക. വീട്ടിനുള്ളിലുള്ള ഒരു വസ്തു വകയോടും ബന്ധനമരുത്. ഏതുസമയത്തും നിർമ്മലമായ ഒരു മനസ്സാക്ഷി സൂക്ഷിച്ചും ഭൗമിക വസ്തുക്കളോടുള്ള എല്ലാ മമതയും അവസാനിപ്പിച്ചും വേണം നാം കർത്താവിന്റെ വരവിനായി ഒരുങ്ങുവാൻ.**

**അധ്യായം 18**

18:7- ൽ പ്രാർത്ഥനയിൽ ഉറ്റിരിക്കുന്നതിനെക്കുറിച്ച് യേശു പറയുന്നു. പ്രാർത്ഥനയെക്കുറിച്ച് യേശു പറഞ്ഞ രണ്ടുപമകളിലും മടുപ്പു കൂടാതെ സ്ഥിരത പുലർത്തുന്നതിന് ഊന്നൽ നൽകിയിരിക്കുന്നതു കാണാം. 11-ാം അദ്ധ്യായത്തിൽ മറ്റുള്ളവരെ സേവിക്കുന്നതിനാവശ്യമായ ശക്തിയെക്കുറിച്ചു പറയുമ്പോഴും ഇവിടെ നമ്മുടെ സ്വകാര്യ ജീവിതത്തെ പിശാചിന്റെ ആക്രമണത്തിൽ നിന്നും രക്ഷിക്കുന്നതിനെകുറിച്ചു പറയുമ്പോഴും. ആ വിധവ ഒരു വിശ്വാസിയുടെ പ്രതീകമാണ്. കർത്താവു വിശ്വാസികളെ എപ്പോഴും ബലഹീനരും നിസ്സഹായരുമായി -ആടുകൾ, വിധവ - ചിത്രീകരിക്കുന്നു. അതിന്റെ കാരണം നാം സ്വന്ത ശക്തിയിൽ ആശ്രയിക്കുന്നവരാകാതെ എല്ലാറ്റിലും എല്ലായ്പ്പോഴും ദൈവത്തിൽ ആശ്രയം വെക്കേണ്ടവരായതുകൊണ്ടാണ്. നാം പാപത്താൽ പരാജയപ്പെട്ടവരോ ഭയം നിറഞ്ഞവരോ ആണെങ്കിൽ പിശാച് നമ്മെ നിരന്തരം ആക്രമിച്ചു കൊണ്ടിരിക്കും. ഈ ആക്രമണത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിക്കുംവരെ നാം നിരന്തരം ദൈവത്തോട് യാചിച്ചു കൊണ്ടിരിക്കണം. തന്റെ പ്രതിയോഗിയിൽ നിന്നും പൂർണ്ണ വിടുതൽ ലഭിക്കും വരെ ആ വിധവ ന്യായാധിപനോടു മുട്ടിക്കൊണ്ടിരുന്നു. നാമും അങ്ങനെ തന്നെ ചെയ്യണമെന്നു കർത്താവ് ആഗ്രഹിക്കുന്നു. അങ്ങനെ നിരന്തരമായ ജയജീവിതത്തിനുള്ള വിശ്വാസമുള്ള ചുരുക്കം പേർ മാത്രമേ തന്റെ മടങ്ങി വരവിൽ കാണുകയുള്ളു എന്നു പറഞ്ഞു കൊണ്ടാണ് കർത്താവ് ആ ഉപമ അവസാനിപ്പിക്കുന്നത്. (18:8) അങ്ങനെയുള്ള കാലഘട്ടത്തിലാണു നാം ജീവിക്കുന്നത്. ജയജീവിതം സാദ്ധ്യമാണോ എന്ന വിഷയത്തിൽ വേദശാസ്ത്രപരമായ തർക്കത്തിൽ ഏർപ്പെട്ടിരിക്കുന്നവരാണ് അധികം ക്രൈസ്തവരും. യേശു പറഞ്ഞു ദുഃഖിക്കുന്നവർക്ക് (തങ്ങളുടെ പാപങ്ങളെയോർത്ത്) ആശ്വാസവും ശക്തിയും ലഭിക്കും. എത്രയധികം നാം നമ്മുടെ നിസ്സഹായതയെ കണ്ടെത്തുന്നുവോ അത്രയധികം ദൈവസന്നിധിയിൽ പ്രാർത്ഥിക്കയും തലയിണയിൽ മുഖമർത്തി രാത്രികളിൽ ജയത്തിനായി നിലവിളിക്കയും ചെയ്യും. അപ്പോൾ നമുക്കതു ലഭിക്കും.

പരീശന്റെയും ചുങ്കക്കാരന്റെയും ഉപമയിൽ സ്വന്തനീതിയിൽ പുകഴുന്നവരുടെ നിഗളത്തെ യേശു തുറന്നു കാട്ടുന്നു (18:914) ഇവിടെ പരീശൻ പ്രാർത്ഥിക്കുന്നതു ദൈവത്തോടു പോലുമല്ല. അവൻ തന്നോടു തന്നെ പ്രാർത്ഥിച്ചു. (വാ,11) അവന്റെ ദൈവം അവൻ തന്നെയായിരുന്നു.നിഗളിയായ ഒരു മനുഷ്യൻ സ്വയം ആരാധിക്കുന്നു. തന്റെ പ്രാർത്ഥന, ഉപവാസം, ദശാംശ വഴിപാട്, സുവിശേഷ പ്രവർത്തനം ഇവയെക്കുറിച്ച് സ്വയം പ്രശംസിക്കുന്നു. സാധുവായ ചുങ്കക്കാരൻ ഇപ്രകാരം പ്രാർത്ഥിച്ചു. ദൈവമേ, പാപിയായ എന്നോടു കരുണയുണ്ടാകണമേ. ഈ ഭൂമിയിലെ ഒരേ ഒരു പാപി താൻ മാത്രമെന്ന മനോഭാവത്തോടെയായിരുന്നു അവന്റെ നിലവിളി. അതുകൊണ്ട് അവൻ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്കു പോയി. മുമ്പന്മാർ പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരും ആകും.

ധനത്തോടു ബന്ധപ്പെട്ട രണ്ട് സംഭവങ്ങൾ തുടർന്നു നാം കാണുന്നു. ഒന്നാമത്തേതിൽ ധനികനായ ഒരു യുവപ്രമാണി യേശുവിനെ അനുഗമിക്കുന്നതിനു കൊടുക്കേണ്ട വില കൊടുക്കാൻ മനസ്സില്ലാതെ മടങ്ങിപ്പോവുന്നു. (18:18-27) അടുത്ത അധ്യായത്തിൽ വിലകൊടുക്കുന്ന സക്കായിയെ നാം കാണുന്നു. *(തുടരും)*

❖





അനുഭവം

# ഓരോ ചുവടിലും അനുസരണം

റീസ് ഹൊവൽസ്

## അദ്ധ്യായം-1

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വെയിൽസിലെ പ്രശസ്തമായ ഉണർവുസമയത്തും തുടർന്നും ദൈവം അദ്ഭുതകരമായി ഉപയോഗിച്ചറീസ്ഹൊവൽസിന്റെ അനുഭവകഥയുടെ പുനരാഖ്യാനം ആരംഭിക്കുന്നു

“കൂ....” ട്രെയിനിന്റെ ആദ്യ ചൂളം വിളി ഉയർന്നു.

സൈഡ് സീറ്റിലിരുന്ന ചെറുപ്പക്കാരൻ അസ്വസ്ഥതയോടെ കംപാർട്ടുമെന്റിന്റെ ജനാലയിലൂടെ പുറത്തേക്കു നോക്കി. ജനാലയിൽ കമ്പിയഴികൾ ഉള്ളതുകൊണ്ട് വെളിയിലേക്കു തലനീട്ടാൻ വയ്യ.

ചെറുപ്പക്കാരൻ എഴുന്നേറ്റു വാതിൽക്കലേക്കു നടക്കാൻ ഒരുങ്ങി. പിന്നെ പുനരാലോചനയോടെ തൊപ്പിയൂരി ഇരിപ്പിടത്തിൽ വച്ചു. സൈഡ്സീറ്റാണ്. ആരെങ്കിലും കയ്യടക്കിയാലോ? എതിർസീറ്റിലിരുന്ന വൃദ്ധനെ ശട്ടം കെട്ടുകയും ചെയ്തു“അമ്മാവാ, ഒന്നു നോക്കിക്കോണേ”

ചെഫുപ്പക്കാരന്റെ ‘ഇരിക്കപ്പൊറുതിയില്ലായ്മ’ ശ്രദ്ധിച്ചുകൊണ്ടിരുന്ന വൃദ്ധൻ നേർത്ത പുഞ്ചിരിയോടെ തലയാട്ടി:” ഞാനേറ്റു”

വാതിൽക്കലെത്തി പുറത്തേക്കു തലയിട്ട് പ്ലാറ്റ്ഫോമിലെ ആൾക്കൂട്ടത്തിൽ ആരെയോ തിരഞ്ഞ ചെറുപ്പക്കാരൻ വീണ്ടും നിരാശരായി.‘പിറ്റ്സ്ബർഗ്ഗ് ’മഞ്ഞച്ചായമടിച്ച ബോർഡിലെ കറുത്ത അക്ഷരങ്ങൾ അവനെ ഇളിച്ചു കാട്ടി. അവൻ എന്തോ പിറുപിറുത്തുകൊണ്ട് പഴയ ഇരിപ്പിടത്തിൽ വന്നിരുന്നു.

എതിർസീറ്റിലെ വൃദ്ധൻ അവനെ സഹതാപത്തോടെ നോക്കി. പയ്യൻ കാഴ്ചയിൽ സുമുഖനാണ്. ആറടിയെങ്കിലും പൊക്കം വരും.ജോലി ചെയ്തുറച്ചതാണ് ശരീരം. ബലിഷ്ഠമായ കരങ്ങൾ. ഒരു ഇരുപത് ഇരുപത്തി രണ്ടു വയസ്സു മതിക്കും.

തന്റെ കണക്കുകൂട്ടൽ ശരിയാണോ എന്നറിയണം. വൃദ്ധൻ മുരടനക്കി ശ്രദ്ധയാകർഷിച്ചുകൊണ്ടു തുടക്കമിട്ടു.

“മോന്റെ പേരെന്താ?”

“റീസ് ..... റീസ് ഹൊവൽസ്”

“എങ്ങോട്ടു പോകാനാ?”

“മാർട്ടിൻസ് ഫെറിയിലേക്ക്”

“ആണോ? ഗ്ഹാ! ഞാനവിടുത്തുകാരനാ. ഇവിടെ പിറ്റ്സ് ബർഗ്ഗിൽ മോളേ കാണാൻ വന്നതാ. രണ്ടുദിവസം നിന്നിട്ടു പോയാ മതിയെന്ന് അവളു പറഞ്ഞതാ. പക്ഷേ നമുക്കു നില്ക്കാനൊക്കുമോ? ഒരുദിവസം ചെന്നില്ലെങ്കിൽ സ്റ്റീൽ കമ്പനിക്കാരു പേരു വെട്ടും.” വൃദ്ധൻ ഇളകിച്ചിരിച്ചു.

പൊടുന്നനെ, റീസ് ഹൊവൽസിനു താത്പര്യമായി. അതു ശരി. ഇയാൾ സ്റ്റീൽ കമ്പനിയിൽ ജോലിക്കാരനാണോ? എങ്കിൽ തേടിയ വള്ളി കാലിൽചുറ്റി.

റീസ് ഹൊവൽസ് മുന്നോട്ടാഞ്ഞിരു

ന്നു. ചോദിച്ചു."അമ്മാവാ, ഞാനിവിടെ ന്യൂകാസിലിൽ ഒരു ടിൻ കമ്പനിയിൽ ഒരു കസിന്റെ ഒപ്പം ജോലി ചെയ്യുകയായിരുന്നു. പുള്ളിയുടെ കൂട്ടത്തിൽ നിന്ന് ഒന്നു മാറി തനിയെ ജീവിക്കാനാ മാർട്ടിൻസ് ഫെറിയിലേക്കു വരുന്നത്. അമ്മാവൻ പോകുന്ന സ്റ്റീൽ കമ്പനിയിൽ നമുക്കു കൂടെ ഒരു ജോലി കിട്ടുമോ?"

വൃദ്ധൻ ഒരു നിമിഷം ഗൗരവപ്പെട്ട് ഇരുന്നു. പിന്നെ സ്വന്തം കമ്പനിയിൽ ആളെ എടുക്കുന്ന ഭാവത്തിൽ തുരുതുരാ ചോദ്യങ്ങൾ തൊടുത്തു വിടാൻ തുടങ്ങി. ''ആട്ടെ, പേര് റീസ് ഹൊവൽസ് എന്നു പറഞ്ഞു. എത്രവയസ്സായി?"

"ഇരുപത്തി രണ്ടു വയസ്സായി. കൃത്യമായി പറഞ്ഞാൽ 1879 ഒക്ടോബർ പത്താ, അമ്മാവാ, ജനനത്തീയതി"

"ആട്ടെ, അപ്പനും അമ്മേം ഒക്കെ ഒണ്ടോ കൊച്ചനേ? അവരാരൊക്കെയാ?"

''അപ്പൻ തോമസ്. തോമസ് ഹൊവൽസ്. അമ്മ മാർഗരറ്റ്"

"നിങ്ങൾ ഇവിടുത്തുകാര്, അമേരിക്കക്കാരാണോ? അല്ല, പുതിയ രാജ്യമാണെന്നും പറഞ്ഞ് ഒത്തിരിപ്പേര് ഇപ്പം ഇങ്ങോട്ടു കെട്ടിക്കേറുന്നോണ്ടു ചോദിച്ചതാ"

അമേരിക്ക തന്റെ മാത്രം തറവാട്ടു സ്വത്താണെന്ന മട്ടിൽ വൃദ്ധൻ അങ്ങനെ പറഞ്ഞതു റീസ്ഹൊവൽസിന് അത്ര ഇഷ്ടപ്പെട്ടില്ല. എങ്കിലും അനിഷ്ടം പുറത്തുകാട്ടാതെ അവൻ മറുപടി പറഞ്ഞു. "അത്.... അമ്മാവാ ഞാൻ പറഞ്ഞില്ലാരുന്നോ എന്റെ കസിൻ ഇവാൻ ലൂയിസിന്റെ കാര്യം. അവനാ അമേരിക്കയിൽ ആദ്യം കുടിയേറിയത്. നാട്ടിൽ ഒരാഴ്ച കിട്ടുന്ന കൂലി ഇവിടെ ഒരു ദിവസം കിട്ടുമെന്ന് അവൻ എഴുതിയപ്പോൾ ഞാനും ഇങ്ങോട്ടു കപ്പൽ കയറി."

'അതു ശരി" വൃദ്ധൻ റീസ്ഹൊവൽസിനെ ഒന്നു ചൂഴ്ന്നു നോക്കി." അപ്പോൾ ഇംഗ്ലണ്ടായിരിക്കും നാട്?"

"ദക്ഷിണവെയിൽസിലെ ബ്രയ്നാമൻ. ഖനികളുടെയും ഖനിത്തൊഴിലാളികളുടെയും നാടാ അമ്മാവാ ഞങ്ങളുടെ ഗ്രാമം."

ഒരു നിമിഷംകൊണ്ട് ഹൊവൽസിന്റെ ഓർമ്മയിൽ ഗ്രാമചിത്രങ്ങൾ വന്നു തിങ്ങി.

കുന്നുകളും താഴ്വരകളും പച്ചപ്പും നിറഞ്ഞ വെയിൽസിലെ കൊച്ചുഗ്രാമം. ഗ്രാമത്തെ പകുത്തുകൊണ്ട് നീണ്ടുപോകുന്ന ലാൻസിലോ റോഡ്. റോഡിന്റെ ഓരത്ത് വെള്ളയടിച്ച കൊച്ചുവീട്.

അതാണ് 13 അംഗങ്ങളുള്ള ഹൊവൽസ് കുടുംബം താമസിച്ച വീട്!

തോമസിനും മാർഗരറ്റിനും 11 ആണ് കുട്ടികൾ - എട്ട് ആണും മൂന്നു പെണ്ണും. ആറാമനായിരുന്നു റീസ്.

വഴിയിലൂടെ നടന്നുപോയിരുന്നവരെല്ലാം വീട്ടിലെ "ആൾക്കൂട്ടം" കണ്ട് അമ്പരന്നിട്ടുണ്ട്. ഇത്രയും പേർ എങ്ങനെ രാത്രിയിൽ ഇതിനകത്ത് അന്തിയുറങ്ങുന്നു?

തോമസ് ഹൊവൽസ് ആദ്യം ഇരുമ്പുപണിക്കാരനായിരുന്നു. രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ കഴിയാതെ വന്നപ്പോൾ കൽക്കരി ഖനിയിൽ തൊഴിലാളിയായി.

പകലന്തിയോളം പണികഴിഞ്ഞാൽ തോമസിനു കയ്യിൽ കിട്ടുന്നത് രണ്ടു ഷില്ലിങ്ങും കുറച്ചു ചില്ലറയും. അതുകൊണ്ട് വല്ലതും ആകുമോ? കഠിനാധ്വാനിയായ തോമസ് ഒരു 'സൈഡ് ബിസിനസും' തുടങ്ങി - ഷൂസും ചെരുപ്പും നന്നാക്കി കൊടുക്കുകയും വിൽക്കുകയുംചെയ്യുന്ന കൊച്ചുകട. എന്നിട്ടും മാസാവസാനത്തിൽ ദാരിദ്ര്യം ബാക്കിയാക്കി.

വീട്ടിൽ ദാരിദ്ര്യദേവതയുടെ മുടിയ





ഴിച്ചിട്ടുള്ള നൃത്തത്തിന് അല്പം ശമനം വന്നത് പിള്ളേർക്കൊക്കെ 'പറക്കമുറ്റിയ'തോടെയാണ്.

മൂത്തവർ ജോണും ഡേവിഡും, ഡിക്കും മോസ്സസ്സും വയസ്സു പതിമൂന്നായപ്പോഴേക്കും പഠിത്തം നിർത്തി മലഞ്ചരിവിനു താഴ്വാരത്തുള്ള ടിൻ മില്ലിൽ പണിക്കു കയറി. പന്ത്രണ്ടുകാരനായ റീസ്, ചേട്ടൻമാർക്ക് ഉച്ചയ്ക്കുള്ള ശാപ്പാടുമായി ചെന്നതാണ് ഒരു ദിവസം മില്ലിൽ.

"ഡേയ്, പയ്യൻ! നിനക്കാ ടിന്നുകളൊക്കെ ഒന്ന് അടുക്കി വയ്ക്കാമോ?" മിൽ മുതലാളി റീസിനോടു ചോദിച്ചു.

അവൻ റെഡി. അതൊരു ജോലിയായല്ല കളിയായാണവനു തോന്നിയത്. നിമിഷനേരം കൊണ്ട് അവൻ എല്ലാം ഭംഗിയായി കലാപരമായി അടുക്കിവച്ചു.

പയ്യൻ മോശമല്ല. മുതലാളിക്ക് അവനെ ബോധിച്ചു. പിറ്റേന്നു മുതൽ അവനും പണിക്കു കയറിക്കൊള്ളാൻ അയാൾ ആജ്ഞാപിച്ചു. പക്ഷേ ഒരു നിബന്ധന. റീസിനു പണിയെടുക്കാൻ പ്രായമായിട്ടില്ലാത്തതിനാൽ 'പേറോളിൽ' അവന്റെ പേരു കാണുകയില്ല. അവന്റെ കൂലി ചേട്ടൻ മോസ്സസ്സിന്റെ പേരിൽ കുറിക്കും. എന്തെങ്കിലും വിരോധം ഉണ്ടെങ്കിൽ ഇപ്പോൾ പറയണം.

എന്തു വിരോധം? ദിവസവും ഒരാളുടെ കൂലി കൂടി വീട്ടിൽ കിട്ടുന്നതു കൊച്ചു കാര്യമാണോ? റീസിന്റെ പഠനം അവിടെ അവസാനിച്ചു. പിറ്റേന്നു തന്നെ അവൻ ടിൻ മിൽ തൊഴിലാളിയായി.

പന്ത്രണ്ടു മണിക്കൂറാണു ജോലി. രാവിലെ ആറിനു മില്ലിൽ പണിക്കു കയറുന്ന റീസ് വൈകിട്ടു ആറു കഴിയും വീട്ടിലേക്കു തിരിക്കുമ്പോൾ..

വീട് - അതൊരാശ്വാസമായിരുന്നു. രാത്രി സഹോദരങ്ങൾ ഒന്നിക്കുമ്പോൾ പൊട്ടിച്ചിരികളും കളി തമാശകളും ആ കൊച്ചുവീട്ടിൽനിന്നുയരും. ആ ബഹളത്തിനിടയിലും അമ്മ മാർഗരറ്റിന്റെ സ്നേഹനിർഭരമായ മുഴങ്ങുന്ന ശബ്ദം ആ വീട്ടിൽ സദാ നിറഞ്ഞു നിന്നു.

അമ്മയക്ക് മക്കൾ ഓരോരുത്തരുടേയും ആവശ്യങ്ങളും പ്രത്യേകതകളും അറിയാമായിരുന്നു. മില്ലിലെ പണിയും ചെരുപ്പുകടയിലെ ചില്ലറ അധ്വാനവും കഴിഞ്ഞ് ആദ്യമെത്തുന്നതു ഡിക്കാണോ റീസാണോ എന്ന് അവരുടെ കാല്പെരുമാറ്റം കേട്ടാൽ അമ്മയ്ക്കു മനസ്സിലാകും.

ഡിക്കാണെങ്കിൽ, അതിനകം കൊച്ചുകുഞ്ഞുങ്ങളെ ഉറക്കാൻ കിടപ്പുമുറിയിലേക്കു പിൻവാങ്ങിയിട്ടുള്ള അമ്മ അവിടെനിന്നു വിളിച്ചു പറയും. "ആരാ വന്നത്?.ഡിക്കാണോ, മോനേ മേശപ്പുറത്തു റൊട്ടിയും സൂപ്പും ഉണ്ട്. നീ കഴിച്ചോളൂ"

റീസാണെങ്കിൽ പറച്ചിലിന് ഒരു വ്യത്യാസമുണ്ടാകും.'' മോനേ, റീസാണോ? അത്താഴമേശയിൽ റൊട്ടിയും സൂപ്പും ഉണ്ട്. നീ കഴിച്ചിട്ട് രണ്ടു കഷണം ഡിക്കിനു കൂടെ വച്ചേക്കണേ"

"പെരുവയറൻ' ഡിക്കിന് ആഗ്രഹമുണ്ടെങ്കിൽ പോലും ഭക്ഷണമേശയിൽ ഒന്നും ബാക്കി വയ്ക്കാൻ കഴിയുകയില്ലെന്നും റീസ് അങ്ങനെയല്ല അവനു മിതത്വവും മനസ്സും ഉണ്ടെന്നും ആ അമ്മയ്ക്കറിയാം.

എന്നാൽ ഭക്ഷണത്തിന്റെ കാര്യത്തിൽ മാത്രമല്ല മറ്റു കാര്യങ്ങളിലും ഡിക്ക് മുൻപിലായിരുന്നു.

മില്ലിലെ പണി കഴിഞ്ഞ് ഗ്രാമത്തിലെ നിശാപാഠശാലയിൽ ചേർന്നു പഠിച്ച് ഡിക്ക് താമസിയാതെ ഒരു കൽക്കരി ഖനിയുടെ മാനേജരായി. ഏറ്റവും മൂത്ത സഹോദരൻ ജോണും നിശാപാഠശാലയിൽ പഠിച്ചു. ഗ്രാമത്തിൽ ഒരു വായനശാല ഉണ്ടായിരുന്നില്ല. ആകെയു

ള്ളത് ഒരു പെനി മാസത്തിൽ കൊടുത്താൽ പത്രങ്ങൾ വായിക്കാനും ഒരു പുസ്തകം കടംവാങ്ങി വായിക്കാനും അവസരം കൊടുക്കുന്ന ഒരു 'പത്രക്കട'യാണ്. ജോൺ അവിടെയും നിത്യ സന്ദർശകനായി. പഠിച്ചും വായിച്ചും പല പരീക്ഷകൾ എഴുതിയും ഒടുവിൽ ജോൺ റയിൽവേ കമ്പനിയിൽ ഉദ്യോഗസ്ഥനായി.

പത്രക്കടയും നിശാപാഠശാലയും സന്ദർശിച്ച് റീസും തുടർവിദ്യാഭ്യാസം നേടിയെങ്കിലും നാട്ടിൽ 'ചടഞ്ഞുകൂടാൻ' അവന് ആഗ്രഹമില്ലായിരുന്നു. അപ്പോഴാണു ചെറുപ്പക്കാർ പലരും അമേരിക്കയിൽ പോയി പണം കൊയ്യുന്ന കഥകൾ വരുന്നത്. പിന്നെ റീസ് മടിച്ചു നിന്നില്ല. ടിൻ മില്ലിലെ പത്തു വർഷത്തെ 'എക്സ്പീരിയൻസ്' കൈമുതലാക്കി അവനും അമേരിക്കയിലേക്കു വച്ചടിച്ചു.

'കൂ....'കാതടപ്പിക്കുന്ന ചൂളംവിളി.

റീസ് ഓർമകളിൽ നിന്നു ഞെട്ടിയുണർന്നു. എതിർസീറ്റിലെ വൃദ്ധൻ വീണ്ടും അവനെ നോക്കിച്ചിരിച്ചു.

“വണ്ടി വിടുകയാ അല്ലേ അമ്മാവാ? “അവൻ ചോദിച്ചു.

“കണ്ടറിയണം. കൽക്കരി കയറ്റിത്തീരണ്ടായോ?ചൂളം വിളി കൊണ്ടുമാത്രം വണ്ടി ഓടുമോ?”

റീസ് എന്തോ ഓർത്തിട്ടെന്നവണ്ണം പൊടുന്നനെ ജനാലയിൽ മുഖം ചേർത്ത് പ്ലാറ്റ്ഫോമിലെ ആൾകൂട്ടത്തിൽ ഏതോ മുഖം തിരഞ്ഞു.

“ആരെങ്കിലും യാത്രയാക്കാൻ വരാമെന്നു പറഞ്ഞിരുന്നോ?''വൃദ്ധൻ വീണ്ടും സംഭാഷണത്തിനു വട്ടം കൂട്ടുകയാണ്.

“തീർത്തു പറഞ്ഞില്ല. എങ്കിലും കസിൻ ഇവാൻ ലൂയിസ് ചിലപ്പോൾ ഫാക്ടറിയിൽ നിന്ന് അനുമതി വാങ്ങിച്ച് ഒന്ന് ഓടിവന്നേക്കുമെന്നു തോന്നി.”

''പുള്ളിയോടു പെണങ്ങിയല്ലേ ഇപ്പോൾ നൂറുമൈൽ അകലെ മാർട്ടിൻസ് ഫെറിയിലേക്കു പോകുന്നത്? അപ്പോ പിന്നെ അങ്ങേരു വരുമോ?”

“ഓ... പിണങ്ങിപ്പോകുകയൊന്നുമല്ല അമ്മാവാ. എന്നും നമ്മൾ മറ്റുള്ളവരെ ആശ്രയിച്ചാലെങ്ങനാ? ഇനി സ്വന്തം വഴി തേടാമെന്നു വിചാരിച്ചു.” റീസ് പറഞ്ഞു.

“നന്നായി മോനേ അത് ”വൃദ്ധന് ആ നിലപാട് ഇഷ്ടമായി. “എത്ര ബന്ധുക്കളാന്നു പറഞ്ഞാലും സ്വന്തം കൈതന്നെ സ്വന്തം തലക്കീഴിൽ എന്നല്ലേ? നീ മാർട്ടിൻസ്ഫെറിയിൽ വാ. കമ്പനീൽ പറഞ്ഞ് ജോലിയുടെ കാര്യം ഞാൻ ശരിയാക്കി തരാം.”

വൃദ്ധന് റീസ് നന്ദി പറഞ്ഞു.

ഇവാൻ ലൂയിസിനോടു പിണക്കമൊന്നും ഇല്ലെന്നു വൃദ്ധനോടു പറഞ്ഞെങ്കിലും താൻ പറഞ്ഞതു മുഴുവനായി ശരിയല്ലെന്നു റീസിനു തോന്നി. അവനോടുള്ള ബന്ധത്തിൽ ഒരു തണുപ്പ് അടുത്തയിടെയായി വന്നിട്ടില്ലേ?

അവൻ ഇടയ്ക്കു വലിയ 'ആത്മീയം കളിക്കും.' അതാണു തനിക്കു പിടിക്കാത്തത്. അമേരിക്കയിൽ വന്ന് അവനോടൊപ്പം ന്യൂകാസിലിലെ ടിൻ കമ്പനിയിൽ ജോലിയും ഒന്നിച്ചു താമസവും തുടങ്ങി അധികനാൾ കഴിയും മുൻപ് ഒരു രാത്രി അവൻ ചോദിച്ച ചോദ്യത്തിന്റെ 'ഷോക്ക്' ഇപ്പോഴും മാറിയിട്ടില്ല. അവൻ ചോദിച്ചത് ഇങ്ങനെയാണ്. “റീസ്, ഞാൻ ചോദിക്കട്ടെ! നിനക്ക് ഒരു വീണ്ടും ജനനാനുഭവം ഉണ്ടായിട്ടുണ്ടോ?”

വീണ്ടും ജനനം - സത്യം പറഞ്ഞാൽ അങ്ങനെയൊരു പ്രയോഗം ആദ്യം കേൾക്കുകയായിരുന്നു. എന്താണതെന്നു പിടികിട്ടിയില്ല. എന്തോ മതപരമായ കാര്യമാണെന്നു മാത്രം തോന്നി.





ഇതങ്ങനെ വിട്ടു കൊടുക്കാനാവില്ലല്ലോ. റീസ് തിരിച്ചടിച്ചു.” നീ എന്താ ഉദ്ദേശിച്ചത്? എന്റെ ജീവിതം നിന്റെ ജീവിതത്തെക്കാൾ ഒട്ടും മോശമല്ലല്ലോ?”

മോശമാണെന്നോ അല്ലെന്നോ ഇവാൻ പറഞ്ഞില്ല. മറിച്ച് മറ്റൊരു ചോദ്യം ചോദിച്ചു. “കാര്യം അതല്ല. ഞാൻ ചോദിക്കട്ടെ. 'നീ രക്ഷിക്കപ്പെട്ടതാണെന്നു നിനക്കു ബോധ്യം ഉണ്ടോ”?

റീസിന് അപ്പോഴും എന്തുപറയണമെന്നു വ്യക്തതയുണ്ടായിരുന്നില്ല. ഒരു പ്രസ്താവന ഇറക്കുന്നതുപോലെ അവൻ ഇങ്ങനെ പറഞ്ഞു. “നോക്ക്. ഞാൻ ഒരു ക്രിസ്ത്യാനിയാണ്. എനിക്ക് അത്രയും മതി.”

അന്നു സംഭാഷണം അവിടെ അവസാനിച്ചു. എന്നാൽ ഇടയ്ക്കിടെ ഇവാൻ ഇതേ വിഷയത്തിലേക്കു വരും. ഒരു ദിവസം അവൻ പറഞ്ഞത് സ്വന്തം അനുഭവമാണ്. അവന്റെ സഹോദരി മരണക്കിടക്കയിൽ ഇവാനോട് അവന്റെ ജീവിതത്തിൽ ഒരു രക്ഷകനെ ആവശ്യമുള്ളതിനെക്കുറിച്ചു പറഞ്ഞു. അവൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ താൻ 'കാൽവറി'യെ ദർശിച്ചു എന്നാണ് ഇവാൻ പറഞ്ഞത്.

റീസ് തർക്കത്തിന് മുതിർന്നില്ല. താൻ നിൽക്കുന്നതു ഒരു 'വിശുദ്ധഭൂമി'യിലാണെന്നു പൊടുന്നനെ അവനു ബോധ്യമായി. ഇനി വാഗ്വാദത്തിന്റെ ഒരു ചുവടുപോലും മുന്നോട്ടു വയ്ക്കരുത്.!

ദൈവസാന്നിധ്യത്തിന്റെ 'വിശുദ്ധഭൂമി'യെ വെയിൽസിലെ ജീവിതത്തിലും സ്പർശിക്കേണ്ടി വന്ന ചില സംഭവങ്ങളെങ്കിലും റീസിന്റെ ഓർമ്മയിലുണ്ട്. റീസിന്റെ മുത്തശ്ശനും മുത്തശ്ശിയും പാർത്തിരുന്ന വെയിൽസിലെ കൊച്ചു വീടായിരുന്നു അക്ഷരാർത്ഥത്തിൽ തന്നെ അത്തരം ഒന്ന്. റീസിന്റെ സ്വന്തം വീട്ടിൽ നിന്ന് എട്ടുമൈലോളം പച്ചപിടിച്ചു നിൽക്കുന്ന വെയിൽസ് താഴ്‌വര താണ്ടി ചെന്നാൽ ഒരു ചതുപ്പാണ്. ആ ചതുപ്പുനിലം കടന്നാൽ അതിർത്തിവേലിയും ഗേറ്റും.ഇരുമ്പുഗേറ്റിന്റെ കവാടം കടക്കുമ്പോൾ തന്നെ മുത്തശ്ശി താഴ്ന്ന സ്വരത്തിൽ ബൈബിൾ വായിക്കുന്നതു കേൾക്കാം. റീസിന്റെ അമ്മാവനും അസുഖക്കാരനുമായ ഡിക്കിനെ ബൈബിൾ വായിച്ചു കേൾപ്പിക്കുന്നതാണത്. 1859ലെ ഉണർവ്വു സമയത്തു ദൈവഭാഗത്തേക്കു വന്നവരാണവർ.

മുത്തശ്ശന്റെയും മുത്തശ്ശിയുടെയും വെള്ള പൂശിയ കൊച്ചുവീടിന്റെ അന്തരീക്ഷത്തിൽ തന്നെ ദൈവത്തിന്റെ സാന്നിധ്യം തൊട്ടറിയാമായിരുന്നു- റീസ് ഓർത്തു.

ദൈവികസാന്നിധ്യം ഉണ്ടെന്നു ജനം കരുതിയിരുന്ന ചാപ്പലിലെ ശുശ്രൂഷകളിൽ 13-ാം വയസ്സു മുതൽ താൻ അംഗമായിരുന്നതും റീസ് തന്റെ ആത്മീയതയുടെ തെളിവായി കണക്കാക്കി. പോരെങ്കിൽ ചെറുപ്പത്തിൽ മറ്റു യുവാക്കളെപ്പോലെ 'വെറിക്കൂത്തുകൾ'ക്കൊന്നും പോകുമായിരുന്നില്ല. പോരെങ്കിൽ തികച്ചുംസത്യസന്ധനായിരുന്നു. അതിൽ നിന്നു തെറ്റിപ്പോയ ഒരേയൊരു സംഭവമേ റീസിന്റെ ഓർമയിലുള്ളു.

അപ്പൻ ഒരാളുടെ വീട്ടിൽ ഷൂസ് എത്തിച്ചിട്ടു പണം വാങ്ങിവരാൻ അയച്ച സന്ദർഭമാണത്. ഒരു ഷില്ലിങ് പത്തു പെൻസാണു റീസ് അവിടെ നിന്നും വിലയായി വാങ്ങിയത്. ഒരു ഷില്ലിങ് ഒൻപതു പെൻസായിരുന്നു യഥാർത്ഥവില. മിച്ചമുള്ള ഒരു പെനിക്ക് റീസ് ആരും അറിയാതെ ആപ്പിൾ വാങ്ങി തിന്നു. പിന്നീട് കുറ്റബോധം തോന്നിയപ്പോൾ സംഭവം അപ്പനോട് ഏറ്റു പറഞ്ഞെങ്കിലും തുടർന്ന് എപ്പോൾ ആപ്പിൾ കണ്ടാലും റീസിനു പഴയ കാര്യം തികട്ടി വരും.

രക്ഷകന്റെ ഉപദേശത്തിനു ചേർന്നു

പോകുന്നതാകണം ജീവിതം- ഈ ആശയവും റീസിനു പ്രിയപ്പെട്ടതായിരുന്നു. ചെറുപ്പത്തിൽ വായിക്കാനിടയായ ഷെൽഡന്റെ 'ആ കാൽചുവടുകളിൽ' എന്ന പ്രസിദ്ധഗ്രന്ഥത്തിന്റെ സ്വാധീനം!

വേദഗ്രന്ഥത്തിലെ ചില വാക്യങ്ങളും തന്റെ പാതയ്ക്കു പ്രകാശം ആയിട്ടുണ്ടെന്നു റീസ് ഓർത്തു. അമേരിക്കയിലേക്കു കപ്പൽ കയറുന്നതിന് ഒരു മാസം മുൻപാണ് അത്തരം ഒരു സന്ദർഭം. ഞായറാഴ്ച വൈകിട്ട് പള്ളിയിലെ ശുശ്രൂഷയിൽ പങ്കാളിയായി നിൽക്കുന്ന സമയം.

ശുശ്രൂഷകൻ വചനശുശ്രൂഷയ്ക്കായി വിശുദ്ധഗ്രന്ഥം തുറന്നു വായിച്ചു. "ആകയാൽ സാക്ഷികളുടെ ഇത്രവലിയൊരു സമൂഹം നമുക്കുചുറ്റും നിൽക്കുന്നതുകൊണ്ട്.... (എബ്രായർ 12:2)

അദ്ദേഹം പ്രസംഗം ആരംഭിച്ചു. ''ആരാണ് ഈ സാക്ഷികളുടെ സമൂഹം? തീർച്ചയായും അതു തലേ അധ്യായത്തിൽ പറഞ്ഞ വിശ്വാസവീരന്മാരാണ്. മോശെയും ഏലിയാവും നോഹയും ഹാബേലും എല്ലാം ആണ്. അവർ ഒരു മിഥ്യയല്ല. യാഥാർത്ഥ്യമാണെന്നു നമുക്കറിയാം. കാരണം മോശെയും ഏലിയാവും പിന്നീട് മറുരൂപമലയിൽ യേശുവിനു പ്രത്യക്ഷരായി നേരിട്ടു സംസാരിച്ചിട്ടുണ്ടല്ലോ. ശിഷ്യന്മാരും അവരെ കണ്ടു തിരിച്ചറിഞ്ഞു.'

തുടർന്ന് ശുശ്രൂഷകൻ ഇങ്ങനെയാണ് പറഞ്ഞത്:" ചെറുപ്പക്കാരാ, നീ വീടുവിട്ടു പോകുകയാകാം. നിന്റെ മാതാപിതാക്കളാരും നിന്നെ കാണാത്ത ഒരു സ്ഥലത്തേക്കാകാം നീ പോകുന്നത്. എന്നാൽ അവിടെ സാക്ഷികളുടെ ഈ സമൂഹവും ദൈവവും നിന്നെ കാണുന്നുണ്ടെന്ന ഓർമ്മ വേണം."

ആ വാക്കുകൾ അസ്ത്രം പോലെ റീസിന്റെ ഹൃദയത്തിൽ തറച്ചു. പൊടുന്നനെ, എബ്രായർ 12:22ലെ 'സീയോൻ പർവ്വതവും ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയയെരുശലേമും അനേകായിരും ദൂതന്മാരുടെ സർവ്വസംഘവും..."തന്റെ മുമ്പിൽ ജീവൻവച്ച് എഴുന്നേറ്റതുപോലെ.

ഇങ്ങ് അമേരിക്കയിൽ വന്നിട്ടും ആ വാക്കുകളുടെ സ്വാധീനം വിട്ടുപോയില്ല. തെറ്റായി എന്തെങ്കിലും ചെയ്യാൻ പോകുമ്പോൾ ആ സാക്ഷികളുടെ വലിയ സമൂഹം തന്നെ നോക്കി നിൽക്കുന്നതുപോലെ. ആ തോന്നൽ റീസിനെ ദോഷവഴികളിൽ നിന്നു പിൻതിരിപ്പിച്ചു. 'നീതിമാനായി ' ജീവിക്കാൻ പ്രേരിപ്പിച്ചു.

ചുരുക്കത്തിൽ 'ന്യായപ്രമാണത്തിലെ നീതിസംബന്ധിച്ച് അനിന്ദ്യനാണു താനെന്ന്' റീസ് കണക്കാക്കി. അങ്ങനെയുള്ള തന്നോടാണു ഇവാൻ "ആത്മീയം വിളമ്പുന്നത്!"

പെട്ടെന്ന് പുറത്തു ജനാലയ്ക്കൽ ഒരാളനക്കം.'' റീസ് , റീസ് ഹൊവൽസ്'' ആരോ കംപാർട്ട്മെന്റിന്റെ ജനാലക്കമ്പിയിൽ തട്ടി വിളിക്കുന്നു.

ചിന്തയിൽ നിന്നു ഞെട്ടിയുണർന്നു റീസ് ജനാലയ്ക്കലേക്കു നോക്കി. അവിടെയതാ തന്റെ ഓർമകളിൽ നിന്നു തന്നെ ഉയർന്നെഴുന്നേറ്റതു പോലെ ഇവാൻ. ഇവാൻ ലൂയിസ്.

"മില്ലിൽ സൂപ്രണ്ടിനോട് പറഞ്ഞ് ഇടയ്ക്ക് ഇറങ്ങാൻ അനുമതി വാങ്ങിയതാ. ഇറങ്ങാൻ തുടങ്ങുമ്പോൾ യന്ത്രം കേടായി. ഷിഫ്റ്റിലെ തൊഴിലാളികളുടെ എല്ലാം പണി മുടങ്ങും. പിന്നെയതു നന്നാക്കി ഒരു വിധത്തിൽ ഓടി വരികാരുന്നു. ഭാഗ്യത്തിനു വണ്ടി വിടാൻ വൈകി. അല്ലെങ്കിൽ...."

"കൂകൂകൂ...ഛക് ഛക് ഛക്"

ഇവാന്റെ വാക്കുകൾ ചൂളംവിളിയിൽ മുങ്ങിപ്പോയി.

(ശേഷം പേജ് 35ൽ)





# അധോലോക കത്ത് *21ൽ നിന്ന് തുടർച്ച*

***അകറ്റിയ ഒരു കാരണം.***

'ശത്രു' എന്ന് ഇവിടെ പറയുന്നത് ദൈവത്തെക്കുറിച്ചാണ് (പിശാചുക്കളുടെ ശത്രുവാണല്ലോ ദൈവം). 'നമ്മുടെ പിതാവ് എന്നു പറയുന്നതുകൊണ്ട് ഉദ്ദേശിക്കുന്നതു പിശാചുക്കളുടെ തലവനായ സാത്താനെയാണ്. ലൂസിഫർ ദൈവത്തോടു മത്സരിച്ച് സാത്താനായി മാറിയതിന്റെ ഒരു കാരണം ദൈവം മനുഷ്യരെ സൃഷ്ടിക്കാൻ തുനിഞ്ഞതാണത്രേ.

***2. ഇപ്പോൾ നിന്റെ കക്ഷി അനുഭവിച്ചുകൊണ്ടിരിക്കുന്ന വിരസത.......... തെറ്റിദ്ധരിക്കരുത്***

കുട്ടിപ്പിശാചിന്റെ മേൽ നോട്ടത്തിലുള്ള ക്രിസ്ത്യാനി ഇപ്പോൾ ആത്മീയമായി ഒരു വിരസമായ ഘട്ടത്തിലൂടെ കടന്നുപോകുകയാണ്. 'അത് നിന്റെ പ്രവർത്തനത്തിന്റെ വിജയമാണെന്നു തെറ്റിദ്ധരിക്കരുതെ'ന്ന് അമ്മാവൻ പിശാച് കുട്ടിപ്പിശാചിനെ ഉദ്ബോധിപ്പിക്കുന്നു. നിതൃത ലക്ഷ്യമാക്കി പോകുന്ന ആത്മാവ് സ്ഥലകാല പരിമിതിക്കുള്ളിൽ ബന്ധിതമായ ജഡത്തിൽ കുടികൊള്ളുന്നു-ഇതാണ് മനുഷ്യൻ. അമ്മാവൻ പിശാചിന്റെ ഭാഷയിൽ ഒരേസമയം ആത്മാവും മൃഗവുമാണവൻ. ഈ സങ്കര സ്വഭാവം അവനിൽ എല്ലാ കാര്യങ്ങളിലും ഒരു 'ഉയർച്ച -താഴ്ച' സൃഷ്ടിക്കുന്നു. ചിലപ്പോൾ നല്ല സന്തോഷം. ചിലപ്പോൾ നിരാശ. ചിലപ്പോൾ നല്ല ഉത്സാഹം. ചിലപ്പോൾ തണുപ്പ്. ഇത് അവന്റെ പ്രകൃതത്തിന്റെ ഭാഗമാണ്. അതുകൊണ്ട് 'നിന്റെ കക്ഷി ഇപ്പോൾ ആത്മീയ കാര്യങ്ങളിൽ കാട്ടുന്ന വിരസത അവന്റെ പ്രകൃതത്തിന്റെ ഭാഗമാണ്. അല്ലാതെ നിന്റെ മിടുക്കല്ല'- അമ്മാവൻ പിശാച് കുട്ടിപ്പിശാചിനോടു തുറന്നു പറയുന്നു.

***3. അത് ഭയാനകമായ ഒരു സത്യമാണെന്ന് നീ അറിയണം***

പിശാച് ആളുകളുടെ ഇച്ഛയെ കീഴ്പ്പെടുത്തി അവരെ അടിമകളാക്കി മാറ്റുകയാണ് ചെയ്യുന്നത്. എന്നാൽ ദൈവം ആ നിലയിൽ മനുഷ്യന്റെ സ്വാതന്ത്ര്യത്തിൽ ഇടപെട്ട് അവനെ ബലമായി തന്റെ വകയാക്കിത്തീർക്കുന്നില്ല. മനുഷ്യൻ ദൈവവഴികളെ സ്വന്തഇഷ്ടപ്രകാരം തന്നെ തിരഞ്ഞെടുക്കണമെന്നാണു ദൈവം ആഗ്രഹിക്കുന്നത്. "അതുകൊണ്ടുതന്നെ മനുഷ്യനു ദൈവം നൽകിയിരിക്കുന്ന സ്വാതന്ത്ര്യത്തെക്കുറിച്ചും മറ്റും പറഞ്ഞു കേൾക്കുന്നതു വെറും ഒരു ഭംഗിവാക്കല്ല. അതു തികച്ചും സത്യമാണെന്നും നീ അറിയണം"-അമ്മാവൻ പിശാച് പറയുന്നു.

***4. മനുഷ്യരെ തിന്മ ചെയ്യാൻ നാം പ്രലോഭിപ്പിക്കുന്നതുപോലെ...... ശത്രു ഒരിക്കലും ആരെയും പ്രലോഭിപ്പിക്കാറില്ല***

പിശാച് പ്രലോഭിപ്പിച്ച് ആളുകളെ തിന്മ ചെയ്യിക്കുന്നു. എന്നാൽ നന്മചെയ്യാൽ ദൈവം ആരേയും പ്രലോഭിപ്പിക്കുന്നില്ല. മനുഷ്യർ സ്വന്തഇച്ഛ അനുസരിച്ചുതന്നെ നന്മചെയ്യുന്നവരായി മാറണം- അതാണ് ദൈവിക പദ്ധതി. അതുകൊണ്ടുതന്നെ ഒരു ദൈവമകൻ വിശ്വാസത്തിൽ ക്ഷീണിച്ചിരിക്കുന്ന സന്ദർഭത്തിലാണെങ്കിലും ബോധപൂർവം ദൈവത്തെ അന്വേഷിക്കാൻ ഇച്ഛവച്ചാൽ അതു ദൈവത്തിന്റെ ഹൃദയത്തെ തൃപ്തിപ്പെടുത്തും. ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ ആത്മീയമായി 'താണ അവസ്ഥ'പോലും ദൈവം ഇപ്രകാരമാണു പ്രയോജനപ്പെടുത്തുന്നത്

സമ്പാദകൻ: **മാത്യു ജോർജ്ജ്**

മൊഴിമാറ്റം: **സാജു ജോസഫ്**

(All the Saints Adore Thee Bruce Shelly)

## എഡിറ്റോറിയൽ (തുടർച്ച)

ദ്യകരമായ ഒരനുഭവമാക്കി തീർത്തത് യേശുക്രിസ്തുവാണ്.

എന്നാൽ ഇത്രമഹത്തായ ദൈവഭക്തിക്ക് അന്ത്യകാലത്ത് സംഭവിക്കാവുന്ന അപചയത്തെക്കുറിച്ചും ദൈവവചനം നമുക്ക് മുന്നറിയിപ്പ് നൽകുന്നുണ്ട്. "അന്ത്യകാലത്ത് ദുർഘടസമയങ്ങൾ വരും എന്നറിക. മനുഷ്യർ സ്വസ്നേഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ....... ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും" (2 തിമൊ. 3 : 1 -5). അന്ത്യകാലത്ത് ദൈവഭക്തിയുടെ ശക്തി നഷ്ടപ്പെടും. അതിന്റെ വേഷം മാത്രം നിലനിൽക്കും. ഇന്ന് ആ നിലയിലല്ലേ വിശ്വാസഗോളത്തിൽ കാര്യങ്ങൾ എത്തി നിൽക്കുന്നത്?

ഭക്തിയുടെ ശക്തി എന്താണ്? അത് രണ്ടു ഘടകങ്ങളാണെന്നു നാം കണ്ടു- ദൈവഭയവും സ്നേഹവും. ഇവ രണ്ടും അന്ത്യകാലത്തു നഷ്ടപ്പെടുന്നതിനെ തുടർന്നാണ് ഭക്തിയുടെ വേഷം മാത്രം അവശേഷിക്കുന്നതെന്നു മുകളിൽ പറഞ്ഞ വചന ഭാഗം വ്യക്തമാക്കുന്നു. ആരോഗ്യകരമായ ഒരു ദൈവഭയത്തിന് ആവശ്യമുള്ളത് എന്താണ്? ദൈവത്തിൽ മാത്രം ഏകാഗ്രമായ ഒരു ഹൃദയവും വിഭജിക്കപ്പെടാത്ത കൂറുമാണ് അതിന് ആവശ്യം (സങ്കീ. 86:11 അവസാനഭാഗം കാണുക). എന്നാൽ മുകളിൽ പറഞ്ഞ ദൈവവചനം, ദൈവത്തിൽ മാത്രം അർപ്പിതമായ വിഭജിക്കപ്പെടാത്ത ഒരു ഹൃദയത്തിന് അന്ത്യകാലത്ത് സംഭവിച്ച മാറ്റത്തിലേക്ക് വിരൽ ചൂണ്ടുന്നു. ദൈവത്തിനുമാത്രം നൽകിയിരുന്ന ആ ഹൃദയ സിംഹാസനം ഇപ്പോൾ സ്വയത്തിനു കൂടെ പങ്കുവയ്ക്കപ്പെട്ടിരിക്കുന്നു. (സ്വയ സ്നേഹത്തിന്റെ തന്നെ വിവിധ തരത്തിലുള്ള പ്രകടനങ്ങളാണല്ലോ ആ പട്ടികയിൽ താഴേക്ക് അക്കമിട്ട് നിരത്തിയിരിക്കുന്നവ ഓരോന്നും!). ചുരുക്കത്തിൽ അന്ത്യകാലത്തു ഹൃദയം വിഭജിക്കപ്പെട്ടു പോയി. ഫലം ആരോഗ്യകരമായ ദൈവഭയം നഷ്ടമായി.

ദൈവഭക്തിയുടെ രണ്ടാമത്തെ ഘടകമായ സ്നേഹവും നഷ്ടമായി എന്നതിലേക്കു ആ വചനഭാഗത്തിലെ 'ദൈവപ്രിയമില്ലാതെ' എന്ന പ്രയോഗം വിരൽ ചൂണ്ടുന്നു. അന്ത്യകാലത്തു സ്നേഹം തണുത്തു പോകുമെന്നും (മത്തായി 24: 12) ആദ്യ സ്നേഹം നഷ്ടമാകുമെന്നും (വെളിപ്പാട് 2:4 ) മറ്റു ഭാഗങ്ങളിലും വ്യക്തമാക്കിയിട്ടുണ്ടല്ലോ. ചുരുക്കത്തിൽ ദൈവസ്നേഹത്തിന്റെ ആ ലാളിത്യവും നഷ്ടമായി. ഫലം ദൈവഭക്തി പഴങ്കഥയായി മാറി.

ദൈവഭക്തിയുടെ ശക്തി നഷ്ടമായി അതിന്റെ വേഷം മാത്രം അവശേഷിച്ചിരിക്കുന്ന ഒരു കാലം.ശക്തി നഷ്ടമായതറിയാതെ പിന്നേയും ഉറക്കം തുടരുന്ന ശിംശോനെപ്പോലെയാണ് (ന്യായാധി. 16: 19, 20 ) ഇന്നു വിശ്വാസഗോളത്തിൽ ഭൂരിപക്ഷവും. എന്നാൽ അതിനിടയിലും 'തൃപ്തിയോടു കൂടിയ ദൈവഭക്തി വലിയ ആദായം' (1 തിമൊ 6:6) എന്നു പൗലോസിനെപ്പോലെ തിരിച്ചറിയുന്ന ഒരു ന്യൂനപക്ഷം ഉണ്ടായിരിക്കും.നാം ഇതിൽ ഏതു പക്ഷത്ത്?

❖





### ദൈവസാന്നിധ്യപരിശീലനം-3

# ബ്രദർ ലോറൻസിന്റെ കത്തുകൾ

## ഒന്നാമത്തെ കത്ത്

നമ്മുടെ സമൂഹത്തിൽപ്പെട്ട ഒരാൾക്ക് ദൈവത്തിന്റെ സാന്നിധ്യം പരിശീലിച്ചതുമൂലം സിദ്ധിച്ച നിരന്തര സഹായത്തെയും അതിന്റെ ഫലങ്ങളെയും കുറിച്ച് വിവരിക്കുവാൻ ഞാൻ ഈ സന്ദർഭം വിനിയോഗിച്ചുകൊള്ളട്ടെ. ഈ ചിന്തകളുടെ പ്രയോജനം നമുക്കിരുവർക്കും ഒരുപോലെ പങ്കുവച്ചനുഭവിക്കയും ചെയ്യാം.

നമ്മുടെ ഒരാധ്യാത്മിക സമൂഹത്തിൽ അദ്ദേഹം ജീവിച്ച നാല്പതു വർഷം മുഴുവൻ അദ്ദേഹത്തിന്റെ ശ്രദ്ധാകേന്ദ്രം ദൈവസന്നിധിയിൽ ജീവിക്കുക എന്നതും ദൈവത്തിന് അനിഷ്ടമായ യാതൊന്നും ചെയ്യാതെയും പറയാതെയും ചിന്തിക്കാതെയും ഇരിക്കുക എന്നതും ആയിരുന്നു. ദൈവത്തോടുള്ള വിശുദ്ധ സ്നേഹമല്ലാതെ മറ്റൊന്നും തന്റെ മനസ്സിൽ ഉദിക്കരുതെന്ന് അദ്ദേഹം ആഗ്രഹിച്ചു. ദൈവം അദ്ദേഹത്തിൽ നിന്ന് ഈ സ്നേഹം അധികമധികം ആഗ്രഹിക്കയും ചെയ്തിരുന്നു.

വർത്തമാനകാലത്തിൽ ഈ ദൈവസാന്നിധ്യം അദ്ദേഹത്തിന് അധികമധികം പരിചിതമായിത്തീർന്നിരിക്കുന്നു. തന്മൂലം അതിൽനിന്നും എല്ലാ സന്ദർഭങ്ങളിലും അദ്ദേഹം തുടർമാനമായി ശക്തിയാർജ്ജിച്ചുകൊണ്ടാണിരിക്കുന്നത്. കഴിഞ്ഞ ഏതാണ്ടു മുപ്പതു വർഷ

## ഓരോചുവടിലും....

പേജ് 32 ൽ നിന്നു തുടർച്ച

"ഛക്,ഛക്, ഛക്, ഛക്!!... "തീവണ്ടി നീങ്ങിത്തുടങ്ങുകയാണ് പ്ലാറ്റ്ഫോമിൽ നിന്ന് ഇവാൻ പൊടുന്നനെ ഒരു പൊതിയും കുറച്ചു പണവും എടുത്തു ജനാലയിലൂടെ റീസിനു നേരേ നീട്ടി: "ഭക്ഷണമാണ്. വഴിയിൽ കഴിക്കാം. പിന്നെ ഇത്തിര ചില്ലറേം. കയ്യിൽ വച്ചോ. ആവശ്യം വരും.

"ഛക്, ഛക്, ഛക്, ഛക്ക്, ഛക്ക്," വണ്ടിക്കു വേഗത കൂടുകയാണ്.

പ്ലാറ്റ്ഫോമിൽ വണ്ടിക്കു സമാന്തരമായി ഓടിക്കൊണ്ട് ഇവാൻ വിളിച്ചു പറഞ്ഞു. "റീസ്, നീ വീണ്ടും ജനിച്ചശേഷമാണീ പോകുന്നതെങ്കിൽ എനിക്കു പ്രശ്നമില്ലായിരുന്നു. പക്ഷേ ദൈവത്തോട് ഒരു ബന്ധത്തിൽ വരാതെ നീ ഇവിടം വിടുന്നത് എന്നെ വി......ഷ........ മി......പ്പി......ക്കു.....ന്നു."

ഇപ്പോൾ ഇവാനെ കാണാനില്ല.

എല്ലാം പിന്നോട്ട്. വണ്ടിമാത്രം മുന്നോട്ട്. ഇവാന്റെ വാക്കുകൾ മാത്രം ചെവിയിൽ അലയടിച്ചു.

അവ നിർണായകമായ വാക്കുകളായിരുന്നു. മാർട്ടിൻസ് ഫെറിയിലേക്കുള്ള യാത്രയിലുടനീളം ആ വാക്കുകൾ സൃഷ്ടിച്ച പ്രകമ്പനം റീസ് ഹൊവൽസിന്റെ ഹൃദയത്തിൽ ചുഴലികളും മലരികളും തീർത്തു. തുടർന്നുള്ള സംഭവബഹുലമായ ജീവിതത്തിലും ആ വാക്കുകൾ അവനെ വേട്ടയാടി....

*(തുടരും)*

മായി ഇതുനിമിത്തം അദ്ദേഹത്തിന്റെ ഹൃദയം നീങ്ങിപ്പോകാത്ത സന്തുഷ്ടിയിൽ ആഹ്ളാദിക്കുന്നു. ഈ സന്തുഷ്ടിയെ നിയന്ത്രിക്കുകയോ തടഞ്ഞു നിർത്തുകയോ പുറമേകാണാത്തവിധം മറയ്ക്കുകയോ ചെയ്യുമ്പോൾ അത് അപക്വതയുടെ അഥവാ അഭക്തിയുടെ ഒരു സ്ഫുരണം അദ്ദേഹത്തിൽ സൃഷ്ടിക്കുക പതിവായിരുന്നു. ഈ ദൈവ സാന്നിധ്യത്തിൽ നിന്നു ചിലപ്പോൾ അദ്ദേഹം അല്പമൊന്നു മാറി നിൽക്കുവാനിടയായാൽ അതിനെപ്പറ്റി ദൈവം അദ്ദേഹത്തിന് തന്റെ ഹൃദയത്തിൽ ബോധം വരുത്തും. ഭൗതിക വ്യാപാരങ്ങളിൽ ഇടപെടുമ്പോൾ ഈ അനുഭവം പലപ്പോഴും അദ്ദേഹത്തിന് ഉണ്ടാകാറുണ്ട്. ഈ ദൈവിക പ്രേരണയ്ക്കു പലപ്പോഴും അദ്ദേഹം മറുപടി നൽകുന്നത് തക്കസമയത്തുള്ള അനുസരണത്തിലൂടെയായിരിക്കും. ഈ അനുസരണം പലതരത്തിൽ വെളിപ്പെടാറുണ്ട്. അത് ഒന്നുകിൽ ഹൃദയത്തെ ദൈവത്തിങ്കലേക്ക് ഉയർത്തുന്നതിലൂടെയാവാം. അല്ലെങ്കിൽ മധുരവും സ്നേഹനിർഭരവുമായ ഒരു നോട്ടത്തിലൂടെയാവാം. അതുമല്ലെങ്കിൽ ദൈവിക ഇടപെടലിന് മറുപടിയായി നൽകപ്പെടുന്ന ചില വാക്കുകളിലൂടെ ആയിരിക്കാം. ഉദാഹരണത്തിന് ആ സമയങ്ങളിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞെന്നു വരാം. 'എന്റെ ദൈവമേ, ഇതാ ഞാൻ മുഴുവനും എന്നെത്തന്നെ അവിടുത്തെ വകയായി നൽകുന്നു. തിരുഹിതം പോലെ എന്നെ രൂപപ്പെടുത്തിക്കൊള്ളേണമേ." ഇപ്രകാരം പ്രതികരിക്കുന്നതിന്റെ ഫലമായി സ്നേഹസ്വരൂപനായ ദൈവം ആ വാക്കുകളാൽ സംതൃപ്തനായി അദ്ദേഹത്തിന്റെ ഹൃദയകേന്ദ്രത്തിൽത്തന്നെ വിശ്രമിക്കുവാനായി മടങ്ങിവരുന്ന അനുഭവം അദ്ദേഹത്തിനു ലഭിക്കും. ഇത്തരം അനുഭവങ്ങളുടെ ഫലമായി ദൈവം അദ്ദേഹത്തിന്റെ ആത്മസത്തയുടെ കേന്ദ്രത്തിൽത്തന്നെ വസിക്കുന്നുവെന്ന ഒരു ബോധ്യം അദ്ദേഹത്തിന് ലഭിക്കും . ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ താൻ എന്തു ചെയ്തുകൊണ്ടിരുന്നാലും തനിക്ക് എന്തുതന്നെ സംഭവിച്ചാലും ഇതിനെപ്പറ്റി യാതൊരു സംശയവുമില്ലാത്ത ഒരു സുനിശ്ചിതത്വമാണ് അദ്ദേഹത്തിന് അനുഭവപ്പെട്ടിരുന്നത്.

ഇതിൽനിന്ന് അങ്ങു തീരുമാനിച്ചുകൊൾക, എത്ര വലിയ ഒരു സംതൃപ്തിയും ചാരിതാർത്ഥ്യവുമാണ് ആ മഹാവ്യക്തി അനുഭവിക്കുന്നത്! തന്റെ ഉള്ളിൽ ഇത്രവലിയൊരു നിക്ഷേപം ഇരിക്കുന്നതിനെപ്പറ്റി അദ്ദേഹം ബോധവാനാണല്ലോ. അതു കണ്ടെത്തുന്നതിനെപ്പറ്റി അദ്ദേഹം ഒരിക്കലും ഉൽക്കണ്ഠാകുലനല്ല. അതു തിരയുന്നതിന്റെ ക്ലേശവും അദ്ദേഹത്തിനു സഹിക്കേണ്ടിവരുന്നില്ല. അതിൽനിന്നും തനിക്കിഷ്ടമുള്ളത് എടുത്തു സ്വന്തമാക്കിക്കൊള്ളുവാൻ അദ്ദേഹത്തിന് കഴിയുന്നുണ്ടല്ലോ.

അദ്ദേഹം പലപ്പോഴും നമ്മുടെയെല്ലാം അന്ധതയോർത്ത് പരിതപിക്കാറുണ്ട്. ഇത്ര ചെറിയ കാര്യങ്ങൾകൊണ്ട് നാം സംതൃപ്തരായിക്കഴിയുന്നതിൽ നമ്മോടു സഹതപിക്കയും അതിനെപ്പറ്റി അതൃപ്തി പ്രകടിപ്പിക്കയും ചെയ്യാറുണ്ട്. ദൈവത്തിന്റെ പക്കൽ നമുക്കു നൽകുവാൻ അളവറ്റ നിക്ഷേപങ്ങൾ ഉണ്ടെന്ന് അദ്ദേഹത്തിനറിയാം ദൈവത്തിന്റെ കരങ്ങളെ ബന്ധിച്ചു കളയുന്ന നാം എത്ര അന്ധന്മാർ എന്നാണദ്ദേഹം പറയുന്നത്. അവിടുത്തെ കൃപയുടെ മഹാധനം നമുക്കു നൽകുന്നതിൽ ദൈവത്തെ തടസ്സപ്പെടുത്തുകയാണ് നാം ചെയ്യുന്നത്. സജീവവിശ്വാസമുള്ള ഒരു വ്യക്തിയെ കണ്ടെത്തുമ്പോൾ ദൈവം അയാളുടെ മേൽ കൃപമേൽകൃപ വാരിച്ചൊരിയുക തന്നെ ചെയ്യും. അതു കൃപയുടെ ഒരു





നിരന്തര പ്രവാഹമായിത്തീരും. സാധാരണയായി നാം അതിന്റെ ഗതിയെ തടസ്സപ്പെടുത്തുകയാണ് ചെയ്യുന്നത്. എന്നാൽ ഒരു പുതിയ പ്രവാഹ മാർഗ്ഗം തുറന്നുകൊടുത്താൽ അതു ശക്തിയോടെ പ്രവഹിക്കും. അപ്പോൾ അത് ആ വ്യക്തിയുടെമേൽ തന്റെ സമൃദ്ധി മുഴുവൻ കോരിച്ചൊരിയുകയും ചെയ്യും.

അതേ നാം പലപ്പോഴും ആ പ്രവാഹത്തെ, നമുക്ക് അതിനെക്കുറിച്ചുള്ള കുറഞ്ഞ മതിപ്പുമൂലം തടഞ്ഞുനിർത്തുന്നവരാണ്. ഇനിയൊരിക്കലും അതിനെ തടയുന്നവരായി നമുക്കു തീരാതിരിക്കാം. നമുക്കു നമ്മിലേക്കുതന്നെ തിരിച്ചുവരാം. പ്രതിബന്ധമായി നിൽക്കുന്ന ഈ അണക്കെട്ടിനെ നമുക്കു തകർത്തു കളയാം. കൃപയുടെ വഴി വെട്ടിത്തുറക്കാം. നഷ്ടപ്പെടുത്തിക്കളഞ്ഞ സമയം വീണ്ടുകൊള്ളുന്നവരായി നമുക്കു തീരാം. ഒരുപക്ഷേ നമുക്കിനി അല്പകാലം മാത്രമേ ജീവിതം ശേഷിച്ചിട്ടുള്ളു. മരണം അത്ര വിദൂരമല്ല. അതിനെ സംബന്ധിച്ച് നമുക്ക് ഉണരാം. ഒരിക്കൽ മാത്രമേ ഒരാൾ മരിക്കുന്നുള്ളല്ലോ.

നമുക്കു നമ്മിലേക്കുതന്നെ വീണ്ടും തിരിച്ചുവരാം. സമയം നമ്മെ നിർബന്ധിക്കുന്നു. നീട്ടിവയ്ക്കരുത്. ഓരോ മനുഷ്യനും തന്റെ കാര്യത്തിൽ ഉത്തരവാദിയാണ്. താങ്കൾ ഫലപ്രദമായ വിധം പ്രവർത്തിച്ചിട്ടുള്ളതിനാൽ അത്ഭുതപ്പെടേണ്ടതില്ല. അതിനു ഞാൻ താങ്കളെ പുകഴ്ത്തുന്നു. കാരണം, അതുതന്നെയാണ് ജീവിതം. എങ്കിലും നാം തുടർന്നും പ്രവർത്തിച്ചുകൊണ്ടിരിക്കണം. എന്തെന്നാൽ ആത്മാവിന്റെ കാര്യത്തിൽ നാം മുന്നോട്ടു പോകാതിരുന്നാൽ നാം നഷ്ടം സഹിക്കേണ്ടിവരും. പരിശുദ്ധാത്മാവിന്റെ മനസ്സുള്ളവർ ഉറങ്ങിക്കിടക്കുമ്പോൾ പോലും യാത്ര തുടരുന്നവരാണ്. നിങ്ങളുടെ ജീവിതമാകുന്ന ചെറുപടക് കാറ്റിലും കോളിലും പെട്ടുഴലുന്നുവെങ്കിൽ അതിൽ ഉറങ്ങിക്കിടക്കുന്ന കർത്താവിനെ നമുക്കുണർത്താം. അപ്പോൾ അവിടുന്നുണർന്ന് കടലിനെ ശാസിക്കും. അതു ശാന്തമായിത്തീരും.

ഈ ചിന്തകൾ താങ്കളുമായി പങ്കുവെയ്ക്കുവാനുള്ള സ്വാതന്ത്ര്യം ഞാൻ ഉപയോഗിക്കുന്നു. അവ താങ്കളോട് അഭിമുഖമായി ഇടപെടട്ടെ. അവ അങ്ങയുടെ ചിന്തയെ വീണ്ടും ജ്വലിപ്പിക്കും. അങ്ങയുടെ വിചാരധാരയെ അവ ഉണർത്തട്ടെ. അവ തണുത്തുപോകാതിരിക്കട്ടെ. തണുത്തുപോകുന്നപക്ഷം അതു വലിയൊരു കുറവായിരിത്തീരും. ഇപ്പോൾ നമുക്ക് നമ്മെത്തന്നെ ജാഗ്രതയുള്ളവരാക്കാം. ഈ വിശുദ്ധനായ സന്യാസിയുടെ ചിന്തകൾകൊണ്ട് പ്രയോജനം നേടാം. ലോകം അദ്ദേഹത്തെ, വളരെ കുറച്ചു മാത്രമേ അറിയുന്നുള്ളു. എങ്കിലും ദൈവം അദ്ദേഹത്തെ അറിയുന്നു, വിലമതിക്കുന്നു അങ്ങേയ്ക്കുവേണ്ടി ഞാൻ ദൈവത്തോടപേക്ഷിക്കാം. അങ്ങും എനിക്കുവേണ്ടി ജാഗ്രതയോടെ കർത്താവിനോടു പ്രാർത്ഥിക്കുക.

അങ്ങയുടെ വിശ്വസ്തൻ
ബ്രദർ ലോറൻസ്
പാരിസ്
ജൂൺ 1, 1682

**രണ്ടാമത്തെ കത്ത്**

എന്റെ ഏറ്റവും ആദരണീയനായ ............,

ഇന്ന് സിസ്റ്റർ......ന്റെ പക്കൽനിന്ന് രണ്ടു പുസ്തകങ്ങളും ഒരു കത്തും എനിക്കു ലഭിച്ചു. ഈ സഹോദരി താങ്കൾ ഉൾപ്പെട്ട സമൂഹത്തിന്റെയും വിശേഷിച്ച് താങ്കളുടെയും പ്രാർത്ഥനയ്ക്കുവേണ്ടി അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനകളിൽ അവർ വലുതും ഏകാഗ്രവുമായ ആശ്രയം വച്ചിരിക്കുന്നതായി അവർ എന്നെ അറി

യിച്ചിരിക്കുന്നു. അതിനാൽ ദയവായി അവരെ നിരാശപ്പെടുത്തരുതേ. അവർ ദൈവസ്നേഹത്തിന്റെ വെളിച്ചത്തിലും ദൈവത്തിന്റെ മാത്രം വകയായിത്തീർന്നുകൊണ്ടും തന്റെ ആരാധന നിർവഹിക്കുവാൻ വേണ്ടി ദൈവത്തോടു പ്രാർത്ഥിച്ചാലും. ആ പുസ്തകങ്ങളിൽ ഒരെണ്ണം ഞാൻ അങ്ങയുടെ പേർക്കയയ്ക്കാം. അതിലെ പ്രതിപാദ്യ വിഷയം ദൈവസാന്നിധ്യമാണ്. എന്റെ അഭിപ്രായമനുസരിച്ച് ആത്മാവിലുള്ള മുഴുവൻ ജീവിതവും ഈയൊരു കാര്യത്തിൽ അധിഷ്ഠിതമാണ്. അതിലെഴുതിയിട്ടുള്ള കാര്യം പ്രയോഗത്തിലാകുന്നപക്ഷം ഒരാൾ വേഗം ഒരാത്മീയ വ്യക്തിയായി രൂപാന്തരപ്പെടും.

ഈ ലക്ഷ്യം സാധിക്കുന്നതിലേക്ക് നമ്മുടെ ഹൃദയം മറ്റെല്ലാറ്റിൽ നിന്നും സ്വതന്ത്രമായിത്തീരണം. എന്തെന്നാൽ താൻ മാത്രം ആ ഹൃദയത്തിന്റെ ഉടമയായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ദൈവമല്ലാത്ത എല്ലാറ്റിൽ നിന്നും ഹൃദയത്തെ സ്വതന്ത്രമാക്കിയല്ലാതെ ദൈവത്തിന് അതിന്റെ ഉടമയാകുവാൻ സാധ്യമല്ല. അതുപോലെ തന്നെ തന്റെ ഹിതം നിറവേറ്റുവാനായി അതിൽ പ്രവർത്തിക്കുവാനും ദൈവത്തിന് സാധ്യമല്ല.

ദൈവവുമായുള്ള നിരന്തര കൂട്ടായ്മയല്ലാതെ ഈ ലോകത്തിൽ കൂടുതൽ മാധുര്യം നൽകുന്നതും സന്തോഷകരവുമായ മറ്റൊരു മാർഗ്ഗവും ഇല്ലതന്നെ. ഇത് പ്രയോഗത്തിലാക്കുകയും രുചിച്ചറിയുകയും ചെയ്യുന്നവർക്കല്ലാതെ മറ്റാർക്കും ഇത് ഗ്രഹിക്കുവാൻ സാധ്യമല്ല. ഇതാണു സത്യമെങ്കിലും ഈയൊരു ലക്ഷ്യത്തോടെ പ്രവർത്തിക്കുവാൻ ഞാൻ താങ്കളെ ഉപദേശിക്കുന്നില്ല. കാരണം, ഈ പ്രവർത്തനത്തിൽനിന്ന് ആശ്വാസവും സന്തോഷവും ലഭിക്കുവാനല്ല നാം ശ്രമിക്കേണ്ടത്. അതിനാൽ സ്നേഹമെന്ന ഒരു പ്രമാണത്തിന്റെ അടിസ്ഥാനത്തിലും ദൈവം അത് ആഗ്രഹിക്കുന്നതുമൂലവും നമുക്ക് ഇതിനായി പ്രവർത്തിക്കാം.

ഞാൻ ഒരു സുവിശേഷ പ്രസംഗകനായിരുന്നെങ്കിൽ ദൈവസാന്നിധ്യത്തെക്കുറിച്ചല്ലാതെ മറ്റൊന്നും പ്രസംഗിക്കുവാൻ ഞാൻ ആഗ്രഹിക്കുകയില്ലായിരുന്നു. ഞാൻ ഒരു ഡയറക്ടറായിരുന്നെങ്കിൽ എല്ലാവരോടും ഞാൻ ഈ കാര്യം നിർദ്ദേശിക്കുമായിരുന്നു. അത്ര മാത്രം ഈ കാര്യം അത്യാവശ്യമാണെന്നും അനായാസമാണെന്നും ഞാൻ വിശ്വസിക്കുന്നു.

ഹോ! ദൈവകൃപയുടെയും ദൈവസഹായത്തിന്റെയും ആവശ്യം നമുക്ക് എത്രയധികമുണ്ടെന്നു നാം അറിഞ്ഞിരുന്നെങ്കിൽ! അതിനെപ്പറ്റിയുള്ള കാഴ്ചപ്പാട് ഒരുസെക്കൻഡ് നേരത്തേക്കെങ്കിലും നാം ഉപേക്ഷിക്കയില്ലായിരുന്നു. ഞാൻ പറയുന്നതു വിശ്വസിക്കുക. ഇപ്പോൾ മുതൽതന്നെ അതിൽനിന്ന് ഒരുനിമിഷനേരത്തേക്കെങ്കിലും അകന്നിരിക്കയില്ലെന്ന് ഒരുറച്ച തീരുമാനം എടുക്കുക. നിങ്ങളുടെ ജീവിതത്തിലെ ശേഷിച്ച നിമിഷങ്ങളിലെല്ലാം ഈ സ്നേഹത്തിൽ നിന്നും, സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള എല്ലാ ആശ്വാസങ്ങളിൽനിന്നും അകന്നിരിക്കരുത്. നിങ്ങളുടെ കൈ ഈ പ്രയത്നത്തിന്മേൽ വയ്ക്കുക. അതു ചെയ്യേണ്ടതുപോലെ ചെയ്വാൻ നിങ്ങൾ തീരുമാനിക്കുമെങ്കിൽ അതിന്റെ ഫലം നിങ്ങൾക്ക് ലഭിക്കും. എന്റെ പ്രാർത്ഥനകൾ എത്ര ദുർബലമായിരുന്നാലും അവ ഞാൻ നിങ്ങൾക്കായി നൽകും. നിങ്ങളുടെയും നിങ്ങളുടെ സമൂഹത്തിന്റെയും നന്മയ്ക്കായി ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു.

സ്നേഹത്തോടെ താങ്കളുടെ സ്വന്തം

(തീയതിയില്ല)മൊഴിമാറ്റം–വി.ഐ

(തുടരും)








# PURPOSE OF PRAYER

Sandeep Poonen

***Question:***

Can you tell me some of your thoughts on prayer? How should I pray? What is the purpose of prayer? What should my attitude be in prayer when God already knows everything?

***Answer:***

Thank you for your question. These are wonderful questions that I have had to often ask myself in the years that I have been a Christian. Now I definitely have not come to a clear understanding of this matter, but these are some of present thoughts.

First of all, what does it mean to pray?

***TO PRAY IS TO HAVE A CONVERSATION WITH OUR HEAVENLY FATHER***

It's that simple. It's not complicated than that. Now a conversation has two basic parts: Listening and Speaking. So also, our prayer life should increasingly resemble conversations with God. These then, are a few personal applications about our conversations with God:

§ **GOD INVITES US TO TALK TO HIM**. We are not unimportant to God. Those of us who find our identity in Christ are equally beloved children of God. So we can come with boldness because of the work of Jesus

§ **LET US FORSAKE ALL OUR SINS**. Psalm 66:18 says, *If I regard iniquity in my heart, the Lord will not hear me*. God invites us to talk to Him, but He cannot coexist with sin. He cannot have a truthful and honest conversation with us if we still have regard for sin. If we still value some sin in our lives, God is unable to talk to us like He would like to. If I realize that God hates sin infinitely, then I can easily see how it is impossible for me to talk to God when I have secret sins that I do not want to let go

of.

§ **LET GOD SPEAK FIRST**. It is rude and arrogant to talk to dominate a conversation with somebody more powerful. We would never do that in the earthly realm. So also, let us be sure to listen to God first of all. More on that in point 3 below.

With this as an overall framework, I find that Jesus gives us some great thoughts about prayer in Matthew 6 that can help guide us.

***1. PRAYER IS PRIMARILY A PRIVATE ACT (Matthew 6:5-6)***

*Matthew 6:6 - But you, when you pray, go into your inner room, close your door and pray to your Father who is in secret, and your Father who sees what is done in secret will reward you.*

There are needs and occasions to pray in public. From the New Testament, we see that Jesus talked to His Father in public, and so did the apostles. So prayer meetings can be useful if we pray meaningful and sincere prayers. But from this verse, I infer that the vast majority of our prayers must be prayed in secret. If prayer is the conversation of our heart to God, then we can see that this is best done in secret.

*Personal Application*: Do you pray more in private to God than you pray in public? Remember, you don't have to kneel down or close your eyes to pray. Prayer is a conversation of your heart to God. So that can be done even on a noisy bus ride or while cooking in the kitchen

***2. LONG PRAYERS ARE NOT MORE VALUABLE THAN SHORT PRAYERS.***

***PURPOSEFUL PRAYERS IS WHAT MATTERS (Matthew 6:7-8)***

*Matthew 6:7-8 - And when you are praying, do not use meaningless repetition as the Gentiles do, for they suppose that they will be heard for their many words. So do not be like them; for your Father knows what you need before you ask Him.*

The logic that Jesus uses here is quite compelling. Nonetheless, I know how easy it is to get sucked into thinking that God is pleased with me because I spent 30 minutes in dedicated prayer instead of 15 minutes in dedicated prayer

*Personal Application*: We must fight the idea that spending long periods of time telling God about all our needs is pleasing to Him. God knows what we need. Instead, let us pray with purpose. So what does that look like? The Lord's prayer gives us the answer.





***3. THE PRIMARY PURPOSE OF PRAYER IS TO ALIGN MYSELF MORE TO GOD (Matthew 6:9-10)***

*Our Father who is in heaven, Hallowed be Your name. Your kingdom come. Your will be done on earth as it is in heaven.*

The primary purpose of prayer is not to get what I want from God.

The primary purpose of prayer is not to appease God

The primary purpose of prayer is that I become more like Him in my thinking, in my priorities, and in my passions.

This is also what I think of as the LISTENING component to our prayers. As I wrote earlier, we must first listen when we come to God. Now to be clear, God has never once spoken to me in an audible voice. So when I say I listen, it is a posture of my heart as God searches my heart and informs me about Himself. So I lay my burdens, my requests, and my petitions aside for a while, and focus instead on a few things about God.

§ I think about the reputation (name) of God. How is God's reputation being upheld in my life? How is God's reputation being upheld through my interactions with my wife, my children, my co-workers, my fellow brothers and sisters in the church?

§ I think about the kingdom that God is trying to establish. Am I interested in God's kingdom more than my kingdom? Am I obsessed with my career to the point where God's kingdom is maintained by my giving money every month, and attending church on Sundays and Bible study on Wednesdays? If so, I need to pay attention to God that His kingdom is what matters. So I listen to God inform my heart that I need to lower the priority I have put on my agendas and causes of this earth, and elevate my longing for the agenda of God

§ Finally, even as I prepare to talk to God about my needs and my requests, I pay attention to my competing will that is the root of sin. As I desire to please God, I MUST sacrifice my will for His will. So even as I petition God for various things, I long most that GOD'S will be done - even when it comes at the expense of my own will.

***4. PRAYER CAN CHANGE EVENTS AND CIRCUMSTANCES (Matthew 6:11-13a)***

*Give us this day our daily bread. And forgive us our debts, as we also have forgiven our debtors. And do not lead us into temptation, but deliver*

*us from evil.*

God is an active God who is intimately interested in our daily affairs. We must not go overboard in our belief of a Sovereign God, to think that we live fatalistic lives.

Jesus tells me that I should ask God for the food I have to eat every day. This is clearly not a meaningless statement, as Jesus just warned against meaningless prayers. So asking God to provide our food is meaningful only if God does have a hand in this.

Similarly, we ask for forgiveness from a God who forgives, even as we embody this same attitude towards others. We also ask God to take charge and affect what temptations we do face, and for deliverance from the evil things we might encounter in this world.

***5. EVEN IF GOD DOES NOT DO IT MY WAY, I CAN REST KNOWING THAT HE WILL ORDER THINGS IN THE BEST POSSIBLE WAY - I.E., GOD'S WAY (Matthew 6:13b)***

*For Yours is the kingdom and the power and the glory forever. Amen.*

I fully believe in a God who can change events and circumstances. But when I pray according to what I believe to be God's will, but I find that my prayers are not being answered, I am not disturbed because the kingdom and the power and the glory is God's, not mine. It's His world, not mine. It's His plan, not mine. It's His agenda that matters anyways, not mine.

So I rest in this. I trust that the best possible outcome will be achieved. **God's way IS the best possible outcome**. This is rest and peace that is also communicated in Romans 8:28.

So I hope this gives us all a bit more clarity on what it means to pray to God. But clarity is not so that we can delight in an enlightened mind. There is no spiritual virtue in an enlightened mind. **It is the enlightened life that counts**. So let us prove that we are gripped with the truth about prayer by actually now talking to God with a renewed and purposeful heart.

(please mail your genuine doubts to: **sandeep@poonen.org**)

# ജീവമൊഴികൾ

വാല്യം 9 മെയ് 2011



എഡിറ്റോറിയൽ ബോർഡ്

മാനേജർ

| വാർഷിക വരിസംഖ്യ | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി. അയയ്ക്കേണ്ട വിലാസം:

**ജീവമൊഴികൾ**

കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള - 686 016,
ഫോൺ: 0481 - 2392753,
9495234087, 9249516234

വിദേശപ്രതിനിധികൾ

U.S.A - Binoy James
Phone 512990-2806(R) 512826-5028(O)
Email: benoyjames@hotmail.com
DUBAI - Shabu Kuruvilla
Phone: 050-7970839
E-mail: skuruvi@gmail.com


മൊഴിമുത്ത്

## ആന്തരികമായ നടപ്പ്



ഊഷ്മളതയുള്ള സ്നേഹത്തിലും വൈരാഗ്യമുള്ള പ്രാർത്ഥനയിലും ആനന്ദം കണ്ടെത്തുന്നവരുണ്ട്. ഇവ്വിധ പ്രവൃത്തികളിലൂടെ മഹത്വം അന്വേഷിക്കുകയും ദൈവത്തിന്റെ സാമീപ്യം അനുഭവിക്കാൻ ബദ്ധപ്പെടുകയും ചെയ്യുന്നവരുമാണവർ.

എന്നാൽ നിങ്ങളുടെ സുപ്രധാനമായ ആവശ്യം നിർമലമായ ആത്മാവാണെന്നു ഗ്രഹിക്കണം. നമ്മുടെ സ്വന്തഭാവത്തോടല്ലാ കർത്താവിന്റെ ദിവ്യസ്വഭാവത്തോടു നാം കൂടുതൽ അനുരൂപരാകണമെങ്കിൽ ഒരു ആന്തരികമായ നടപ്പ് നാം ഇഷ്ടപ്പെട്ടേ മതിയാകൂ. ഈ ആന്തരിക നടപ്പിൽ നിങ്ങളുടെ ജീവിതത്തിന്റെ മാർഗ്ഗദർശിയായി കർത്താവിനെ കാണുകയും ഉണർവിന്റെ സ്ഥലത്തും അന്ധകാരം നിറഞ്ഞ ഇടങ്ങളിലും അവൻ നിങ്ങളുടെ വെളിച്ചമായിരിക്കാൻ അനുവദിക്കുകയും വേണം.

മൈക്കൽ മോളിനോസ്

## വിചാരപ്പെടരുത്




ആകാശത്തിലെ പറവകളെ നോക്കുവിൻ...സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് അവയെ പുലർത്തുന്നു. അവയെക്കാൾ നിങ്ങൾ ഏറ്റവും വിശേഷതയുള്ളവരല്ലയോ? (മത്താ.6:26)

## "He walks with me and talks with me......."

One Easter morning a lady sang a beautiful song.

"He lives, He lives
Christ Jesus lives today
And He walks with me and talks with me
along life's narrow way......."

Everybody appreciated the beautiful way in which she sang. After the service another lady came to her and asked" Sister what did He tell you?"

"What" said the singer, looking puzzled.

"What did He tell you the last time He talked to you?" the lady persisted.

"What on earth are you talking about?"

"The last time you walked with Him what did you talk about?"

"Who?" asked the singer

"Jesus. The last time you talked to Him and He talked to you, what did you talk about?"

"What talking ?. You are crazy!. Jesus didn't talk to me. Be careful Sister. If you think that Jesus talks with you, be careful. It could be your flesh, or it could be Satan. People can be misled. We should just read the Bible and follow that"

"But listen, you said 'and he walks with me and talks with me............"

"Oh, but that is just a song. He doesn't really talk to me."

"Then why did you sing it?"

"Well, because it is in the hymn book".

Are you singing the songs only because it is in the hymn book?



*Just a minute*

'ഞാൻ നിന്നോടു കൂടെയിരിക്കും; ഞാൻ നിന്നെ കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല'
(യോശുവ 1:5)

*Pheba Cleetus*